# ശ്രീധരവചനാമൃതം

## ഒന്നാം ഭാഗം

പ്രസാധകർ:

**സാധു ഗോപാലസമാജം**

കായംകുളം

Malayalam

ശ്രീധരവചനാമൃതം

ഒന്നാം ഭാഗം

Published by:

Sadhu Gopala Samajam

Krishnapuram, Kayamkulam.

Printed at

Sindhu Printers,

Puthiyidom, Kayamkulam.

Copy Right reserved

1984 ജൂലൈ 1

1159 മിഥുനം 17



സാധു ചൂളർ ശ്രീധരൻനായർ

ഓം.

ഇതിലെ ആദ്യഭാഗം ശ്രീധരപരിദേവനമെന്ന പാടലിന്റെ ആദ്യഭാഗമാണ്. ഇതു് ശ്രീധരൻനായർ സ്വാമി തന്റെ ആത്മാവിനോടുപറഞ്ഞ്, തന്റെ സഹോദരങ്ങൾക്ക് ദഹിക്കമാറു് വേദാന്തത്തെ പറഞ്ഞതാണ്.

ബാക്കി ഭാഗങ്ങൾ ചില സൽസംഗസമിതികളിൽ അദ്ദേഹം പറഞ്ഞതിനെ കാസെററിലെടുത്തു പകർത്തിയതാണ്. ഇതിൽ പല വേദാന്തഗ്രന്ഥങ്ങളിലെ ഉദ്ധരണികൾ അദ്ദേഹം പറഞ്ഞതു് ചേർത്തിട്ടുണ്ട്.

വേദാന്തത്തിലെ ജ്ഞാന, യോഗാദിമാർഗ്ഗങ്ങൾ ഇത്ര ലളിതമായി പ്രതിപാദിച്ചുകാണുക വിരളമാണ്. ആയതിനാൽ ഇതേവർക്കും തൃപ്തിയേകുമെന്നു് കരുതി പ്രസിദ്ധം ചെയ്യുന്നു,

എന്നു്, പ്രസാധകർ ശ്രീ സാധു ഗോപാലസമാജം.

ഓം തത് സത്.

ഓം

# ശ്രീധര പരിദേവനം

ശ്രീഗുരോ! ശ്രീഗുരോ!
ശ്രീഗുരോ! ശ്രീഗുരോ!
ശ്രീഗുരോ! നീയല്ലാതാരെനിക്ക്

ഞാനായിരിപ്പതും
നീയായികാൺമതും
ഞാനാകുമാത്മാവാം
ഏകൻ താനെന്നതും
ദൃഢമായിട്ടാരാ-
ണുറപ്പിച്ചതന്നത്
ആയതാണെൻഗുരു
ബോധാമൃതപയസ്

ദൈവമേ! ദൈവമേ!
ദൈവമേ! ദൈവമേ!
ദൈവമേ! നീയല്ലാതാരെനിക്ക്
ബോധസ്വരൂപാനീ
ബോധാമൃതമായ
ഞാനായിട്ടല്ലാതെ
ആരുകണ്ടു.

ഈശ്വരാ! ഈശ്വരാ!
ഈശ്വരാ! ഈശ്വരാ!
ഈശ്വരാ! നീയല്ലാതാരെനിക്ക്

സന്തോഷ ദുഃഖങ്ങൾ
ആർദ്രമായ്തീർന്നിട്ടു
ഞാനന്ദമാത്രമാം
ഞാനായിട്ടല്ലാതെ
ആരുകണ്ടു.

ബ്രഹ്മമേ! ബ്രഹ്മമേ!
ബ്രഹ്മമേ! ബ്രഹ്മമേ!
ബ്രഹ്മമേ! നീയല്ലാതാരെനിക്ക്

ആനന്ദബാഷ്പം നി-
റവുറ്റൊഴുക്കിയും
ദേഹത്തെവിട്ടങ്ങു
ഭൂമാവായ്നിൽക്കയും
ദേഹിബോധംപോക്കി
സാക്ഷിയായ്നിൽക്കാനും
സാക്ഷിയും വിട്ടങ്ങു
ചിത്തായിരുപ്പാനും
ബോധസ്വരൂപമാം
ബ്രഹ്മത്തിനല്ലാതെ
പ്രതിബിംബശക്തി
കാംക്കാർക്കുപറ്റും

അഴിഞ്ഞഴിഞ്ഞങ്ങ്
അളവററഴിഞ്ഞീടും
ബോധമായല്ലാതെ
യാരുകാണും.
ഉറഞ്ഞുറഞ്ഞങ്ങ്
ഉള്ളായുറഞ്ഞീടും
ആത്മാവേയല്ലാതെ
യാരുകാണും.

ബന്ധമോ മോക്ഷമോ
നിന്നെ ബാധിക്കുമോ
എൻഗുരുവാക്യ
മലതല്ലുമ്പോൾ

പേരിമ്പസാഗരം
പൊങ്ങി മലർക്കുമ്പോൾ
ബന്ധമോക്ഷകപ്പ
ലെങ്ങുകാണും

സങ്കൽപിക്കാതിരുന്നാൽ
സംസാരമില്ലെന്നാകും
സങ്കൽപ്പിക്കാതിരുന്നാൽ
സംസാരമില്ലെന്നാകും
സംസാരമില്ലെന്നാകും
സംസാരമില്ലെന്നാകും

ഓം.

ദേഹരൂപങ്ങളെ
നീ വെടിഞ്ഞീടുമ്പോഠം
മാനുഷരൂപികഠം
നിന്നേംവെടിഞ്ഞുപോം

ആത്മാവുതന്നയായ്
നിൽക്കുകയല്ലാതെ
മററൊരുമാർഗ്ഗവു
മോർത്തീടൊല്ലേ

ആനന്ദബാഷ്പവും
തൂക 'നീ മെല്ലവേ
ഭാരതമൊട്ടുക്കു
സഞ്ചരിക്കൂ

അല്ലേലൊക്കന്നിട
ത്തെല്ലാം സഞ്ചരിക്കു
ജീവനായ് നിന്നാലു
മല്ലെന്നു വന്നാലും
ഏകകാനന്ദമ
മ്മാതാവിന്നു്
മററൊരുമാതാവു
മേൽക്കാത്ത സങ്കട
മേററു സഹിക്കുമ
മ്മാതാവിന്നു്

നിൻമനോ നൈമ്മല്ല്യാ
ലെങ്കിലുമെൻ കുഞ്ഞേ
തെല്ലൊരാശ്വാസം
പകർന്നു കൊടുക്ക നീ

നിൻ പിഞ്ചു കുഞ്ഞു
ങ്ങൾക്കൊന്നത്രേ
ശേഷിപ്പൂ
നിർമ്മലഹൃത്തല്ലാ
തെന്തുമററ്

നിർമ്മല ഹൃത്തല്ലാതെന്തുമററ്
നിർമ്മല ഹൃത്തല്ലാതെന്തുമററ്
നിർമ്മല ഹൃത്തല്ലാതെന്തുമററ്

ഓം.

അണുവായണുവായ്
അണുവിനുമണുവായ്
സൂക്ഷ്മത്തിൻ സൂക്ഷ്മമായ്
അഖണ്ഡരസമായി
ആനന്ദമാത്രമായി
അറിയുമറിവായി
ഞാനായഞാനായി
തുന്നുകൊള്ളുന്നഞാൻ
ഈശ്വര നിൻചേഷ്ട
അത്ഭുതാലത്ഭുതം.

ആദിക്കുമാദിയിൽ
ശ്രീധരനണ്ടപോൽ
ബിംബത്തെവിട്ടെങ്ങു
ശ്രീധരൻ പോകേണ്ട

ബിംബമാണീ ഇവൻ
പ്രതിബിംബമല്ലിതു്
സൂര്യനെ നോക്കി നീ
ധ്യാനിക്ക വേണ്ടെടോ
സൂ ര്യനായിട്ടങ്ങു
ധ്യാനമുറപ്പിക്ക

ബ്രഹ്മത്തെ ഉന്നീനീ
ധ്യാനിക്കവേണ്ടെടോ
ബ്രഹ്മമായിട്ടങ്ങു
ധ്യാനമുറപ്പിക്ക

ലയിപ്പിച്ചീടുവാൻ
ഒന്നുമേയില്ലെടോ
മാററിമറിക്കാനും
മററൊന്നുമില്ലെടോ

ബ്രഹ്മമല്ലാതൊന്നു
മാദിയിലില്ലെടോ
ബ്രഹ്മത്തെ വിട്ടൊന്നും
വേറായിട്ടില്ലെടോ
ദേശവു കാലവും
ബ്രഹ്മത്തിനില്ലെടോ
ആദിയുമന്തവും
ബ്രഹ്മത്തിനില്ലെടോ

ഭൂതകാലമത്ര
പൊയ്പോയതില്ലിപ്പോഠം
ഭാവികാലമൊട്ട
വന്നതുമില്ലെടോ
വർത്തമാനത്തിനെ
ഇല്ലാത്ത ഭൂതവും
ഭാവിയും തിന്നുപോയ്
കാലമേ നിൻജലം
കാനലിലാണെടോ
ജാഗരകാലമേ
ലോകർക്കസമ്മതം
സ്വപ്നമോനിന്നിപ്പൊ
ജാഗരകാലത്തെ
ജാഗരത്തിങ്കലേ
നൂറു നൂറു വർഷം
അൽപനേരംകൊണ്ടു
കാട്ടുന്നതില്ലയോ
ജാഗരസ്വപ്നത്തി
ലേൽക്കുന്ന ദുഃഖങ്ങഠം
എപ്പോഴും പോക്കമേ
പാരം സുഷുപ്തികേഠം
കാലവുമില്ലതിൽ
ദു:ഖവുമില്ലല്ലോ
പാരംസുഖദതാൻ
സൗഷുപ്തമണ്ഡലം
കാലത്തെ പോക്കിനീ
ദേശത്തെ നോക്കുകിൽ

ദേശവുമില്ലതിൽ
കാലം പോൽശൂന്യംതാൻ
സുഷുപ്തികാലമതിൽ
ദേശമിങ്ങെങ്ങെടോ
മിഥ്യയെന്നുള്ളപേ
രന്വർത്ഥമാണെടോ
ഉള്ളിന്നുമുള്ളിലായ്
ആത്മാണവുണ്ടുപോൽ
ആയതിന്നുള്ളംപു-
റവുമില്ലെങ്ങുമേ
ഈശ്വരാ നിൻചേഷ്ട
അത്ഭുതാലത്ഭുതം

ഓം.

ശ്രീ ഗുരുവേ നമഃ

# സാധു ശ്രീധരൻനായർ

## ചില സൽസംഗമവേളയിൽ നടത്തിയ ഭാഷിതങ്ങൾ.

---

ചോദ്യം: ശ്രുതിയെന്നു പറയുന്നതു് വേദത്തിനെയല്ലെ?

ഉ: അതെ ശ്രുതിയെന്നുപറയുന്നതു വേദത്തിനെയാണു്. മുമ്പു് ഇതു് പറഞ്ഞുകൊടുത്തും, ചെല്ലിക്കൊടുത്തും പരമ്പരയായിട്ടു വന്നിട്ടുള്ളതാണു്. ആദ്യത്തെ ഗ്രന്ഥം എന്നുള്ള ഒരു നില ഇതിനുണ്ടു്.

ചോ: ശ്രവിച്ചിട്ടുള്ളതു് ശ്രുതി എന്നും പറയാറുണ്ടല്ലോ.

ഉ: അങ്ങനെയൊക്കെ വെർബലായിട്ടു് പറയാറുണ്ടു് എന്നല്ലേ ഉള്ളു. സാധാരണയായി വേദത്തിനാണു് ആ വാക്കു കൊടുത്തിട്ടുള്ളതു്. ഇതു് ഉപനിഷത്തുകൾ ഉൾപ്പെടെയുള്ളതാണു്. ഉപനിക്ഷത്തുകളിൽ പലതും വേദത്തിനകത്തുതന്നെയുണ്ടു്. എല്ലാം വേണ്ടതാണു്. എന്നാൽ എല്ലാം ഉണ്ടോ എന്നിനിക്കു സംശയമുണ്ടു്, ഏതായാലും ഈ വേദത്തിനെയും ഉപനിഷത്തിനെയും സംബന്ധിച്ച

ഒന്നാം സ്ഥാനം കൊടുത്തിരിക്കയാണ്. അതു കഴിഞ്ഞേയുള്ള യുക്തിയെ സംബന്ധിച്ചുമൊക്കെ. യുക്തിയെ സംബന്ധിച്ചു പറഞ്ഞാൽ ചെയ്യേണ്ടതു്, അനുഭവം ഉണ്ടാകണമെങ്കിൽ യുക്തി സമ്മതിക്കണം അവനവൻെറ സ്വന്തം ബുദ്ധിയിൽ ബോധ്യപ്പെടുന്നതിനാണു് യുക്തിയെന്നു പറയുന്നതു് അതായതു ശ്രുതി നമുക്കുകിട്ടി. അതു് ശാസ്ത്രഭാഗം. അതു നമുക്കു ബോധ്യപ്പെടുന്നതു് യുക്തികൊണ്ടാണു്. അങ്ങനെ യുക്തികൊണ്ടു് ബോധ്യപ്പെടുന്നില്ലെങ്കിൽ തീർച്ചയായും അതു് അനുഭവം തരുകയില്ല—അതിനെ സംബന്ധിച്ചു്—സർവ്വസംശയവും തീർന്നെങ്കിലേ അനുഭവം തരുകയുള്ളു. അതുകൊണ്ടു് ഇതു രണ്ടും ഉണ്ടായെ ഒക്കൂ. അതുകൊണ്ടാണു് ഈ ചാർവാകനും മററുമൊക്കെ ഈ വേദത്തെയല്ല—ഞാൻ അതിനെക്കുറിച്ചു് ഒരു കുറിപ്പു കുറിച്ചുവച്ചിട്ടുണ്ടു്— അവരു് അന്യഥാതെററിദ്ധാരണകൊണ്ടുണ്ടായിരിക്കുന്ന തെററുകൾ ധാരാളം ഉണ്ടായപ്പോൾ ആ തെററിനെയെല്ലാം യുക്തികൊണ്ടു് അടിച്ചുടച്ചു കളയുകയാണു്. ആ കൂട്ടത്തിൽ അവ്യക്തതകൊണ്ടോ മറേറാ, ചിലപ്പോൾ ശാസ്ത്രഭാഗത്തെയും അവർ ഖണ്ഡിച്ചു കാണുമായിരിക്കും. എന്നാലും ശാസ്ത്രഭാഗത്തിനു നില നിൽക്കാൻ അതിനു കരുത്തുണ്ടു്. മറേറതു അങ്ങു് പോകയും ചെയ്യും. അത്രയെയുള്ളു. യുക്തിവാദവും ഒന്നും ഒരിക്കലും വേണ്ടാത്തതല്ല. എപ്പോഴായാലും അതു പൊന്തി വരികയും ചെയ്യും. അവനവനു യുക്തിയില്ലാതെ ഒന്നും തന്നെ നേടാനുമൊക്കുകയില്ല.

ചോ: സാക്ഷാത്ക്കാര വേളകളിൽ ഓരോ സിദ്ധി വിശേഷങ്ങളും മററു വൈഭവങ്ങളുമൊക്കെ ഉണ്ടായി മാർഗ്ഗഭ്രംശങ്ങളും മററും സംഭവിക്കാതെ അവിടം അതിജീവിക്കവാനാണോ ഈ ബുദ്ധിയും യുക്തിയുമൊക്കെവേണമെന്നു പറയുന്നതു്?

ഉ: അല്ല. അതായതു് നമ്മൾ സാക്ഷാത്ക്കാരത്തിനു ശ്രമിക്കുമ്പോൾ നമുക്കുണ്ടാകുന്ന അനുഭവങ്ങൾക്കു് ലക്ഷ്യങ്ങൾ എന്നാ

ണ പറയുന്നതു്. അതു് നമ്മരം മൂന്നറുന്ന എന്നുള്ളതിനുള്ള തെളിവാണു്. ബ്രഹ്മവിദ്യ എന്ന പറയുന്നതു് ആത്മാന്വേഷണമാണു്. ഒരാരം വളരെഅധികം ശ്രമം ചെയ്തു ആത്മാവിനെ സംബന്ധിച്ചാണങ്കിൽ അതിനു രൂപമില്ല, നാമമില്ല ഇങ്ങനെ അങ്ങോട്ടു് ഓരോന്നെടുത്താൽ ഇല്ല, ഇല്ല എന്ന പറയുന്നതെയുള്ള ഇന്നതു് ഉണ്ടു് എന്ന പറയാനൊക്കുമോ. എന്നാൽ മൂന്ന ഗുണങ്ങളുണ്ടു്. എന്നാലും അതിനു ലക്ഷണം എന്നെ പറയ ഇന്ന രീതിയിൽ ഇരിക്കുന്ന—സത്തായതു് സത്യം—എന്നും ഉള്ളതാണു് ഈ ആത്മവു് എന്നുപറഞ്ഞാൽ ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. അങ്ങനെയുള്ള ആസത്തു് എന്നുള്ള ശക്തിവിശേഷം അല്ലെങ്കിൽ അവസ്ഥ അതിനുണ്ടു്. അടുത്തതു് ചിത്തു്—ബോധം എന്നുള്ള അവസ്ഥ അതായതു് ബോധസ്വരൂപമാണു്. അതും അതിന്റെ ലക്ഷണമാണു്. അല്ലാതെ അതു് എന്നുപറയാൻ ഒക്കത്തില്ല. അതുപോലെ ആനന്ദം—അതായതു് ആത്മാവു് എന്നുള്ള നില വന്നാൽ ആനന്ദം അല്ലാതെ വേറെയൊന്നുമില്ല. ഇതു മൂന്നും അതിന്റെ ലക്ഷണമാണു്. ആത്മാവിനെ ഒരുത്തൻ പ്രാപിച്ചിട്ടുണ്ടെങ്കിൽ അവനു നാശം ഉണ്ടെന്നുള്ള ബോധം അവനില്ല. അതായതു് അവൻ നശിക്കുകയില്ല എന്നു് അവനറിയാം ബോധക്കേടു് അവനു വരികയുമില്ല. ആനന്ദം അവന്റെ സ്വഭാവവുമാണു്. അങ്ങനെ ആ നിലയിലിരിക്കുന്ന അവൻ ആത്മവാനാണെന്നു പറയാം

പക്ഷെ ഇതിനുമുമ്പു് പല അനുഭവങ്ങളും അയാരംക്കു വരും. കാരണം അത്രയും വരെ നമ്മളെകൊണ്ടാക്കുന്നതിനു മുമ്പു് ചില പ്രത്യേകതരനുഭവങ്ങരം അയാരംക്കുണ്ടായില്ലെങ്കിൽ അയാരം വിചാരിക്കും ജീവിതം ഇപ്പോരം പത്തു പന്ത്രണ്ടു കൊല്ലമായി ഇനിയും കുറച്ചു കൊല്ലം കൂടി കഴിയുമ്പോരം ഇതങ്ങതീരും. അവിടെയൊന്നുമൊട്ടുകിട്ടത്തുമില്ല—എന്നുള്ള ഒരു തോന്നൽ വരാതിരിക്കുവാൻ വേണ്ടി തീവ്രജിജ്ഞാ

സൂക്കാം എന്നല്ല കുറച്ചെങ്കിലും തീവ്രതയുള്ള ആളുകൾ ക്ക് സൂചനകാം കൊടുക്കും. എന്തെങ്കിലുമൊന്നു സൂചി പ്പിച്ചിട്ട് നീ തിരിയരുത്, മുന്നോട്ടുതന്നെ പോകൂ എന്നു ള്ള പ്രേരണ കൊടുക്കും. കടലിൽ നീന്തുന്ന ഒരാൾക്ക്— ഒരാൾ അറേബ്യൻ കടലിൽ നീന്തുകയാണ്—കുറേയങ്ങോ ട്ടുചെന്നാൽ അപ്പുറത്തോട്ട് നോക്കിയാലും കരയില്ല. ഇ പ്പുറത്തോട്ടുനോക്കിയാലും കരയില്ല. മുന്നോട്ടോ പുറകോ ട്ടോ വെളിയിലോട്ടോ എങ്ങോട്ടു നോക്കിയാലും ഒന്നും കാ ണാനില്ല. നീന്തുതന്നെ മിച്ചം. അങ്ങനെ നീന്തുതന്നെ മിച്ചമായിരിക്കുമ്പോൾ കുടിച്ചു ചത്താലും വേണ്ടില്ല — ചത്താൽ അന്നേരമങ്ങു തീരുമല്ലോ, — കഷ്ടപ്പെടാതെ ഈ നീന്തെങ്കിലുമങ്ങു തീരുമല്ലോ എന്നു തോന്നും. അങ്ങനെ തോന്നാതിരിക്കാൻ സൂചനകാംകൊടുക്കും. അതു് സുവ്യ ക്തമായി നമ്മുടെ ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതു് കുഞ്ഞുങ്ങൾക്കുപോലും സാധ്യമായിട്ടുള്ളതാണെന്നു ദൃശ്യസമാധി പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു്. അതു് ഇന്ന ഇന്ന തരത്തിൽ കാണും— അതായതു് ഭ്രൂമധ്യത്തിൽ പ്രകാശം — ഫയർ ഫ്ളൈസസ് എന്നു പറയും— അതാ യതു് നോക്കുന്നിടത്തെല്ലാം കുരുകുരായെന്നു്, — അതുപോ ലെ സുന്ദരമായ — ജീവികളുടെ രീതിയിൽ തൊട്ടു തൊട്ടു പറക്കുന്നതായിട്ടു്, മുഴുവൻ പ്രപഞ്ചവും നമ്മൾ നോക്കു ന്നിടത്തെല്ലാം ആ രീതിയിൽ കാണും. ഈ പ്രകാശം വെളിയിൽ പരക്കുകയല്ല. അതു് നിങ്ങൾ നല്ലതിൻവ ണ്ണം മനസിലാക്കണം. തന്റെ അന്തരിന്ദ്രിയങ്ങളിൽ പ്രകാശംനിറഞ്ഞിട്ടു് അതു നമ്മുടെ കണ്ണിന്റെപുറത്തെ ‘സെൽസു്’ വഴി വെളിയിലോട്ടു പ്രകാശിക്കുന്നതാണു്. അപ്പോൾ അവന്റെ സെൽസിനും അവന്റെ ഉള്ളിലുള്ള പ്രകാശത്തിനും എത്രമാത്രം ഡവലപ്പ്മെന്റു് വന്നു എ ന്നുള്ളതാലോചിച്ചുകൊള്ളണം. അതുപോലെ അതുകഴി ഞ്ഞു്—അതുകഴിഞ്ഞല്ല ഇതെല്ലാം ‘ചറപറാ’ യെന്നുവരാ

വുന്നതേയുള്ളൂ—മഴവില്ലിന്റെയും ഒക്കെ ആകൃതിയിൽ ഓരോന്നുവരും. ആ അവസരത്തിൽ ഭിത്തിയിലോട്ടും മററും നോക്കിയാൽ, — അവിടെ എന്താ ഇങ്ങനെ വട്ടത്തിൽ ചുവപ്പടിച്ചിരിക്കുന്നതു് എന്നൊക്കെ ചോദിച്ചുപോകും. അത്ര റിയലായിട്ടു് നമുക്കുകാണാം. അവിടെ നമ്മുടെ ഉള്ളിലെ പ്രകാശം ടോർച്ചു് ലൈററു് അടിക്കുന്നതുപോലെ നീലയോ, ചുവപ്പോ, പച്ചയോ ഒക്കെയായിക്കാണാം. ഇതു ദൃശ്യസമാധിയുടെ ലക്ഷണങ്ങളാണു്. ദൃശ്യത്തെ സംബന്ധിച്ചു് അതായതു് കാഴ്ചയെ സംബന്ധിച്ചു് ഏതോ അവിടെ ഉണ്ടായി. എന്നിട്ടു് നമ്മുടെ പ്രകാശംഉണർന്നു എന്നുള്ളതാണു് വരുന്നതു്. എന്നാൽ അതുകൊണ്ടായില്ല. ഇതു കുഞ്ഞുങ്ങൾക്കുപോലും ഉണ്ടാകുന്നതാണു്, കാരണം കോൺസൻട്രേഷൻ എന്നുപറയുന്നതു് അത്രവലിയ പ്രയാസമൊന്നുമുള്ളതല്ല. എല്ലാവർക്കും ഉണ്ടാകാവുന്നതേയുള്ളൂ. അതിനു തടസമൊന്നും പറയുന്നില്ല. പിന്നീടാണു് ശബ്ദത്തിലേക്കു പ്രവേശിക്കുന്നതു്.

ഇങ്ങനെയുള്ള ഏകീകരണം ഉണ്ടാകുന്ന അവസരത്തിൽ ഒരു സയലൻസു് ഉണ്ടാകും. ആ സയലൻസിനകത്തു്—അതു് പ്രത്യേകിച്ചു് ഏകീകരിച്ചിരിയ്ക്കുമ്പോൾ മാത്രമേയുള്ളൂ—അങ്ങനെയുള്ളതായ ആ പ്രത്യേകഏകീകരണത്തിൽ ഇരിക്കുന്ന അവസരത്തിൽ—നമ്മുടെയുള്ളിൽ അതായതു ശിരസിനുള്ളിൽ — രണ്ടുകാതിലും കേൾക്കും—പക്ഷേ വലത്തുകാതിലേതിനാണു് പ്രാമാണ്യം കല്പിച്ചിരിക്കുന്നതു്—സുന്ദരമായ ശബ്ദങ്ങൾ കേൾക്കാൻതുടങ്ങും. മണിനാദങ്ങളു്, വീണാനാദം, പിന്നെ മൃദംഗം ശംഖനാദം ഇങ്ങനെയുള്ള വളരെ അധികം നാദങ്ങൾ കേൾക്കും. അങ്ങനെ നാദങ്ങൾ കേട്ടാലും അതുകൊണ്ടും നിന്നാൽ ഒക്കുകയില്ല ആ ശബ്ദത്തിനകത്തു്—അതായതു് ഒരുശബ്ദംകേൾക്കുമ്പോൾഅതിന്റെകൂടെത്തന്നെ—

വളരെ സൂക്ഷ്മമായ വേറെ ചില ശബ്ദങ്ങളും കേൾക്കും —ഇതു് നിങ്ങളൊക്കെ താങ്ങോട്ടു വരുമെന്നു വിചാരിച്ചു പറയുകയാണു്. അല്ലെങ്കിൽ ഇതുപറയേണ്ട ആവശ്യമുള്ളതല്ല. —അങ്ങനെയുള്ളതായ സൂക്ഷ്മമായ ശബ്ദത്തിൽശ്രദ്ധിക്കുമ്പോൾ ആദ്യത്തെശബ്ദം അകന്നകന്നുമാറിയിട്ടു് മറെറ ശബ്ദം സൂക്ഷ്മമായി കേൾക്കും. അങ്ങനെ ശബ്ദത്തിൽനിന്നും ശബ്ദത്തിലേക്കു മാറിയിട്ടു് ഒടുവിൽ രണ്ടുമൂന്നു ശബ്ദം മാത്രം മിച്ചംവരും. അതിനു്....ഓരോ അഭ്യാസികളും ഓരോന്നിനെ പറയുന്നുണ്ടു്: അതായതു് ചിലർക്കു് സമുദ്രാന്തർഗതമായ ശബ്ദം—ഒരുത്തൻ സമുദ്രത്തിൽമുങ്ങിക്കിടന്നാൽ ഒരുമുഴക്കമുണ്ടു്—അതിനു് മേഘഗർജ്ജനം എന്നൊക്കെപ്പറയും—നമ്മുടെ പുരാണങ്ങളിൽ ചിലശബ്ദങ്ങളെപ്പററിയൊക്കെ വിവരിക്കുന്നുണ്ടു്—അതായതു് അവ്യക്തമായിട്ടാണു്—ചില സമാധിയിൽ—അതിൽപറയും— ഇന്നാരു് അവതരിച്ചപ്പോൾ — അല്ലെങ്കിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഇന്നതുപോലെ ശബ്ദം കേട്ടു —അല്ലെങ്കിൽ ഇന്നയാളിൻെറ പ്രസവംഉണ്ടായപ്പോൾ മേഘംഗർജ്ജിച്ചു—ഇങ്ങനെയൊക്കെപറയാറുണ്ടു്. അതെല്ലാം സാക്ഷാത്ക്കാരത്തിൻെറ ഓരോ അവസ്ഥകളാണു്. അല്ലാതെ മറെറാന്നുമല്ല. അതിനനുസരിച്ചു പ്രകൃതിപോലും ചലിക്കും. ഇങ്ങനെ ഓരോ കാരണവശാലും ഇതിനുള്ള അനുഭവങ്ങളാണു് ആ ശബ്ദത്തിൽ വരിക. അങ്ങനെ ശബ്ദത്തിൽ നിന്നും ശബ്ദത്തെപിടിച്ചിട്ടു് ഒടുവിൽ“ശബ്ദംഅനർത്ഥം” എന്നു തോന്നും. ഇതു് ഒരു പ്രത്യേകതരം ചിന്താഗതിയാണു്. അങ്ങനെ ശബ്ദം അനർത്ഥം എന്നു തോന്നിയിട്ടു് പിന്നെ ബ്രഹ്മ വിചാരത്തെ ശക്തിപ്പെടുത്തണം എന്നു തോന്നും. ഇപ്പോൾ ഈ ശബ്ദം ഇങ്ങനെ കേട്ടുകൊണ്ടിരുന്നാൽ എന്താണു് പ്രയോജനം —വണ്ടുമുരളുന്നതുപോലെ എന്നും ഇതു് ചെവിക്കകത്തു

കേട്ടാലെന്താവിശേഷം—എന്നതോന്നിയിട്ട് അതുലോപിച്ചിട്ട്—ഒടുവിൽ നിശബ്ദം എന്നൊരവസ്ഥ ഉണ്ടാകും. അങ്ങനെയുണ്ടാകുകയാണെങ്കിൽ അത് ഉത്തമമാണ്. പക്ഷെ അതിൻമുമ്പ് എല്ലാവരും എഴുന്നേൽക്കുകയാണ് —അതുകൊണ്ട് അതിന് ശ്രമിക്കാം.

ചോ: യാതൊരുകാരണവശാലും ഒന്നിനും ഭയപ്പെടേണ്ടതില്ല എന്നൊക്കെ തീരുമാനിച്ചുറച്ചാലും എന്തെങ്കിലും നിസ്സാരപ്രശ്നംപോലും അഭിമുഖീകരിക്കേണ്ടിവരുമ്പോൾ വളരെ വൈബ്രേഷൻ വരുന്നു. അപ്പോൾ പോലും ഈ ഭയം തെറ്റാണ് എന്നതോന്നലുണ്ട്. എന്നാലും ഭയംഉണ്ടാകുന്നു. അതെന്തുകൊണ്ടാണ്?

ഉ: അതായത് ശ്രീരാമന്, വിവേകാനന്ദന്—അതായത് ഇങ്ങോട്ടിങ്ങോട്ടുള്ള ആളുകളെപ്പറ്റി പറഞ്ഞതാണ്— ശ്രീരാമന്റെ കാലംതൊട്ട് ഈ സാക്ഷാത്ക്കാരത്തിന്റെ പൂർണ്ണമായഅവസ്ഥ പ്രാപിക്കുവാൻ ഇടവന്നപ്പോഴെല്ലാം ഭയപ്പാടുണ്ടായിട്ടുണ്ട്. ശ്രീരാമനു പരമശിവൻ പ്രത്യക്ഷപ്പെടുന്ന ഒരു രംഗമുണ്ട്. ആ അവസരത്തിൽ നഭസിൽ, അതായത് ആകാശത്തിൽ ഭയങ്കര ശബ്ദം ഉണ്ടായി എന്നാണ്. ആ ശബ്ദത്തിന്റെ ഭീകരതകൊണ്ട് അങ്ങോട്ടു നോക്കിയപ്പോൾ എന്തെന്നില്ലാത്ത ഒരു പ്രകാശം ആകാശത്തിൽ തിളങ്ങുകയാണ്. ഇത് ഏതോ ഭൂതമോ—അല്ലെങ്കിൽ ആരോതന്നെ ഉപദ്രവിക്കുവാൻ വരുന്നതായിരിക്കും—എന്നു വിചാരിച്ച് അസ്ത്രപ്രയോഗത്തിൽ അത്യന്തം നിപുണനാണല്ലോ ശ്രീരാമൻ —അപ്പോൾ— അസ്ത്രപ്രയോഗമല്ലാതെ ജയിക്കുന്നതിന് വേറെ എന്താമാർഗ്ഗം. ആ പ്രഭയിൽ ഇതെല്ലാം നശിച്ച് നിഷ്പ്രഭമായി വീഴുകയാണ്. ഇങ്ങനെയുള്ള അവസ്ഥകണ്ട് ഒടുവിൽ

നിരാശയായിട്ടുഷ്ക്കു തളർന്നു വീണു. അങ്ങനെ ശ്രീ രാമനു് പററിയിട്ടുണ്ടു്. കാരണമെന്താണെന്നു വച്ചാൽ ഒരാത്മാവും താനെന്ന 'ഇൻഡിവിഡുവാലിററി' യോടുകൂടി — 'ഞാൻ, – ഞാൻ' എന്ന ആ ഭാഗം വിടാതെ—ഈ ഗഹനമായിരിക്കുന്ന— അത്യന്തംവിപുലമായിരിക്കുന്ന – ഈ പ്രജ്ഞാനത്തിൽ– എത്തിനോക്കിയാൽ—ആരും ഭയന്നു പോകും. പക്ഷേ മററതു് വിടുകയെന്നുള്ളതാണാവശ്യം—അതായതു് ഞാൻ ഞാൻ എന്നുള്ള ആ തോന്നലുണ്ടല്ലോ– ആ തോന്നലങ്ങുവിട്ടുകഴിഞ്ഞാൽ പിന്നത്തെചിന്ത– എവിടെയാണോ ഈ ജ്ഞാനം നിലകൊള്ളുന്നതു് – അവിടെ ഇരിക്കുകയോ നിൽക്കുകയോ എന്തെങ്കിലും ചെയ്യട്ടെ—അവിടെ ചിന്തയൊന്നുമില്ല—അവിടെ പരിപൂർണ്ണമായ ജ്ഞാനം—അതുവിലസുക എന്നുള്ളതല്ലാതെ അവിടെ ഭയമൊന്നുമില്ല. അങ്ങനെയുള്ളിടത്തു് എവിടെ ഭയം നിലകൊള്ളുന്നതു്. സാധാരണ ഇപ്പോൾ സംഭവിച്ചിട്ടുള്ളതു് പിന്നെ ഹനുമാനു സംഭവിച്ചു. പിന്നീടു് ഈ അടുത്തകാലത്തു് ഏററവും വലിയധീരനായ വിവേകാനന്ദൻ. അദ്ദേഹം അററ്ലാൻറിക് കടലിൻെറ തീരത്തു പ്രസംഗിച്ചുകൊണ്ടുനിന്നപ്പോൾ അവിടുത്തെ സായ്പൻമാരുടെ അടുക്കൽ – ഭാരതത്തിൽനിന്നു ചെന്നരെടിമയാണു് 'എഡ്വേർഡ് മോർയൂവിൽ ബി ഇൻടി റോറിംഗ്' അററ്ലാൻറിക്' എന്നു പറഞ്ഞതു്. എന്നിട്ടു് ശ്രീ രാമകൃഷ്ണൻെറ അടുത്തു പറഞ്ഞെല്ലോ എനിക്കു അച്ഛനും അമ്മയുംഉണ്ടെന്നുള്ളകാര്യം അങ്ങു് ഓർക്കേണ്ടതായിരുന്നുഎന്നു്. അതുഭയാനകമാണതു്. ആഭയത്തെ നേരിട്ടുജയിക്കാതെ അതിൻെറപൂർണ്ണ അവസ്ഥകിട്ടുകയില്ല. ഇതു് ഓരോസമയത്തുംനമ്മെഭയപ്പെടുത്തിക്കൊണ്ടുമിരിയ്ക്കും. അതിൻെറ–ആ – ഗഹനമായിട്ടുള്ള അവസ്ഥയിലേക്കു

നമ്മൾ കട്ടക്കുന്ന അവസരത്തിൽ സഹിക്കാനൊക്കത്തില്ല. അത്രഗംഭീരമാണു്. അതിലോട്ടൊക്കെ ചെല്ലുന്നതിനെ സംബന്ധിച്ചാണു് ആ ഭയമുള്ളതു്. ഇൻഡിവിഡുവാലിററിയും കൂടി നിൽക്കുന്നതു കൊണ്ടാണ് ഈ ഭയം തോന്നുന്നതു്. അതു വിട്ടുകഴിഞ്ഞാൽ ഒരു കുഴപ്പവുമില്ല. ഞാൻ എന്റെ സാക്ഷാത്ക്കാരത്തിൽ ഒരു പാടു ഭയാനകം എന്നുവെച്ചാൽ പറഞ്ഞറിയിക്കാൻ ഒക്കാത്തതു്—അനുഭവിച്ചിട്ടുണ്ട്. അതായതു്—അനേകായിരം മൈയിൽ ഉയരത്തിൽനിന്നു—അതായതു് ക്രമാതീതമായിട്ടു സാക്ഷാത്കരിച്ചിരിക്കുമ്പോൾ—അതായത് അഖണ്ഡാകാശ വടിവിൽ സാക്ഷാത്കരിച്ചിരിക്കയാണ്—അപ്പോഴാണ് രൂപം സ്ഫുരിക്കുന്നതു്—ആ രൂപം വളരെ വളരെ ഉയരത്തിൽ നിന്നും താഴോട്ടുവീഴുന്നതാണ്. പിന്നത്തെ ഒരു കാഴ്ച—അതായതു് ഒരു പ്രാണിക്കുണ്ടാകുന്നതായ സകല വികാര ചേഷ്ടകളും തോന്നുന്നുണ്ട്. ഒരാൾ വിമാനത്തിൽനിന്നു വീഴുകയാണെങ്കിൽ വീഴുന്ന മോമെൻറിലും നിലത്തുമുട്ടുന്ന മോമെൻറിലുമേ അവന് ഓർമ്മയുള്ളൂ.—ഇതു് അതല്ല. ബോധത്തെ നമ്മൾ ശരിയായിട്ടു് മുറുകെ പിടിച്ചിരിക്കുകയാണു്—അപ്പോൾ ആ ബോധത്തോടുകൂടിയാണു് താഴോട്ടുവീഴുന്നതു്. അപകടത്തെപ്പററിയുള്ള എല്ലാ ബോധവുമുണ്ടു്. വീഴുന്നതായിട്ടുള്ള ബോധവുമുണ്ടു്. ഇതിനെ നീയെങ്ങനെയാണു് നേരിടുന്നതെന്നാണു്. അതിനെയും നേരിടണം. അതൊക്കെ അന്നേരമന്നേരം തോന്നിക്കൊള്ളും. പ്രളയത്തിനെ ഞാൻ സാക്ഷാത്ക്കരിച്ചിട്ടുണ്ടു്. —അതായതു്—പത്തും നൂറും അടി ഉയരത്തിലുള്ള തിരകൾ വന്നുമൂടാൻ തുടങ്ങിയപ്പോൾ ഞാൻ മുറിയിൽനിന്നും ചാടിവെളിയിലിറങ്ങി മുററത്തു നടക്കേണ്ടതായി വന്നു. കാരണം—അല്ലെങ്കിൽ ഒരു പക്ഷേ എനിക്കുഭ്രാന്തിളകുമോ എന്നു ഞാൻ സംശയിച്ചു. അത്ര ഭയാനകമാണു്—എന്നുവെച്ചാൽ വേറെ ഒരുതരത്തിലും കൺട്രോൾചെയ്യാൻ നിവൃത്തിയില്ലാതെ വ

ന്നിട്ട് അവിടെയെല്ലാം ചുററിനടന്നിട്ടു സമാശ്വസിച്ചിട്ടു ഞാൻ പറഞ്ഞു കുറച്ചുകൂടി ശക്തി സംഭരിച്ചിട്ടു ഞാൻ ഈ സാക്ഷാത്കാരത്തിനു ശ്രമിച്ചുകൊള്ളാമെന്ന്. പിന്നെ കുറച്ചുകാലംകഴിഞ്ഞു് വളരെ ഭയത്തോടുകൂടിയെങ്കിലും അതിനെ നേരിടുന്നതിനുസാധിച്ചു. അങ്ങനെ അതിനു ധൈര്യപ്പെട്ടുകൊണ്ടു് ചെയ്തപ്പോൾ ശരി— ജലംജലമായിട്ടു നേരിടുന്ന കഥകളുമൊക്കെയുണ്ടല്ലോ. അതായതു് പ്രഹ്ളാദനുമൊക്കെ ഭൂമിയിൽ വീഴുമ്പോഴും—ഇങ്ങനെ ഓരോന്നിൽ വീഴുമ്പോൾ—ഓരോ അവസ്ഥയെ പ്രാപിക്കുന്നതുമൊക്കെയുണ്ടല്ലോ—ആരീതിയിൽ അതിനെനേരിടുന്നതിനുസാധിച്ചു. അങ്ങനെ നമ്മൾ കരുത്തിനെപ്രാപിക്കണം. അതുകൊണ്ടു് അശക്തനോ, ധൈര്യമില്ലാത്തവനോ, ബുദ്ധിയില്ലാത്തവനോ, നല്ലതിൻവണ്ണം ഉറച്ചുനിലകൊള്ളാനോ ശക്തിയില്ലാതെയിരുന്നാൽ ഇതൊന്നും നേടിപ്പോകാനൊക്കത്തില്ല. അതുകൊണ്ടു് ധീരമായിട്ട് മുന്നോട്ടുപോകണം. എന്നുവിചാരിച്ചു വേണ്ടാത്തതൊക്കെ കാണിച്ചു് അബദ്ധമൊന്നും പിണയാതെ ശ്രദ്ധിക്കണം. അതുകൊണ്ടു് ശാസ്ത്രീയമായിട്ടല്ലാതെ പോകരുതു്. ശാസ്ത്രത്തിൽനിന്നും ഒരിഞ്ചു വെളിയിലോട്ടു പോകാതെപ്രവർത്തിച്ചാൽഅപാകതയൊന്നുമുണ്ടാകത്തില്ല. താമസം വരുന്നതു് അവരവരുടെ തമസിൻേറതനുസരിച്ചിരിക്കും. പക്ഷേ തീവ്രജിജ്ഞാസുവാണെങ്കിൽ അവനുകിട്ടിയേ ഒക്കൂ. അവനു കിട്ടാതെവരില്ല.

അതായതു് അതിനെ അറിയുന്നതിനു്വേണ്ടി ആദ്യമായിട്ടു് ആവിർഭവിക്കുന്നതു് ഇതാ കാണുന്ന ഒരാളാണു്. അതാണു്താനെന്നപേരിലറിയപ്പെടുന്നതെന്നാണു് ആ അഗ്നി—അതായതു് ബ്രഹ്മംതന്നെയാണു്. —അതു് ബോധസ്വരൂപംതന്നെയാണു് — എന്നെല്ലാം ഉപനിഷത്തുക്കളിൽ വിവരിക്കുന്നുണ്ടു്. അങ്ങനെ ബോധ്യപ്പെട്ടുകഴിഞ്ഞാൽ.

ചോ: കുണ്ഡലിനി എന്നുപറയുന്നതു് ഇതുതന്നെയാണോ?
ഉ: കുണ്ഡലിനി എന്നുപറയുന്നതു് അഗ്നിയുടെ വേറൊരുപേരാണു്. ജീവൻ എന്നുള്ളതു് സമ്മതിക്കുമ്പോഴാണു് കുണ്ഡലിനി എന്നുള്ള പേരുവരുന്നതു്. അല്ലെങ്കിൽ സമഷ്ടിയിൽ അഗ്നി എന്നു പറഞ്ഞാൽമതി—അതായതു് ഗീതയിൽ ഈ അഗ്നിയുടെ കാര്യം വരും—അതായതു് അതിന്റെ വ്യാഖ്യാനത്തിൽ ആ അഗ്നിയെ വിട്ടുകളഞ്ഞു എന്നും പറഞ്ഞു തടിയൻ കുറുപ്പ്........ .... അങ്ങനെയുള്ള ആ രീതിയിൽഇരിക്കുമ്പോൾ—ശാസ്ത്രീയമായിട്ടോ, ബുദ്ധിപരമായിട്ടോ ഒരു പക്ഷേ പോരായ്മ ഉണ്ടെങ്കിലും ശുദ്ധിപരമായിട്ടു്—അതായതു് പരിശുദ്ധമായിട്ടു്—തന്റെ മകൻ ഏറ്റവും ശ്രേഷ്ഠനാകണമെന്നുള്ള ആഗ്രഹമാണു് ആ മാതാവിനുണ്ടാകുന്നതു്. അതേരീതിയിൽ—കുറച്ചുകൂടി വിജ്ഞാനപരമായിട്ടു്— ആഗ്രഹിക്കുകയും ചെയ്യുന്നതാണു് പിതാവു്. ഇങ്ങനെയുള്ള ഈ രണ്ടുപേരുടേയും ഉപദേശങ്ങൾ കേൾക്കാതെ നടക്കുന്നതായ ഒരുത്തൻ പത്തോ പന്ത്രണ്ടോ, അല്ലെങ്കിൽ പതിനഞ്ചോവർഷം കഴിഞ്ഞിട്ടു് ആണെല്ലോ ഗുരുവിനെ സമീപിക്കുന്നതു്. ഈ 12 വർഷവും അല്ലെങ്കിൽ 15 വർഷവും പാഴായിട്ടോ — അല്ലെങ്കിൽ പിതാവുപറഞ്ഞിട്ടുപോലും കേൾക്കാതെ—നടന്ന ഒരാളാണു് എങ്കിൽ മറ്റൊരാളിന്റെ വാക്കു കേൾക്കാൻ അവനുതോന്നുകയില്ല. ഇനിയും അഥവാ അവരെയെല്ലാം വിദ്വേഷിച്ചിട്ടു്— വെറുത്തിട്ടു് — എന്റെ പിതാവിനു വിവരമില്ല—എന്റെ മാതാവിനു വിവരമില്ല — അവരു പറയുന്നതൊന്നും കേൾക്കേണ്ട ആവശ്യമെനിക്കില്ല—എന്നുപറഞ്ഞു്—അവരെയെല്ലാം നിഷേധിച്ചിട്ടു്—ഒരുകാലത്തു് അത്യന്തം ശ്രേഷ്ഠനായിട്ടുള്ള ഒരാചാര്യനെ ചെന്നു കണ്ടു് അദ്ദേഹം—ഇവന്റെ പഠിത്തംകൊണ്ടോ—അല്ലെങ്കിൽ ഇവന്റെ അന്നത്തേതായ പ്രാഗൽഭ്യം കൊണ്ടോ—ഇവൻ അന്നുനടത്തിയതായ പെരുമാററത്തിന്റെ സുഖം

കൊണ്ടോ—ഒരു പക്ഷേ ശരിയായനിലയിൽ ഉപദേശം തന്നെ കൊടുത്താലും—സിദ്ധിഭ്രമം കൊണ്ട് ഈശ്വരൻ എന്ന പറയുന്ന ഒരു മഹാശക്തിയുണ്ടെങ്കിൽ അതങ്ങ് മാററിക്കളയും. അതാണ് ഈ സിദ്ധിയെന്ന പറയുന്നത്. അതായതു പിതൃഹന്താവ്, മാതൃഹന്താവ്, ഗുരുഹന്താവ് ഈശ്വരഹന്താവ് ഇങ്ങനെ—അതായത് ഈശ്വരനു വിദ്വേഷം ജനിക്കത്തക്ക അത്ര കഠോരമായ പ്രവർത്തികൾ ചെയ്യുക—അങ്ങനെചെയ്തവൻ—വൻതപസ്സുംചെയ്കയാണ്. ബ്രഹ്മസാക്ഷാത്കാരം കിട്ടിയെ മാറുകയുള്ളു എന്നുംപറഞ്ഞ് ചെയ്താൽ—അവനെ—അവനു രസിക്കുന്നരീതിയിൽ ഒരു ആപ്പു കൊണ്ടുചെന്നു കാണിച്ചുകൊടുക്കും. അവൻഅതിലോട്ടങ്ങുമാറിക്കൊള്ളും. അതെസമയത്തു് ഇങ്ങനെയുള്ളതായ തെററുചെയ്തിട്ടില്ലെങ്കിൽ നേർവഴിയിലെ പോകാൻ സാധ്യമാകു. നമുക്കറിയാമല്ലോ ഒരൊററ മാതാവെങ്കിലും തൻെറമകൻ വഴിതെററിപ്പോകണമെന്നാഗ്രഹിക്കുമോ. അപ്പോൾ അത് എത്ര വിവരം കെട്ടതായാലുംശരി, എത്ര ബോധം കെട്ടതായലും, എത്ര നാരോമാർഗത്തിൽ കൂടിയായാലും ഒററ ലൈനിലാണു പിരയഴ്സ് ചെയ്തുപോകുന്നതു്. അങ്ങനെയുള്ളതായ ഒരു മാർഗ്ഗം നമുക്കു് തുറന്നുതന്നിരിക്കുകയാണു് — ഇതിൻെറ മുമ്പിൽ ഓ ഇങ്ങനെ പോകു—അതിനെ അവഗണിച്ച് എങ്ങനെ മുന്നോട്ടു പോകാനൊക്കും. പിതാവിനു സ്വൽപ്പംകൂടി പ്രാപഞ്ചികമായകാര്യങ്ങൾകാണും. അതു കൊണ്ടാണു് അതു് രണ്ടാം സ്ഥാനംപോലെ കാണുന്നതു്. എന്നാലും അതുപോലും...................

അങ്ങനെങ്ങോട്ടു മുന്നോട്ടു .........................—ഇനി തനിക്കു് തൻെറ യഥാർത്ഥ ഭാര്യയിലല്ലാതെ ഒരു കുട്ടിയുണ്ടായി അവൻ ഉന്നതമായിട്ടുവരികയാണെങ്കിൽ ആ പിതാവിനു് എന്തെന്നില്ലാത്ത സന്തോഷമല്ലെ വാസ്തവത്തിൽ ഉള്ളതു്. ക്രമാതീതമായ സന്തോഷമായിരിക്കും. കാരണം അങ്ങനെയുള്ളതുപോലും ഇത്ര ശ്രേഷ്ഠമായിട്ടു വരുന്നു

ണ്ടല്ലോ എന്നുള്ളതാണ്. അങ്ങനെ തന്റെ ശ്രേയസിനുവേണ്ടി—ആത്മാർത്ഥമായിട്ട് — എന്നും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതായ ഒരു കൂട്ടരെ വെറുപ്പിച്ചവനാണെങ്കിൽ എങ്ങനെ അവനൊരു ശ്രേയസുണ്ടാകും. അതിനാണ്. ഈശ്വരൻ — ഇതിനെയെല്ലാം നിയന്ത്രിക്കുന്നതായിട്ട് ഒരു ശക്തിവിശേഷം നിന്നിട്ട് —ങാ— ഇവൻ ഇങ്ങനെയൊക്കെയുള്ളതല്ലേ? അതുകൊണ്ട് സ്വല്പം ഒരു മാജിക്ക് കാണിച്ചിട്ട്—അങ്ങോട്ടങ്ങു തിരിച്ചുവിടും. എന്നിട്ട് അവൻ വിചാരിക്കുന്നതെല്ലാം സാധിക്കുക. അനവധി സ്വത്തുക്കളുണ്ടാകാൻ തുടങ്ങും, പ്രഭുക്കന്മാരുടെ കൂട്ടുകെട്ടുമൊക്കെ ആയി, അവനങ്ങു പ്രഭുവായി ഇങ്ങനങ്ങുനടക്കും. മററവൻ ഈച്ചയും പുഴുവുമൊക്കെ കിടക്കുന്നതുപോലെ വല്ല ആൽത്തറയിലോ കടത്തിണ്ണയിലോ കള്ളത്തട്ടേലോ ഒക്കെ കിടന്നെന്നുംവരും. അങ്ങനെ ആരീതിയിൽ അതു മനസ്സിലാക്കണം. അതുകൊണ്ട് മാതാവിനേയും പിതാവിനേയുമൊക്കെ അനുസരിച്ച് ഗുരുനിർദ്ദേശവും ശരിക്കുപാലിച്ചിട്ടുണ്ടെങ്കിൽ ഈ അഗ്നിയുണ്ടാകും.

അതായത് ഉത്തമപുത്രന്മാരുടേയും ഉത്തമശിഷ്യന്മാരുടേയും കൂട്ടത്തിൽ അവരു പ്രവർത്തിക്കുന്നതുപോലെ താൻ പ്രവർത്തിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ മധ്യമാധികാരികളെപ്പോലെയും പ്രവർത്തിച്ചിട്ടുണ്ട്. അല്ലാതെ —മൂന്നാമത്തെ—അധമനായിട്ട് ഒരിക്കലുംപ്രവർത്തിച്ചിട്ടില്ല. അങ്ങനെ കഴിവുള്ള ഒരു കുട്ടിയാണ് താനെന്നിരിക്കെ അച്ഛൻ എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്. എന്നു നചീകേതസിനു ശങ്കതോന്നിയിട്ടാണ് പിന്നത്തെ ചോദ്യം വരുന്നത്. ഇപ്രകാരം പിതാവു പറഞ്ഞതുകേട്ട് നചീകേതസ് ഏകാന്തത്തിൽ പോയിരുന്നു വിഷാദത്തോടുകൂടി ചിന്തിച്ചു. അതാതവസരങ്ങളിൽ ഗുരു മുതലായവരുടെ ഇഷ്ടങ്ങളെ ................................

.... .... .... .... .... .... .... .... .... .... ....

മരണവും ഇല്ലാത്ത അവസ്ഥയെ പ്രാപിക്കുന്ന ഏറ്റവും ഉത്തമം സ്വർഗ്ഗലോകത്തു നിലകൊള്ളുകയാണു്. അതിലും പ്രത്യേകിച്ച് ഇതിനകത്തു പറഞ്ഞിരിക്കുന്നതു് സാധാരണയല്ലാത്ത ഒരു സ്വർഗ്ഗത്തെയാണു്. അതായതു് താൻപോലുമില്ലാത്തതാണു്. അവിടെയുമില്ല എന്നു് ഇതിനകത്തുപറയുന്നുണ്ടു്. അങ്ങനെയിരിക്കുന്നതായ ആ സ്വർഗ്ഗലോകത്തെ പ്രാപിക്കുന്നതിനു് അഗ്നിയജനം ചെയ്യുന്നതു് എങ്ങനെയാണു് എന്നാണു്. അതിൽ ഇവിടെ കർമ്മികൾക്കു് ഒരഗ്നിയജനം ഉണ്ടു്. ഇദ്ദേഹം ഋത്വിക്കായിട്ടിരുന്നിട്ടുള്ള ആളാണെല്ലോ. അവരു് അഗ്നിയജനം ചെയ്യുന്നതു് അഗ്നിയെക്കൂട്ടി ഓരോകർമ്മങ്ങളു ചെയ്തു എന്നുള്ളതാണു്. എന്നാൽ ഇതിൽ പറയുന്നതായ അഗ്നി അതല്ല. അതു് യഥാർത്ഥത്തിൽ കുണ്ഡലിനിയിലെ അഗ്നിയാണു്. അതായതു് സൂര്യനും ചന്ദ്രനും അഗ്നിയും ഇങ്ങനെ മൂന്നെണ്ണമാണു് ശരീരത്തിൽ സ്ഥിതിചെയ്യുന്നതു്. അതിൽ ആദ്യമായിട്ടു ബ്രഹ്മത്തിൽനിന്നും ഉണ്ടായതു് ആ അഗ്നിയാണെന്നു് ഇതിൽ തന്നെ ഇനിയങ്ങോട്ടു വിവരിയ്ക്കാം. ബ്രഹ്മം എന്നുള്ളതിൽ നിന്നുമാറി എപ്പോഴാണോ പ്രപഞ്ചം അല്ലെങ്കിൽ മായഎന്നുള്ളതോ ഉണ്ടായതു് അപ്പോൾ ആദ്യമായിട്ടു് ആവിർഭവിച്ചതു് ആ അഗ്നിയാണു്. ആ അഗ്നിക്കു് ഇതുമായിസമ്പർക്കം വളരെയുണ്ടു്. അതുകൊണ്ടു ആ അഗ്നിയെ പ്രാപിച്ചാൽ തീർച്ചയായും അതിനു ബ്രഹ്മത്തിലേക്കു മാറുന്നതിനുള്ള ശക്തിവിശേഷമുണ്ടു്. അതുകൊണ്ടു് ആ അഗ്നിയജനം ചെയ്യിക്കണം എന്നാണു് അല്ലാതെ കർമ്മം ചെയ്യിക്കണം എന്നുള്ളതല്ല ഇതിനകത്തെ വിവക്ഷ. ഇതിനു ബ്രഹ്മവിദ്യഎന്നാണു് ഇതിനകത്തുപറഞ്ഞിരിക്കുന്നതു്. ബ്രഹ്മവിദ്യയുടെ ആചാര്യനായ മൃത്യുവിനെയാണു് ഇതിനകത്തു പറഞ്ഞിരിക്കുന്നതു്. അല്ലാതെ സാധാരണക്കാ

രണെയല്ല. മററുകർമ്മം ചെയ്യുന്ന ആളിനെയും അല്ല. ആ കർമ്മവും കഴിഞ്ഞുള്ള പഠമായിട്ടാണു് ഈ കഠോപനിഷത്തുതന്നെ കൊണ്ടുവന്നിരിയ്ക്കുന്നതു്. ആ നിലയിൽ ഇതിൽ അഗ്നിയജനം എന്നുപറയുന്നതു് മനുഷ്യനിലെ അഗ്നിയെകണ്ടുപിടിച്ചിട്ടു് അതിനെ ഉദ്ധരിക്കുക എന്നുള്ള മാർഗമാണു് പ്രതിപാദിയ്ക്കുന്നതു്. അതാണു് ഇതിനകത്തെ പ്രതിപാദ്യവിഷയവും. ആ നിലയിൽ അതിനെ മനസ്സിലാക്കണം. അങ്ങനെയുള്ളിടത്തു് ഒരു സ്വർഗം എന്നുപറഞ്ഞാൽ എപ്പോഴുംപ്രഭയോടുകൂടിയതും മറെറാന്നിലും ആഗ്രഹത്തെ ജനിപ്പിക്കാതെ എപ്പോഴും പ്രകാശ സ്വരൂപമായിട്ടും ഒരു തരത്തിലും താനെന്നുള്ള, അതായതു ഞാൻ, ഞാൻ എന്നുള്ളതോ വിഭിന്നമായ ഓരോ ചിന്താഗതിയോ ഒന്നുമില്ലാതെ ബ്രഹ്മസാക്ഷാത്ക്കാരത്തിൽ നിലകൊള്ളുന്ന—ആ—അതിനു് സ്വർഗലോകപ്രാപ്തിയെന്നു നമ്മുടെപഴയ ഉപനിഷത്തുകളിലും വേദത്തിലും പ്രതിപാദിക്കുന്നതു്. ഒട്ടുവിലൊട്ടുവിൽ വരുന്നതിൽ ഇതിനെ നല്ലതിൻ വണ്ണം തിരിയ്ക്കും —ഈ സ്വർഗം എന്നുള്ളതിനെ. കാരണമെന്താണെന്നുവച്ചാൽ ഇതു ശാസ്ത്രഭാഗങ്ങളാണു്. ശാസ്ത്രത്തിനെ പ്രായോഗികമായികൊണ്ടുവരുന്നതിനുള്ള ഭാഗങ്ങളാണു് ഒട്ടുവിലൊട്ടുവിൽ കൊടുക്കുന്നതു്. അപ്പോൾ ഇതിനെ തിരിച്ചെടുക്കേണ്ട കാര്യം അവിടെ വരും. അവിടെ വരുമ്പോൾ സ്വർഗത്തിനെപ്പററിപ്രതിപാദിച്ചാൽ—അഗ്നിയെപ്പററി പ്രതിപാദിച്ചാൽ— ആ അഗ്നി എതെന്നുള്ളതിന്റെ പാഠം കൊടുത്തിട്ടു് ആ അഗ്നിയെ പ്രാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവിടെ വിവരിക്കും. അങ്ങനെയുള്ള വിവരണം കൂടിപഠിച്ചെങ്കിൽ മാത്രമെ ഇതിന്റെ സാധ്യതവരികയുള്ളു. അപ്പോൾ അതിനു് ഇന്നതിന്നതെല്ലാം ചെയ്യണം എന്നുപറയും ഇവിടെ സംക്ഷിപ്തമായിട്ടു ശാസ്ത്രഭാഗം മാത്രം പറഞ്ഞു

പോകും. പിന്നീടു് പ്രായോഗികമായിട്ടുള്ളതാണു്— ഈ നൂററിയെട്ടിൽ— ഈ പത്തുകഴിഞ്ഞുള്ളതിൽ പറഞ്ഞിരിക്കുന്നതു് അങ്ങനെപോകുന്നു.

ചോ: സാധകനായിട്ടദ്ദേഹം അവിടെ ചെന്നിരിക്കുന്ന അവസരത്തിൽ മൂന്നു ദിവസം അഗ്‌നികൊണ്ടു തപിച്ചു എന്നു പറയുന്നുണ്ടല്ലോ. അതെന്തുകൊണ്ടാണു്?

ഉ: അതു സ്വയം ജ്വലിക്കുന്ന അഗ്‌നിയാണു്. ആ അഗ്‌നി തന്റെ കൺട്രോളിലല്ല—ആ കൊച്ചന്റെ കൺട്രോളിലല്ല അവൻ അവിടെ നിരാഹാരനായിട്ട്ഇരുന്നതപസ്സുചെയ്യുകയാണു്. അങ്ങനെനിരാഹാരനായിട്ടു് ഇരിക്കുന്നഅവസരത്തിൽ ഉത്തമാധികാരിയുടെ ദേഹംമുഴുവൻ ചുട്ടും—ചുട്ടുതപിച്ചുകൊണ്ടു് ഒരു ഗൃഹത്തിലും ഇരിക്കാൻപാടില്ല—ഏതൊരുഗൃഹത്തിലായാലും—എത്രഉല്ലന്നമതിയുടെ ഗൃഹത്തിലായാലും—ആ താപത്തിനു് ഒരു ശമനം—ഒരു ശാന്തി കൊടുത്തിരിക്കണം. അതു് ആരും ചെയ്യേണ്ട ഒരു കാര്യമാണു്. അങ്ങനെയുള്ള ഒരു.......... ഇടവരരുതു്. വടക്കേഇൻഡ്യയിലും മററും ചില ആളുകൾ വന്നു് മൂന്നും നാലും ദിവസം ചുമ്മാതിരുന്നു് 20,000 രൂ. 10,000 രൂപായുമൊക്കെ വാങ്ങിക്കൊണ്ടുപോകുന്ന ഒരു പ്രക്രിയ നടക്കുന്നുണ്ടു്. തപസ്വിയാണല്ലോ ആഹാരമൊന്നും കഴിക്കാതെ ഇരിക്കുകയാണല്ലോ എന്നുവിചാരിച്ചാണു് അവർകൊടുക്കുന്നതു്—നചികേതസിനു് ഇയാൾ കൊടുത്തതുപോലെ. അതിനു് ആസുരതപസ് എന്നാണുപറയുന്നതു്. എന്നു വച്ചാൽ ദ്രവ്യത്തിനുവേണ്ടി—10,000 മോ 5,000 മോ രൂപയ്ക്കുവേണ്ടി തന്റെ.......... ചെയ്യുക. അപ്പോൾ അവിടെ ആത്മോദ്ധാരണമല്ല—അതു് ധനത്തിലേക്കുള്ള ഒരു മോഹത്തിനെ വളർത്തുക എന്നുള്ളതാണു്. അതു് ശക്തിയായിട്ടുവളരും. അതിനു് ആസുരതപസ്സെന്നേ പറയൂ. അങ്ങനെയുള്ളതു് ചെ

യ്യാൻ പാടില്ല. ഈ കുട്ടി ഉത്തമ ദൃഷ്ടിയോടുകൂടിയാണു്—അതായതു് തനിക്കു് മോചനം കിട്ടുന്നതിനു്—തനിക്കു് ആത്മസാക്ഷാത്ക്കാരം കിട്ടുന്നതിനുള്ള മാർഗ്ഗം—ഇങ്ങനെയുള്ളതൊക്കെ അറിയുന്നതിനാണു്. അതായതു് ഏതായാലും ഈ ഋത്വിക്കിനു കൊടുത്തതല്ലോ. എന്നാൽ ഇതെങ്കിലും സാധിച്ചിട്ടു് അദ്ദേഹത്തിന്റെ അടുക്കൽ നിന്നും മടങ്ങുകയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ കൂടെയങ്ങു ജീവിക്കുകയോ ചെയ്യാം. അതിനിടകിട്ടണം. ആ ആവേശത്തിന്റെ കൂടുതലുകൊണ്ടു് ആഹാരം കഴിക്കാമെന്നോ ഒന്നുംതന്നെ തോന്നുന്നില്ല എന്നുള്ളതാണു്. അദ്ദേഹം ഇതെല്ലാം അറിയുന്ന ആളാണെന്നു് മനസ്സിലാക്കിയിട്ടുമുണ്ടു്. അതുകൊണ്ടാണു് ഒരു വെമ്പലുണ്ടായതു്. ഇദ്ദേഹത്തിന്നു് കൊടുത്തിട്ടെന്താണു പ്രയോജനം. അദ്ദേഹത്തിനു പ്രയോജനം ഉണ്ടാകുമോ. അതോ തനിക്കു് പ്രയോജനമുണ്ടാകുമോ. ഏതുദ്ദേശിച്ചാണു് തന്റെ പിതാവങ്ങനെ ചെയ്തതു് എന്നുള്ള ഒരു വേവലാതി ഇതു് കഥകളെ വളരെ സംക്ഷിപ്തമായിട്ടു് ഏററവും ചുരുക്കി പറയുന്ന ഒരു രീതിയായതുകൊണ്ടു് അതിന്റെ സൂചന കൊടുത്തു കൊടുത്തു പോകുക എന്നുള്ളതേ ഉള്ളൂ. ആ സൂചനയിൽ നിന്നും ഏതാണു മർമ്മം എന്നു നമ്മൾ മനസ്സിലാക്കി, അതിനെ വികസിപ്പിച്ചു കൊടുക്കണം. ഇവിടെ ഈ കുട്ടിയെ മൃത്യുവിനു കൊടുത്തു. മൃത്യു—കാലൻ എന്നുള്ള സാധാരണ അർത്ഥത്തിൽ ഞാൻ മേലിലും പറയാൻപോകുന്നില്ല—പക്ഷേ—ഋത്വിക്കാ എന്നുള്ള നിലയിൽ ഇവരും സമ്മതിച്ചിരിക്കുന്നതാണു്. ആ ഋത്വിക്കിന്നു് കൂലിവേലചെയ്യുന്ന ഒരാളെന്നനിലയിൽ കൊടുത്തതാണോ?—അതോ പിതാവു് ചെയ്യുന്നതു് ശരിയാണോ തെററാണോ എന്നുകൂടി വിചാരിച്ചിട്ടു് മൂന്നു തവണ താൻചെന്നു ചോദിച്ചതു് ചിലപ്പോൾ പിതാവിന്നു് ഇഷ്ടപ്പെട്ടു എന്നുവരുന്നില്ല. അപ്പോൾ അവൻ ഇനിയും പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു്

ഇവൻ നന്നാകെട്ടെയെന്നുള്ള ഉദ്ദേശത്തിൽ ആ ജൂതപി ക്കിനെകൊണ്ടു് പഠിപ്പിക്കാനായിവിട്ടതാണോ. അതോ യയാതിയുടെ ചരിത്രത്തിൽ ശർമ്മിഷ്ഠയ്ക്കുമൊക്കെ ദുരിതങ്ങളനുഭവിക്കേണ്ടതായി വന്നതുപോലെ—ശപിച്ചുവിട്ടതുപോലെ—വിട്ടതാണോ എന്നുള്ള ചോദ്യാതിയോടുകൂടി അവിടെ ചെന്നു. നല്ലതിന്റെ കാര്യത്തിനാകാൻ കൂടിയാണു് ഈ മൂന്നുദിവസം തപസിരിക്കുന്നതു്. നല്ലഉദ്ദേശത്തോടുകൂടിമാത്രമേ അദ്ദേഹം തപസുചെയ്തിട്ടുള്ളൂ. അല്ലാതെ ആസുര തപസല്ല. ആസുരമായിട്ടപോലും തപസിനു ശക്തിയുണ്ടെന്നുവന്നെല്ലോ? ഈ സത്യാഗ്രഹങ്ങളൊക്കെ വിജയിക്കുന്നതു് എന്തുകൊണ്ടാണു്. ആ തപസിന്റെ—തപിക്കുന്നതിന്റെ ശക്തികൊണ്ടാണു് ആളുകൾക്കു് അനുകമ്പയെ സൃഷ്ടിക്കുന്നതിനുള്ള ശക്തി വിശേഷം അതിനുണ്ടു്. അങ്ങനെ അനുകമ്പവന്നിട്ടു് അതിന്മേൽ നമ്മളൊരു തീരുമാനമെടുക്കു കയാണു്. മഹാത്മജി യഥാർത്ഥത്തിൽ തപിച്ചുകൊണ്ടാണു് സത്യാഗ്രഹം അനുഷ്ഠിച്ചിട്ടുള്ളതു്. അങ്ങനെ തപിച്ചുകൊണ്ടു് സത്യഗ്രഹം നടത്തുന്ന അപൂർവ്വം ചിലരുണ്ടു്. അങ്ങനെയുള്ളിടത്തു് ഫലം പ്രത്യക്ഷമാണു്. അതിനു് സംശയമൊന്നുമില്ല. അതു് അന്യ ആളുകളിൽ എങ്ങനെ ചെയ്യുമോ അതിനേക്കാൾശക്തിയായിട്ടു് ഈശ്വരനിൽ ചെയ്യും.

ചോ: ഇവിടെ നചികേതസ് ആത്മാവിനെ അല്ലാതെ സ്വർഗ്ഗമാണെല്ലോ ചോദിക്കുന്നതു്. അതെന്തു കൊണ്ടാണു്.

ഉ: അതായതു് ഈ കൊച്ചൻ ഇതു പഠിക്കാനായി ചെന്നിരിക്കുകയല്ലേ. അതുവരെ പഠിച്ചിരിക്കുന്നതു് ഒരു പക്ഷെ സ്വർഗ്ഗമായിരിക്കും. അതുതന്നെയുമല്ല ഇതിൽ ആദ്യത്തേതിലൊക്കെ സ്വർഗ്ഗമെന്നുദ്ദേശിക്കുന്നതു് ബ്ര

ഹ്മ ലോകത്തെ പററിയാണ്. അതായത്തു് പൂർണ്ണമായിരിക്കുന്ന സ്വർഗ്ഗാവസ്ഥ. നമ്മുടെ ഉപനിഷത്തുകളിൽ രണ്ടു പ്രയാണം പറഞ്ഞിട്ടുണ്ടു്—ഒന്നു ദക്ഷിണ മാർഗ്ഗമെന്നും മറെറാന്നു വാമമാർഗ്ഗമെന്നും—അതിലൊന്നിൽ സൂര്യാഗമനമെന്നു പറയുന്നതു് സ്വർഗ്ഗ പ്രാപ്തിയാണു്. മറേറതു് ചന്ദ്രലോക പ്രാപ്തിയാണു്. ചന്ദ്രലോക പ്രാപ്തിക്കാരു് തിരിച്ചുവരണമെന്നാണു്—അവരുടെ ആനന്ദങ്ങളുമെല്ലാം അനുഭവിച്ചുകഴിഞ്ഞു് കർമ്മത്തിന്റെ അവശിഷ്ടം വരുമ്പോൾ തിരിച്ചുവരണമെന്നാണു്. തിരിച്ചുവന്നേ ഒക്കത്തുള്ളു.

ചോദ്യം: ദേവലോകത്തുള്ളവരെ സംബന്ധിച്ചു തിരിച്ചുവരവു പറയാറുണ്ടല്ലോ;

ഉ: ഇതു രണ്ടും ദേവലോകം എന്നു പറയുന്നുണ്ടെങ്കിലും ഒന്നു പിതൃലോകം എന്നുള്ളതാണു്. പിതൃലോകവും ദേവലോകമായിട്ടു ഗണിച്ചുകൊണ്ടു് ശാസ്ത്രം പറയുന്നുണ്ടു്. കാരണം അന്യലോകത്തെ മുഴുവൻ ആ നിലയിൽ ആക്കിയിരിയ്ക്കുകയാണു്. എന്നാൽ സ്വർഗ്ഗ ലോകത്തിന്റെ ശാസ്ത്രീയ വിവരണം അന്തരീക്ഷം തൊട്ടുമേലോട്ടു സൂര്യന്റെ അന്തർഭാഗം വരെയുള്ളതിനെ സ്വർഗ്ഗം എന്നു പറയും. അതായതു് മേഘാവൃതമായ ലോകത്തിൽ മേഘത്തിൽ തന്നെ ഒരു പ്രത്യേകതരം ജീവഘടനയുണ്ടു്. അതിപ്പോൾ ശാസ്ത്രവും സമ്മതിച്ചിട്ടുള്ളതാണു്. ആ ജീവഘടനയിലാണു് ഗന്ധർവ്വന്മാർ എന്നു പറയുന്ന ജീവികൾ നിലകൊള്ളുന്നതു്. അതു് ആൾ രൂപത്തിലൊക്കെ നമ്മൾ വ്യാഖ്യാനിക്കാറുണ്ടെങ്കിലും ആൾ രൂപം തന്നെയാകണമെന്നില്ല. പക്ഷേ ഒരു ജീവൽഘടന അവിടങ്ങനെ ജീവിക്കുന്നുണ്ടു്. അതവിടെ സ്ഥിരമായിട്ടു ജീവിക്കുന്നുണ്ടു്. ആ ജീവൽ ഘടന തൊട്ടു് അങ്ങോട്ടു്..........ഇങ്ങോട്ടാണു് ആകർഷണം കൂടുതൽ. അതിനപ്പുറത്തോ

ട്ടുകടന്നുചെല്ലുന്നതു്—എത്ര എത്ര പരിശുദ്ധിയുണ്ടാകുന്നുവോ അത്രയും അങ്ങോട്ടു കടന്നുചെല്ലാനുള്ള ശക്തിയും അതിനുണ്ടു്. യജ്ഞമാർഗ്ഗം എന്നു് ഒന്നുണ്ടു്. യാഗത്തിൽ ഒരു പ്രത്യേകകാര്യം പറയുന്നുണ്ടു്. ആ ഭാഗം എന്താണെന്നുവച്ചാൽ ഒരുത്തന്റെ പ്രാണൻ പരിശുദ്ധമായിട്ടു് സൂര്യനിൽ പ്രവർത്തിക്കുന്ന പ്രാണനുമായിട്ടു് ആകർഷണമുണ്ടാകും. ആ പ്രാണൻ ഇതിനെ ആകർഷിച്ചാൽ ഇതു് സൂര്യാന്തർഗതമായിട്ടു മാറുകയാണു്. അങ്ങനെ അവിടെ എത്തിക്കഴിഞ്ഞാൽ പിന്നെ തിരിച്ചുവരണ്ടാ എന്നുള്ളതു് തീർച്ചയാണു്. അങ്ങനെ ആ ലോകവും അതിനോടടുത്തുള്ള ലോകവും തിരിച്ചു വരവു വേണ്ടാത്തതായി തരംതിരിച്ചിട്ടുണ്ടു്. അതിനപ്പുറത്തു് കുറെ ................തിരിച്ചുവരവുകൂടി പറഞ്ഞിരിക്കുകയാണു്. കാരണമെന്താണെന്നുവച്ചാൽ അവിടെ പരിപക്വത അല്ലെങ്കിൽ പരിപക്വതാവസ്ഥ കുറവുള്ളതുകൊണ്ടാണു്. കുറെയൊക്കെ കഴിഞ്ഞു് കീഴോട്ടു കീഴോട്ടു വരണമെന്നും ഭോഗങ്ങളൊക്കെ അനുഭവിക്കണമെന്നും ഒക്കെതോന്നിയിട്ടു് അതുതന്നെ ഇങ്ങോട്ടുതിരിക്കും. അങ്ങനെയാണു് ഈ രണ്ടു കൂട്ടരും പറയുന്നതു്. അതായതു് പുണ്യം കുറഞ്ഞാൽ ഇങ്ങോട്ടു വരണമെന്നൊക്കെ പറയുന്നതു്. പക്ഷേ സൂര്യാന്തർഗതനായാൽ പിന്നെയൊരിക്കലും പോരാൻ ഒക്കത്തില്ല. കാരണം അങ്ങനെയൊരു തോന്നൽ അതിൽ ഉണ്ടാകത്തില്ല. അവിടംവരെ ചെല്ലുന്നതിനുള്ള പരിശുദ്ധാവസ്ഥ ഇവനുണ്ടാകുകയാണെങ്കിൽ അതു് ഏററവും ഉത്തമമായ സ്വർഗ്ഗം എന്നുള്ളതാണു്. ആ സ്വർഗ്ഗത്തെഉദ്ദേശിച്ചും ഇതു പറയാം. കാരണം മോക്ഷത്തെ പ്രാപിച്ചിട്ടില്ലാത്ത ഒരു വ്യക്തി—അതായതു് ബ്രഹ്മ സാക്ഷാത്കാരം സാധിച്ചിട്ടില്ലാത്ത ഒരു വ്യക്തി—പക്ഷേ അയാൾക്കു് സൂര്യാന്തർഗതനാകാൻ സാധിച്ചു എന്നു വന്നാൽ അവിടെ കുറെക്കാലം തപസോ

എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. അങ്ങനെ വളരെയാകുമ്പോൾ അയാൾക്കുതന്നെ പോരായെന്നുതോന്നും. തിരിച്ചുചെല്ലുത്തില്ലെങ്കിലും എനിക്കു മോചനം കിട്ടിയിട്ടില്ല—പൂർണ്ണമായിട്ടിരിക്കുന്ന അവസ്ഥ അനുഭവിച്ചെങ്കിലല്ലെ അതിൻെറ പൂർണ്ണത അറിയാൻ കഴിയൂ—അതൊന്നറിയണമെല്ലോ എന്നുള്ള ആവേശം ഉണ്ടായിട്ട്—അതിൻെറ നടുവിൽ ഒരു ദേവനുണ്ട്—ആ ദേവൻെറ അടുക്കൽ അവസാനഘട്ടത്തിൽ അയാൾ പ്രാർത്ഥിക്കും. "ഇത്രയൊക്കെ പുണ്യങ്ങൾചെയ്ത് വളരെ ക്ലേശങ്ങളും സഹിച്ച് ഇവിടംവരെ വരികയും ഇത്രയുംകാലം ഇവിടെ ഓരോ ഉപാസനകളും ചെയ്ത് ഇരിക്കുകയുമാണെല്ലോ. എന്നിട്ടുംഎനിക്ക് മോചനം കിട്ടിയില്ലെല്ലോ എന്നു പറഞ്ഞിട്ട് —ഭഗവാനെ ആ മോചനം എന്നിൽനിന്നും അന്യവുമല്ലല്ലോ" എന്ന് എപ്പോൾ ഉദിക്കുന്നുവോ ആ അവസരത്തിൽ അതു തുറന്നുകൊടുക്കും. എന്നു പറഞ്ഞാൽ അവിടുത്തെ ആ ആകർഷണത്തിനുപോലും പിന്നീട് ഈ വ്യക്തിയെ പിടിച്ചു നിർത്തുന്നതിനുള്ള ശക്തിവിശേഷമില്ല. അത് ആ ലാസ്ററ് തോടിൽ നിന്നുതന്നെ പൊട്ടും. പൊട്ടിയിട്ട് വിജ്ഞാനമായിട്ട് ബ്രഹ്മമായിട്ടങ്ങു തീരുകയാണ്. ഇങ്ങനെയുള്ള ആ പരിപൂതാവസ്ഥക്കാണ്. നമ്മൾ വിവക്ഷിക്കുന്നതായ സ്വർഗ്ഗം എന്നുപറയുന്നത്. പക്ഷെ അവിടെ ചെല്ലുന്നതായ സ്വർഗ്ഗത്തെയാണ് സാധാരണയായി ഈ ശാസ്ത്രത്തിൽ കൂടുതൽ പറയുന്നത്. കാരണമെന്താണെന്നുവച്ചാൽ എങ്ങനെയെങ്കിലും അവിടെ ചെല്ലട്ടെ. പിന്നെയവൻ രക്ഷപെട്ടുകൊള്ളുമെന്നുള്ളതാണ്. അതുകൊണ്ടാണ് വിഷ്ണുപാദത്തിൽ ധ്യാനം ചെയ്താൽമതി എന്നു പറയുന്നത്. ആ വിഷ്ണുവിനെയുമൊക്കെ വ്യാഖ്യാനിച്ചു വ്യാഖ്യാനിച്ചു വരുമ്പോൾ മനസ്സിലാകും ആ വിഷ്ണു എവിടെയാണിരിക്കുന്നതെന്ന്. ആ വിഷ്ണുപാദത്തിൽചെന്നാൽ ഇതു പിരിഞ്ഞുപോരത്തില്ല.

പക്ഷേ എന്നാലും നമുക്കറിയാം ആ വിഷ്ണുപാദത്തിൽ നിന്നുപോലും ജയനും വിജയനുമൊക്കെ തിരിച്ചു ഭൂമിയിൽ വരേണ്ടതായിട്ടുവന്നു. അങ്ങനെ പലരുംവന്നിട്ടുണ്ട്. പുരാണങ്ങളിലെ കഥകൾ വായിച്ചാൽ അനവധി അനവധി ആളുകൾ അവിടുന്നുവന്ന് പല കുഴപ്പങ്ങളൊക്കെ സൃഷ്ടിച്ച് പിന്നെ തിരിച്ചു പോകുകയാ ചെയ്യുന്നതു്. അങ്ങനെയൊക്കെയുള്ളതു് വന്നുകൂടാ എന്നില്ല. അങ്ങനെ വരാത്തതായ കേന്ദ്രത്തിനു്—പിന്നെ താനുണ്ടാകാത്തതായ കേന്ദ്രത്തിനു്—ആണു് ഇതിൽ സ്വർഗ്ഗം എന്നുപറയുന്നതു്. അതുകൊണ്ടു് ബ്രഹ്മവിദ്യയെന്നുള്ള ആ നിലയിൽ മാത്രമേ ഇവിടെ പറയുന്ന സ്വർഗ്ഗത്തെ വ്യാഖ്യാനിക്കാവൂ.

തപ്തമായ സൂര്യൻ അത്യുജ്ജ്വലമായി പ്രകാശിച്ചു കൊണ്ടിരിക്കയാണു്. ആ പ്രകാശത്തിലേക്ക നോക്കിയാൽ—നമ്മുടെ ഈ നാട്ടിലെ വയലുകളിൽ പോലും നോക്കിയാൽ വെള്ളം തിരതല്ലുന്നതു പോലെ കാണാൻ സാധിക്കും. വയലിൽ എള്ളും മററും കൃഷി ചെയ്യുന്ന കാലഘട്ടത്തിൽ ഞാൻ നോക്കിയിട്ടുള്ളതാണു്. അതായതു വിറയലുകൊണ്ടിട്ടു് അതു വളരെ ഗഹനമായിട്ടു്—നല്ല വിസ്താരമുള്ള വയലിലൊട്ടും മററും നോക്കിയാൽ അസലായിട്ടു കാണും. ആ ഭ്രാന്തിയാണു് മണലാരണ്യത്തിലും മററും കാണുന്നതായി പറയുന്നതു്. അതുപോലെ വിജ്ഞാനത്തിന്റെ ഗഹനതയിലേക്കു് നമ്മൾ നോക്കുകയാണു്. ആ നോട്ടത്തിൽ നമ്മൾ അൽപനാണു് എന്നുള്ള ബോധം എല്ലാവരിലും രൂഢമൂലമായിരിയ്ക്കുകയാണു്—എനിക്കു് അൽപമൊക്കെയെ അറിയൂ—അല്ലാതെ ഞാൻ സർവ്വജ്ഞനാണു് എന്നുറച്ചു ഒരു മനുഷ്യനുമില്ല. അതും വച്ചുകൊണ്ടു് ഈ ഏററവും പ്രകാശമേറിയ പ്രകാശത്തിലേക്കു് നോക്കുകയാണു്. അങ്ങനെ നോക്കുമ്പോൾ കാണുന്നതാണു് ഈ സംഭ്രമങ്ങളെല്ലാം. ആ സംഭ്രമങ്ങ

ളിൽ ഈ പ്രപഞ്ചവും ഇതുമെല്ലാം കാണും. അല്ലാതെ അതിനെ കാണുകയല്ല. യഥാർത്ഥത്തിൽ അതിൻെറ അവസ്ഥ എന്താണെന്നുള്ളതല്ല. അതുകൊണ്ടു് ഇതിനു കാരണമായിട്ടിരിക്കുന്നതു് കാണണം. അങ്ങനെ തപ്തമായിട്ടിരിക്കുന്നതു് ജലമാണോ സൂര്യപ്രകാശമാണോ എന്നുള്ളതിനെ മനസ്സിലാക്കിയിട്ടു് സൂര്യപ്രകാശത്തിനെ പിന്നീടന്വേഷിക്കണം എന്നുപറഞ്ഞതു പോലെയാണു് പ്രപഞ്ചത്തിനാധാരമായിരിക്കുന്നതേതാണോ അതിനെ നോക്കണം ......................അപ്പോൾ ഇതിനെല്ലാം നമുക്കു് എപ്പോഴും ബുദ്ധിയെ ആശ്രയിക്കേണ്ടതായിട്ടുവരും. ബുദ്ധിയെ ഭക്തിമാർഗ്ഗത്തിൽ പറയുന്നില്ലെങ്കിലും ആ ഭക്തിയിലേക്കു കടക്കുന്നതിനെപ്പോഴും ഇതിൻെറ സഹായം വേണം. ഇപ്പോൾ ഒരു ഭക്തൻ കൃഷ്ണനേയോ മറ്റോ തപസു ചെയ്യുകയോ ഉപാസന നടത്തുകയോ ആണു്. ആ അവസരത്തിൽ അവൻെറ ഹൃദയം എപ്പോഴും ചൈൽഡാകും. എന്നുവച്ചാൽ വളരെ സിംപിൾ—സുന്ദരമായ ഒരു എളിമയെ പ്രാപിയ്ക്കും. അപ്പോൾ അവിടെ തന്നെ ഉറച്ചു നിൽക്കണം. അല്ലെങ്കിൽ ആ പ്രാപ്യത—ആ എളിമ—തനിയ്ക്കു്—തൻെറ ഹൃദയത്തിനുണ്ടായിരിക്കുന്നതായ ആ എളിമ—മറ്റു രംഗങ്ങളിൽ പ്രവേശിയ്ക്കും. പ്രവേശിച്ചാൽ ഇതിനെക്കാൾ ഭംഗിയായി മറ്റുള്ള കാര്യങ്ങളിലെല്ലാം ഇടപെടും. അതായതു് അനുരാഗം ഇങ്ങനെയൊക്കെയുള്ള സുഖലോലുപതം വരുമ്പോൾ അതിലോട്ടു ചായരുതു് എന്നുള്ളതു് ഉദിയ്ക്കുന്നതിനു് ബുദ്ധിയല്ലാതെ മറ്റു മാർഗ്ഗമില്ല. അല്ലെങ്കിൽ മറ്റേതിൽ നിന്നും കടുകിട തെറ്റാതെ നിരന്തരമങ്ങനെ നിൽക്കണം. അങ്ങനെ നിൽക്കുക എന്നുള്ളതു് ശരീരമുള്ളിടത്തോളം കാലം, അസാധ്യമായ ഒരു കാര്യമാണു്. അല്ലെങ്കിൽ ശരീരം ഉപേക്ഷിക്കുന്ന നിലയിൽ ..............ചെയ്യണം.

ആനിലയിലാണ്. പിന്നെ ഭക്തിക്കപ്രാമാണ്യം പറയുന്ന ആചാര്യൻമാർ പറയും ഭക്തി ഫലലക്ഷണയാണെന്നു്. ഭക്തിയെന്നുപറയുന്നതു് ജ്ഞാനം കൊണ്ടുണ്ടാകുന്ന ഫലം — ആനന്ദം എന്നുപറയുന്നതാണ്. ജ്ഞാനം കൊണ്ടുണ്ടാകുന്ന ഫലം തന്നെയാണ് ഭക്തിയെന്നു്. അതിനു വിരോധമില്ല. അപ്പോഠം ഏതിനെയാണ് അവലംബിക്കുന്നതു്. അല്ലാതെ സ്വയം ഒരു ഫ്രൂട്ട് ഉണ്ടാകത്തില്ലല്ലൊ. ജ്ഞാനം കർമ്മം മുതലായതു കൊണ്ടുണ്ടാകുന്ന ഫലമാണു ഭക്തിയെന്നു വിവരിച്ചാൽ അപ്പോഠം മററതിനെ അവലംബിക്കേണ്ടതായിവരും. മററതിനെ അവലംബിയ്ക്കുന്ന—അതുതന്നെ അവലംബിക്കുകയാണെങ്കിൽ, വേറെയൊന്നും കിട്ടണമെന്നൊന്നുമില്ല—അതിനു വേണ്ട. ഇങ്ങനെയുള്ള ഒരവസ്ഥ വരും. അതുകൊണ്ടു് ഇതൊക്കെ തമ്മിൽ കാര്യവശാൽ വ്യത്യാസമൊന്നുമില്ല. ആ നിലയിലാണു് ഈ ഉപനിഷത്തിൻെറ പ്രതിപാദ്യം.

ചോ: ഈ ധവലപ്മൻറു് സംഭവിയ്ക്കുന്ന അവസരത്തിൽ ഇതല്ലാതെ മററു വല്ല ഫോഴ്സസും ഇവൻെറ പുരോഗതിയെ തടസം ചെയ്യാൻ ഇടയുണ്ടോ.

ഉ: ഫോഴ്സസ് എന്നുപറഞ്ഞാൽ—വികാരം—അതായതു് ഇൻസ്ററിംഗ്ട് എന്നു പറഞ്ഞു ജീവികഠംക്കുള്ളതു്—അതുമായയുടെ വൈഭവമാണു്. മായയുടെ വൈഭവം എന്നുപറഞ്ഞാൽ തപ്തമായിരിക്കുന്ന ഈ പ്രപഞ്ചത്തിൽ അല്ലങ്കിൽ ചിൽ സൂര്യപ്രകാശത്തിൽ — അതായതു് അറിവു് എന്നു പറയുന്ന അത്യന്തം ശക്തിമത്തായിരിക്കുന്ന — ആ— പ്രകാശത്തിൽ —വീക്ഷിയ്ക്കുന്ന അവസരത്തിലാണു് പ്രപഞ്ചംതന്നെ കാണുന്നതു്. അങ്ങനെയുള്ള പ്രപഞ്ചത്തിൻെറ കാഴ്ചയ്ക്കു കാരണം ഇതുപോലുള്ള ഓരോ ഇൻസ്ററിംഗ്ൻറാണു്—ഓരോ വിധത്തിലുള്ള ശക്തി വിശേഷമാണു്. ആ ശക്തി

വിശേഷത്തെ തടയണമെങ്കിലും ബോധം നമ്മളു കയ്യിലെടുത്തെങ്കിലേ സാധിയ്ക്കു. ആ ബോധം നല്ലതിൽ വണ്ണം ശാസ്ത്രീയമായിട്ടു തന്നെ നിലനിർത്തണം. അല്ലെങ്കിൽ ഒരുത്തൻ തെററായിട്ട് ഒരു മണ്ടത്തരം പറഞ്ഞുതന്നാൽ അതു ബോധമാണെന്നു പറഞ്ഞു സ്വീകരിക്കുമല്ലോ. ബോധത്തെ എങ്ങനെ ശാസ്ത്രീയമായിട്ടു നിലനിർത്തുമെന്നു ചോദിച്ചാൽ അതിനു പറഞ്ഞിരിക്കുന്നതു് ബോധത്തെ ആശ്രയിക്കുന്നആളു് എപ്പോഴും നോക്കേണ്ടതു് അവൻ സ്വീകരിച്ചിരിക്കുന്ന ബോധത്തിനു് ശാസ്ത്രസമ്മതം ഉണ്ടോ എന്നുള്ളതാണു്. സമ്മതമായ ശാസ്ത്രത്തിൽ അതു പറഞ്ഞിട്ടുണ്ടോ എന്നു നോക്കണം. ശാസ്ത്രം എന്നു പറയുന്നതു് ഉപനിഷത്തിനും വേദത്തിനുമാണു്. ഒരു പക്ഷെ അതിൽ കണ്ടുകിട്ടാനൊത്തെന്നു വരികയില്ല. അല്ലെങ്കിൽ നമ്മളു പഠിച്ചു എന്നു വരത്തില്ല. എല്ലാ ശാസ്ത്രവും നമ്മളു നോക്കിയെന്നു വരത്തില്ല. അല്ലെങ്കിൽ നമ്മളു പഠിച്ചുഎന്നു വരത്തില്ല. അങ്ങനെ വരുമ്പോൾ താൻ നോക്കിയിരിക്കുന്നു. ശാസ്ത്രത്തിൽ കണ്ടില്ലെങ്കിൽ അതു കൊണ്ടതുപേക്ഷിക്കുക എന്നു വരരുതു്. അതിനു വേണ്ടി എന്തു ചെയ്യണം എന്നു വച്ചാൽ മഹത് സമ്മതം ഉണ്ടോ എന്നു നോക്കണം. ശാസ്ത്രമെന്നു ഗണിക്കാൻ വയ്യാത്തതും എന്നാൽ മാന്യമായിട്ടു നമുക്കു കൽപിക്കാവുന്നതുമായ വലിയ മഹാത്മാക്കളാരെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നു നോക്കണം. ഈ അടുത്ത കാലത്താണെങ്കിൽ ശങ്കരാചാര്യരു്, ശ്രീരാമകൃഷ്ണൻ ഇങ്ങനെയുള്ള മഹത്തുക്കളാരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ നമുക്കതംഗീകരിക്കാം. ആ ബുദ്ധിയെ നമുക്കു സ്വീകരിക്കാം. അതുമല്ലെങ്കിൽ സുസമ്മതനായ ആചാര്യൻ—ശാസ്ത്രത്തിൽ നിർണ്ണയമുണ്ടായിരുന്ന ആളാണു് എന്നു നമുക്കു ബോധ്യമുള്ള ആചാര്യനാണു് നമ്മളെ പഠിപ്പിച്ചിരിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ സമ്മതം. ഈ മൂന്നു സമ്മതവും ഇതി

നില്ലെങ്കിൽ അതു നമ്മൾ ഉപേക്ഷിച്ചാൽമതി. അങ്ങനെയാണു്. ആ ബോധത്തെ നമ്മൾ പിടിക്കേണ്ടതു്. അല്ലാതൊരു ബോധത്തെ പിടിച്ചാൽ മററു രീതയിലൊക്കെ പോകേണ്ടതായിട്ടു വരും. കേട്ടിട്ടില്ലേ—കാളകത്തുക എന്നുള്ളതാണു് ഒരു പ്രസ്ഥാനക്കാരുടെ പ്രത്യേകത—കാളകത്തി ഒരുപാറാ വളയമിടുക—അപ്പോൾ ഇന്ന പ്രസ്ഥാനത്തിന്റെ പരമ്പരയായി. ഇങ്ങനെയൊക്കെയുള്ള രീതിയിൽ പോകേണ്ടതായിട്ടും അതിനൊല്ലാം നടക്കേണ്ടതായിട്ടും വരും. അത്തരം പ്രസ്ഥാനമല്ലഇതു്. ബോധത്തെ എപ്പോഴും ഡിപ്പെൻറുചെയ്തല്ലാതെപോകരുതു്. ഇതു സ്വാമി എന്റെടുക്കൽ പറഞ്ഞിട്ടുള്ളതാണു്.

ചോ: ശ്രുതിയുക്തിയനുഭവങ്ങളിൽ കൂടി പഠിക്കണം എന്നുപറയുന്നതു് ഇതിനെയാണോ?

ഉ: ശ്രുതി എന്നുപറയുന്നതു് വേദം. യുക്തിയെന്നുപറയുന്നതു് ബോധത്തെ—നല്ല—ബുദ്ധിപരമായിട്ടു് സ്വീകരിക്കണം എന്നുള്ളതാണു്. അനുഭവം എന്നുപറഞ്ഞാൽ അതു് യഥാർത്ഥത്തിൽ നമുക്കു് അനുഭവപ്പെട്ടുമിരിക്കണം. ഇപ്പോൾ ശ്രുതിയിലുണ്ടു്, യുക്തിയുമുണ്ടു്. അനുഭവം ഇല്ലെങ്കിൽ പ്രയോജനം ഇല്ല എന്നുള്ളതാണു്. ശ്രുതിയിലുണ്ടു് യുക്തിയില്ലെങ്കിൽ അവനു് അനുഭവം വരാൻ പോകുന്നില്ല. അതായതു് അവനു് അതിന്റെ യുക്തി തോന്നണം. ഇതു് എല്ലാവരും മനസിലാക്കേണ്ട ഒരു ഭാഗം കൂടിയാണു്. അതായതു് നമ്മളിപ്പോൾ ഉപനിഷത്തിനെക്കുറിച്ചു പറഞ്ഞു—സ്വർഗ്ഗത്തിനെക്കുറിച്ചു തന്നെ പറഞ്ഞു. അങ്ങനെയുള്ള ഒരു പറച്ചിലുവന്നാൽ ബുദ്ധിക്കു് യുക്തി യുക്തമാണെന്നുതോന്നിയില്ലെങ്കിൽ തീർച്ചയായിട്ടും ആ ആളിനെ സംബന്ധിച്ചിടത്തോളം

അവനു് അതനുഭവത്തിൽ വരുത്തില്ല. ശ്രുതിയും യുക്തിയും എപ്പോഴും ഒന്നിച്ചുകൂടുന്നുവോ അപ്പോൾ മാത്രമേ അനുഭവം ഉണ്ടാകുകയുള്ളൂ. അതായതു് ധ്യാനത്തിൽ തന്നെ പറയും ഇന്നയിന്ന ഭാഗത്തു് ഇന്നയിന്ന രൂപത്തിൽ ഇന്നയിന്ന രീതിയിൽ ധ്യാനിക്കണം—ആ ധ്യാന മംഗലത്തിൽ ആ—പ്രത്യേക സ്ഫോടത്തിൽ—വെളിക്കുള്ള സ്ഫോടം—ആ – ഹൃദയാന്തർഭാഗത്തുനിന്നും അവിടെ രൂപീകരിക്കുന്നതും—ഇതെല്ലാംകൂടി ഏകീകരിച്ചു്–വെളിയിലോട്ടുള്ള ചിന്തകളോ വെളിയിലോട്ടുള്ള വിചാരങ്ങളോ മാറിയിട്ടു്—അപ്പോൾ മററുള്ളിടത്തോട്ടുള്ള പോക്കെല്ലാമങ്ങു മാറും—മാറിയിട്ടു് അതുമാത്രം എപ്പോൾ ഏകീകരിക്കുന്നുവോ അപ്പോഴാണു് അനുഭവം ഉണ്ടാകുന്നതു്. അല്ലെങ്കിൽ അനുഭവം ഉണ്ടാകത്തില്ല. അങ്ങനെ എല്ലാത്തിനേയും അപോഹിച്ചുചെയ്തു് അതിൽതന്നെ നിൽക്കണം. അതിനു് ശ്രുതിയും യുക്തിയും ബോധവും ഇതെല്ലാമുണ്ടെങ്കിലേ സാദ്ധ്യമാകൂ.

ചോ: ഇതു ധ്യാനമാർഗ്ഗത്തിനെ സംബന്ധിച്ചുള്ള കാര്യമല്ലേ?

ഉ: ഏതുമാർഗ്ഗത്തിനായാലും ശ്രുതിയും യുക്തിയുമില്ലാതെ സാദ്ധ്യമല്ല. ഇപ്പോൾ ധ്യാനമാർഗ്ഗത്തെക്കുറിച്ചു് പറഞ്ഞതുകൊണ്ടു് അതുപറഞ്ഞു എന്നേയുള്ളൂ.

ചോ: എങ്ങും നിറഞ്ഞ സ്വരൂപത്തിൽ നമ്മൾ നിറവുററുനിലകൊള്ളുമ്പോൾ പിന്നെയെന്തിനാണീധ്യാനവും ഉപാസനയും മററും?

ഉ: അതൊരു കാര്യമുണ്ടു്. എങ്ങും നിറഞ്ഞിരിക്കുന്ന സ്വരൂപമെന്നുപറഞ്ഞു. അങ്ങനതുബോധ്യമായോ ബോധ്യമായെങ്കിൽ ഉപദ്രവമൊന്നുമില്ല. ഞാൻ പറയാം—

എല്ലാവരുംമനസ്സിലാക്കാൻ കൊള്ളുാവുന്നതാണു്. ഞാൻ തന്നെയിരിക്കുന്നു. ഞാൻ ആത്മാവാണു്. ആ ആത്മാവിന്റെ ഒരു വിവരണം കിട്ടി. ആ വിവരണത്തിനകത്തു് ഇതു ദഹിക്കുന്നതല്ല. ഇതു നശിക്കുന്നതല്ല—ഇതിനു കാലമില്ല ഇങ്ങനൊക്കെ പറയുന്നു. നമ്മൾ തനിയെ അങ്ങോട്ടിരുന്നു് ഞാൻ ആത്മാവാണു് എന്നാണല്ലോ പറയുന്നതു്—തനിയെ പറയുകയാണു്—അന്യന്റെ അടുത്തു പറയുന്നില്ല എന്നും വയ്ക്കുക. എനിക്കു് നാശമില്ലേ—എന്നു് അങ്ങനെ അങ്ങോട്ടു ചോദ്യംവരും. അപ്പോൾ ആ ചോദ്യത്തിനെ യുക്തികൊണ്ടു മഥനം ചെയ്തു് അതിന്റെ ശരിയും തെററും മനസ്സിലാക്കണം. അതായതു് ഞാൻ എന്നു പറയുന്നിടത്തു് നശിക്കാത്തതായ ഒരു ഭാഗമുണ്ടു് മനുഷ്യനെ സംബന്ധിച്ചിടത്തോളം നശിക്കുന്നതായ ഒരു ഭാഗവുമുണ്ടു്. അതിൽ നശിക്കാത്തതായ ഒരു ഭാഗത്തിനു് മാത്രമേ ആത്മാവെന്നു പറയാൻ സാധ്യമാകു. ആ നശിക്കുന്നതായ ഭാഗത്തിനെ നമ്മളങ്ങു കൈവെടിയണം. കൈവെടിഞ്ഞിട്ടു് മറേറതിൽ രതനാകണം. അപ്പോൾ ആത്മവാനാകും.

ഓം.

തത്സത്

# II

1980 ഏപ്രിൽമാസം 4-ാംതീയതി (22-8-1155) ഓച്ചിറ ഹിന്ദുമത ഗ്രന്ഥശാലയിൽ വച്ച് നടത്തിയ സത്സംഗത്തിൽ ഹംസയോഗം, കുണ്ഡലിനീയോഗം മുതലായവയെപ്പററി സം പൂ ജ്യ നാ യ സാധു ചുളൂർ ശ്രീധരൻ നായർ നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

ॐ

## ശ്രീ ഗുരവേ നമഃ

ആത്മോദ്ധാരണത്തിന് സർവ്വ തത്വങ്ങളുടേയും വിശേഷജ്ഞാനവും മനോനിശ്ചയവും അത്യാവശ്യമാണ്.

ആന്തരികമായ ശാസനകൊണ്ടും ശാസ്ത്രീയമായും പുരോഗമിച്ചിട്ട് സമാധിയിലെത്തിച്ചേരുന്ന ഒരു വിശിഷ്ട പ്രക്രിയയാണ് രാജയോഗം.

മന്ത്രയോഗം, ലയയോഗം ഹഠയോഗം, രാജയോഗം എന്ന് നാലുതരത്തിൽ നമ്മുടെ യോഗികളിൽ ചിലർ ഇതിനെ തിരിച്ചിട്ടുണ്ട്. ഹംസയോഗവും കുണ്ഡലിനീയോഗവും ഇതിനുപുറമേയാണെന്നും വാദിക്കുന്നവരുണ്ട്.

ഈ എല്ലാ വകക്കാർക്കും മോക്ഷത്തിന്നവകാശമുണ്ടു്.

മോക്ഷമാഗ്രഹിക്കുന്ന ജപയോഗികൾ കേവല കുംഭകത്തിൽ മാനസികജപം നടത്തണം. അഭ്യാസം കൊണ്ടു് പ്രാണമനസുകളെ യോജിപ്പിച്ചു് പരമമായനാദത്തിൽ ലയിച്ചിരിക്കുന്നതിന്നു് ലയയോഗം.

യമനിയമാസന പ്രാണായാമ പ്രത്യാഹാരധാരണാ ധ്യാനസമാധികളെ സമ്പാദിച്ചു് പ്രാണായാമമൊന്നു കൊണ്ടുതന്നെ മനസ്സിനെവശപ്പെടുത്തി ആത്മവാനായി നില കൊള്ളുന്നവനെ ഹഠയോഗി എന്നുപറയുന്നു.

മന്ത്രലയ ഹഠയോഗങ്ങളുടെ അഭ്യാസത്താൽ ഉണ്ടാകുന്നലക്ഷ്യങ്ങളിൽ ബ്രഹ്മനിരതനായി ജ്ഞാനോപായാദി മനോവൃത്തിരഹിതനായിട്ടിരിക്കുന്നതു് രാജ യോഗം.

ഇതിൽ കേവലകുംഭകം സമ്പാദിച്ചു് ദൃഢപ്പെടുത്തി തത്വനിരൂപണാനന്തരം ബ്രഹ്മസാക്ഷാത്കാരമടയുന്നതു് സാംഖ്യം.

കേവലകുംഭകത്തിൽ അന്തർലീനമായിരുന്നു് ബാഹ്യമുദ്രകാം ശീലിച്ചു് ബാഹ്യ ലക്ഷ്യത്തോടു് ആത്മ സാക്ഷാത്കാരമടയുന്നതു് താരകയോഗം.

അന്തർ ലക്ഷ്യങ്ങളിൽ സാക്ഷാത്ക്കാരമടയുന്നതു് അമനസ്കയോഗം.

ശരീരേണ ജിതാ സർവേ
ശരീരം യോഗാദിർജിതം
യോഗാൽ സഞ്ജായതേജ്ഞാനം
ജ്ഞാനാദ്യോഗം പ്രവർത്തതേ
യോഗജ്ഞാന പരോനിത്യം
സയോഗീന പ്രണശ്യതി

## അഷ്ടാംഗയോഗം

യമനിയമാസന പ്രാണായാമ പ്രത്യാഹാരധാരണാ ധ്യാന സമാധി.

അഹിംസാ സത്യമസ്തേയ ബ്രഹ്മചര്യ ക്ഷമാ ധൃതി ദയ ആർജ്ജവ മിതാഹാര ശൗചപത്തിവയമം.

തപസന്തോഷമാസ്തിക്യം ദാനമീശ്വര പൂജനം സിദ്ധാന്തവാക്യശ്രവണം ഹ്രീമതീ ജപോഹുതം പത്തിവ നിയമം.

സ്വസ്തിക്, ഗോമുഖം, വീരം, കൂർമ്മം, പത്മ സിംഹ ഭദ്ര മുക്ത മയൂര സുഖ ഇവ പന്ത്രണ്ട് ആസനങ്ങൾ

പത്മം സിദ്ധം തഥാ സിംഹം ഭദ്രമെന്നിവ നാലു താൻ പ്രധാനം.

## പ്രാണായാമം

ഉറച്ച ആസനത്തിലിരുന്ന് ഇന്ദ്രിയ നിഗ്രഹത്തോടും ഹിതവും മിതവുമായ ആഹാരത്തോടും ഗുരൂപദേശ പ്രകാരം പ്രാണായാമങ്ങളെ അഭ്യസിക്കാം.

ആസനത്തിൽ സുഖമായിരുന്ന് ഇടത്തേമൂക്കിൽ കൂടി ശ്വാസത്തെ സാവധാനമുള്ളിലേക്കു കടത്തണം. ശക്തിക്കനുസരിച്ചുള്ള സമയം അടക്കി വച്ചതിന്റെ ശേഷം വലത്തെ മൂക്കിൽകൂടി സാവധാനം വെളിയ്ക്കു വിടണം. വലത്തേ മൂക്കിൽ കൂടി സാവധാനം ശ്വാസം കയററി വയറു നിറച്ചതിനു ശേഷം കുംഭകം ചെയ്തു ഇടത്തേമൂക്കിൽ കൂടി സാവധാനം വിടണം—വിടുന്ന മൂക്കിൽ കൂടി തന്നെ കയററണം.

ഇങ്ങനെ ശക്തിക്കനുസരിച്ച് ചെയ്യാം. ഇപ്ര

കാരം ചെയ്താൽ മൂന്നുമാസംകൊണ്ടു് സാദ്ധ്യകം ശുദ്ധമായി കിട്ടും. ചെറിയ തോതിൽ ചെയ്താൽ വിയർക്കും ... ൽ കൂടിയാൽ വിറയ്ക്കും. അതിൽക്കൂടിയാൽ ലക്ഷ്യങ്ങളുണ്ടു്. പ്രാണായാമാനന്തരം പാലും നെയ്യും കൂട്ടി ആഹാരം കഴിയ്ക്കണം.

## പ്രത്യാഹാരം

എല്ലാ ഇന്ദ്രിയങ്ങളേയും സർവ വിഷയങ്ങളിൽ നിന്നുംപിൻവലിച്ചു് സ്വസ്ഥനാകുന്നതിനു് പ്രത്യാഹാരം.

മനസ്സു് നല്പതിൻ വണ്ണം നിയന്ത്രിച്ചു് സർവ്വവും ബ്രഹ്മമായി കാണുകയോ ബ്രഹ്മത്തിൽ കാണുകയോ ചെയ്യുന്നതു് പ്രത്യാഹാരം.

അഥവാ വായുമാകൃഷ്യ
സ്ഥാനാത് സ്ഥാനം നിരോധയേത്
ദന്തമൂലാത് തഥാകണ്ഠേ
കണ്ഠാ ദുരസിമാരുതം
ഉരോ ദേശാത് സമാകൃഷ്യ
നാഭിദേശേ നിരോധയേത്
നാഭി ദേശാത് സമാകൃഷ്യാ
കുണ്ഡല്യാം തു നിരോധയേത്
കുണ്ഡലീ ദേശതോ വിദ്വാൻ
മൂലാധാരേ നിരോധയേത്
അഥാപാനാത് കടിദ്വന്ദ്വേ
തഥോരൌ ചസുമദ്ധ്യമേ
തസ്മാദ് ജാനുദ്വയേ ജംഘേ
പാദാംഗുഷ്ഠേ നിരോധയേത്
പ്രത്യാഹാരോയ മുക്തസ്തു
പ്രത്യാഹാര പരൈ പുരാ
ഇന്ദ്രിയാണിന്ദ്രിയാണേഭ്യോ

ത്യ് പ്രത്യാഹർണംസ്പുടം
യോഗീ കുംഭക മാസ്ഥായ
പ്രത്യാഹാരസ ഉച്യതേ:

## ധാരണ

യദ്യത് പശ്യതിചക്ഷുർഭ്യാം
തത്തദാത്മേതിഭാ വയേത്
യദ്യത്ശ്രൃണോതി കർണ്ണാഭ്യം
തത്തദാത്മേതി ഭാവയേത്
ലഭതേനാസയായദ്യത്
തത്തദാത്മേതി ഭാവയേത്
ജിഹ്വയായദ്രസംഹ്യതി
തത്തദാത്മേതി ഭാവയേത്
ലഭതേനാസയായദ്യത്
തത്തദാത്മേതിഭാവയേത്
ഏവം ജ്ഞാനേന്ദ്രിയാണാംത്തു
തത്തദാത്മേതി ഭാവയേത്
ത്വചായദ്യത് സ്പൃശേദ്യോഗി
തത്തദാത്മേതിഭാവയേത്

## ധ്യാനം

ഇഷ്ടദേവതാധ്യാനം—സവിശേഷ ബ്രഹ്മമെങ്കിൽ ഏററവും മികച്ച വിശേഷതകളോടു കൂടി സച്ചിദാനന്ദ സ്വരൂപിയായ ഇഷ്ടദേവത അല്ലെങ്കിൽ നിർവിശേഷ ബ്രഹ്മമായ സച്ചിദാനന്ദസ്വരൂപിയും പരമാത്മാവുമായ ലക്ഷണ ബ്രഹ്മത്തിൽ ധ്യാനമുറപ്പിയ്ക്കുക.

ശക്തിമദ്ധ്യേ മനകൃത്വാ
ശക്തിം മാനസമധ്യഗാം
മനസാ മനആലോക്യ

ധാരയേൽ പരമംപദം
ഖമധ്യേ കുരു ചാത്മാനം
ആത്മമധ്യേ ച ഖം കുരു
സർവ്വം ച ഖമയം കൃത്വാ
നകിഞ്ചിദപി ചിന്തയേൽ

## സമാധി

അന്തഃശൂന്യോ ബഹിഃശൂന്യ
ശൂന്യകുംഭ ഇവാംബരേ
അന്തഃപൂർണ്ണോ ബഹിഃപൂർണ്ണ
പൂർണ്ണകുംഭ ഇവാർണ്ണവേ
ബാഹ്യചിന്താന കർത്തവ്യ
തഥൈവാന്തരചിന്തനം
സർവചിന്താം പരിത്യജ്യ
നകിഞ്ചിദപിചിന്തയേൽ
കർപ്പൂര മനലേയദ്വൽ
സൈന്ധവം സലിലം യഥാ
തഥാസന്ധീയമാനഞ്ച
മനസ്തത്വേവിലീയതേ
ഏവംനാനാവിധോപായേന
സമ്യക്സാൻ ഭവനാപിതാ
സമാധിമാർഗകഥിതാ
പൂർവാചാര്യ മഹാത്മഭിഃ
അലൈയാതെ പേരിമ്പവാ
നന്ദവെള്ളത്തിൽ
നിലൈയായുരുവിറന്തു
നിൻെറ നൈയെന്നെണ്പമേ

മനമേ നീ അഴിവില്ലാത്ത ജ്ഞാനാനന്ദ ജലത്തിൽ മുഴുകി യിരുന്ന് രൂപനാമങ്ങളില്ലാത്തനിലയെ പ്രാപിച്ചുവല്ലോ.

വിണ്ണിറന്തു മണ്ണിറന്തു
വെള്ളിയിറന്തു പൊള്ളിയിറന്തു
എണ്ണിറന്തു നിൻറതിലേ
ഏകിരിത്തായ് നെഞ്ചമേ

മനമേ! സ്വർഗ്ഗം ഭൂമി ആകാശം പ്രകാശം പരിമാണം എന്നിവയൊക്കെ അതിക്രമിച്ചു വിളങ്ങുന്ന പരമ്പൊരുളിൽ നീ ഏകമായി തീർന്നുപോയല്ലോ.

വിരുപ്പു വെറുപ്പില്ലാതെ
വെട്ടവെളിയതിനിൽ
ഇരുപ്പേ ചുകമെൻറിരു
ന്തനൈയേ നെഞ്ചമേ

സ്നേഹമോ വിരക്തിയോ തീരെയില്ലാതെയരിക്കുന്ന ശുദ്ധശൂന്യമായ ചിദാകാശത്തിൽ എപ്പോഴുമിരിക്കുന്നതു തന്നെ സുഖമെന്നറിഞ്ഞു നീ അവിടെത്തന്നെയിരുപ്പുറപ്പിച്ചോ.

★

# III

1 വിഗ്രഹാരാധന ഹിന്ദുമതത്തിൽ അംഗീകരിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണു്. ഇതിനു് വേദ സമ്മതിയുള്ളതാണു്. വേദം ഹൈന്ദവ സിദ്ധാന്തത്തിന്റെ എല്ലാം പ്രമാണമാണു്.

വേദപ്രമാണം സ്മൃതയ പ്രമാണം
ധർമ്മാർത്ഥ സംയുക്തവച പ്രമാണം
യസ്യപ്രമാണം ന ഭവേൽ പ്രമാണം
കസ്തസ്യ കാര്യാവചനം പ്രമാണം.

വേദങ്ങൾ പ്രമാണമാകുന്നു. സ്മൃതികൾ പ്രമാണമാകുന്നു. ധർമ്മാർത്ഥാനുകൂലങ്ങളായ വാക്യങ്ങൾ പ്രമാണമാകുന്നു. യാതൊരുവൻ പ്രമാണങ്ങളുടെ പ്രാമാണ്യം അംഗീകരിക്കുന്നില്ലയോ അവന്റെ വചനത്തെ ആരാണു് പ്രമാണമായിട്ടംഗീകരിക്കുക!

ആയതിനാൽ വേദവചനങ്ങൾ ഇതിനനുകൂലമായിട്ടുണ്ടോ എന്നന്വേഷിക്കേണ്ടതുണ്ട്.

1 തൈത്തരീയം കണ്വസംഹിത
കാണ്ഡം 4 പ്രശ്നം 3.
സുരൂപാം പ്രതിമാം വിഷ്ണോഃ
പ്രസന്ന വദനേക്ഷണാം.
താമർച്ചയേത്താം പ്രണമേത്താം
യജേത്താം വിചിന്തയേത്.

പ്രസന്നമായ മുഖം കണ്ണുകൾ ഇവകളോടു കൂടിയ വിഷ്ണുവിന്റെ മനോഹരമായ രൂപമുള്ള പ്രതിമ ഏതോ അതിനെ പൂജിക്കേണ്ടതാകുന്നു. വണങ്ങേണ്ടതാകുന്നു. ആരാധിക്കേണ്ടതാകുന്നു. ധ്യാനിയ്ക്കേണ്ടതാകുന്നു.

2 അഥർവണ വേദം കാണ്ഡം 1 കല്പം 2.
ഏഹ്യശ്മാന മാന്തിഷ്ട
അശ്മാത് ഭവതുതേതനു

അല്ലയോ ഭഗവാനേ വന്നാലും ഈ പ്രതിമയിലെഴുന്നള്ളിയിരുന്നാലും, അങ്ങയ്ക്ക് ശരീരമായതു് ഈ കൽവിഗ്രഹമായിരിയ്ക്കട്ടെ.

ഇതുപോലെ ചില വ്യക്തമായ സൂചനകൾ വേദങ്ങളിൽ കാണാൻ കഴിയും.

ഇനിയും പുരാണേതിഹാസങ്ങളിലേയ്ക്ക് കടക്കാം ഭഗവാനദ്ധവർക്കുപദേശിക്കുന്നു.

3 ശൈലീ ദാരുമയീലൌഹീ
ലേപ്യലേഖ്യാച സൈകതീ
മനോമയീമണിമയീ
പ്രതിമാ അഷ്ടവിധാസ്മൃതാ.

4 അല്പ ബുദ്ധികൾക്കായിക്കൊണ്ട് പ്രതിമ ഉപയോഗിയ്ക്കുന്നു—പ്രതിമാ സ്വല്പ ബുദ്ധീനാം.—

പ്രതിമയിൽ കൂടി എങ്ങനെയാണു് ഉപാസന നടത്തേണ്ടതു്.

5 ശ്രവണം, കീർത്തനം, സ്മരണം, സേവ,
അർച്ചനം, ദാസ്യം, വന്ദനം, കൈങ്കര്യം,
സഖ്യം, ആത്മ നിവേദനം.

ഇത്രയും വിധത്തിൽ നടത്താമെന്നു് പറയപ്പെടുന്നു

ഇത്രയും കൊണ്ടു് പ്രമാണവും അതിന്റെ ചില വിവരണവും കിട്ടി. എന്നാൽ ഇതിനു് യുക്തി സമ്മതമുണ്ടോ എന്നൊന്നു് പരിശോധിക്കാം.

ഒരു സ്ഥലം എവിടെ എന്നു് ചോദിച്ചാൽ ആരും ആ സ്ഥലത്തുചെന്നു് ഇതേന്നു ചൂണ്ടികാണിക്കുക സാധ്യമല്ലല്ലോ. ഇതിനെ മനസ്സിലാക്കുന്നതിനു് ഭൂപടങ്ങളുപയോഗിക്കാറു്. അതിൽ ഇതാ ഇതു് ഓച്ചിറ, ഇതു് കരുനാഗപ്പള്ളി, ഇതു് നീണ്ടകര, ഇതു് കൊല്ലം എന്നിങ്ങനെ വ്യക്തമായി ചൂണ്ടികാണിക്കുന്നു. ഇതു് സർവ്വ സമ്മതമായിട്ടാരും അംഗീകരിച്ചിട്ടുണ്ടെന്നു് പറയേണ്ടതില്ലല്ലോ.

ഇതേരീതിയിൽ അരൂപിയായ ഈശ്വരനെ മനുഷ്യമുകുരത്തിൽ പതിക്കുവാനുതകത്തക്കവണ്ണം ചെയ്തിട്ടുള്ളതാണു് വിഗ്രഹങ്ങൾ.

നേരെനോക്കാൻപോലും സാധിക്കാത്ത സൂര്യനെ ഒരു ജലപാത്രത്തിൽ പ്രതിബിംബിച്ചു കാണിക്കുമ്പോൾ നോക്കുവാൻ സാദ്ധ്യവും വ്യക്തവുമായി കാണുന്നു. ആ പ്രതിബിംബത്തെ കാട്ടി ഇതു് സൂര്യനെന്നു പറയുന്നു.

അതുപോലെ മഹേശനെ ബിംബത്തിൽ പ്രതിഷ്ഠിച്ചു കാണിക്കുമ്പോഠം അതു് മ ഹേ ശ നാ ണെ ന്നു പറയുന്നു. ദേവന്മാരുടെ പുത്രോല്പത്തി സങ്കല്പംകൊണ്ടാണു്. അതു പോലെ ആഗമ തന്ത്ര മന്ത്രങ്ങളറിയാവുന്ന ഭൂദേവന്മാർ വിധിയനുസരിച്ചു് ബിംബത്തിൽ പ്രാണ പ്രതിഷ്ഠ നടത്തുന്നു.

ഇതിൽ ഈശ്വര ദർശനം എങ്ങനെ സാദ്ധ്യം എന്ന തിനെ യുക്തിയുക്തം വെളിപ്പെടുത്തുന്ന ഒരു മഹനീയ ഭക്തന്റെ ഒരു യുക്തിയിലേക്കു് കടക്കാം.

സാന്ദ്രാനന്ദാവ ബോധാത്മക മനുപമിതം
ദേശകാലാവധിഭ്യാം
നിർമുക്തം നിത്യ മുക്തം നിഗമശതസഹ
സ്രേണ നിർഭാസ്യമാനം
അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരു പുരുഷാർത്ഥാത്മകം
ബ്രഹ്മ തത്വം
തത്താവദ്ഭാതി സാക്ഷാത് ഗുരുപവന പുരേ
ഹന്തഭാഗ്യം ജനാനാം.

ഇടതിങ്ങി നിറവുററ ബോധ സ്വരൂപമായും ഒന്നി നോടും ഉപമിക്കപ്പെടാൻ പ്രയാസമുള്ളതും ദേശം കാലം തുടങ്ങിയവയിൽനിന്നും മുക്തമായുള്ളതും എന്നും മുക്ത മായിതന്നെ നിലകൊള്ളുന്നതും ആയിരക്കണക്കിനുള്ള ആഗമ സൂക്തങ്ങളെക്കൊണ്ടു് വെളിപ്പെടുത്തപ്പെടാവു ന്നതും അസ്പഷ്ടമായിമാത്രം കാണപ്പെടുന്നതും പരമപു രുഷാർത്ഥവുമായിരിയ്ക്കുന്ന ബ്രഹ്മതത്വം ഗുരുവിനാൽ പരിശുദ്ധമാക്കപ്പെട്ട പുരത്തിൽ (ഹൃദയകമലേ) പ്രകാ ശിച്ചുകൊണ്ടു് നിലകൊള്ളുന്നു. ജനനമെടുത്ത ജനത്തി ന്റെ മഹാഭാഗ്യം.

ഈ നിലയിൽവരെ വിഗ്രഹാരാധന നിലക്കൊള്ളുന്നു. ഇതു ഹിന്ദുമതത്തിനു ഒരു ഭ്രഷ്ടുംചെയ്യുന്നില്ല. അതുകൊണ്ടു ഇതുമാത്രമാണു ഹിന്ദുമത സിദ്ധാന്തമെന്നോ ഇതില്ലാതെ മേൽഗതി സാദ്ധ്യമല്ലെന്നോ ആരും കരുതരുതു.

ഹിന്ദുമതത്തിലെഉപാസനാമാർഗ്ഗത്തിൽപോലും മററനവധി തുല്യപ്രാധാന്യമോ അതിലേറെ പ്രാധാന്യമോ ഉള്ള അനവധി പ്രസ്ഥാനങ്ങളുണ്ടു. അതിൽ ചിലതിലേയ്ക്കും നമുക്കുകടക്കാം.

## മന്ത്രോപാസന

ഇതു വേദവേദാന്തസമ്മതവുള്ളതാണു.

മന്ത്രങ്ങൾ പലവിധത്തിലുണ്ടു.

താരകമന്ത്രങ്ങൾ എന്നു പറയപ്പെടുന്ന ചിലമന്ത്രങ്ങൾ.

1 ഹരേ രാമ ഹരേരാമ രാമരാമ ഹരേഹരേ
ഹരേകൃഷ്ണ ഹരേകൃഷ്ണ കൃഷ്ണകൃഷ്ണ ഹരേഹരേ
2 രാമ മന്ത്രം
3 ഓം നമോ നാരായണായ
4 ശിവ
5 നമഃശിവായ
6 ഓം

ഇങ്ങനെ അനവധി മന്ത്രങ്ങൾ വേദങ്ങളിൽപോലും സമ്മതിച്ചിട്ടുണ്ടു. ഇതിൻെറ മാഹാത്മ്യവും സാധനയും അത്യന്തം മഹത്തരമാണു.

ഏതു ദേവതയേയും പ്രത്യക്ഷപ്പെടുത്തുന്നതിനും അനുഗ്രഹാശിസുകൾ ലഭിക്കുന്നതിനും ഇതുകാരണമാണു

ഇത്രയും കൊണ്ടു ഈ രീതിനിറുത്തിയിട്ടു നമുക്ക വേദാന്ത വിഭാഗത്തിലേയ്ക്കു കടക്കാം.

# IV

## ശ്രീ സത് ഗുരുവേ നമഃ

## യോഗാനന്ദാനുഭൂതി

മുക്തസാകാര ബ്രഹ്മം **ചൂളൂർ ആർ. ശ്രീധരൻ നായർ സ്വാമികൾ** 1980 ജൂൺമാസം 1-ാം തീയതി (1155 ഇടവമാസം 19-ാം തീയതി) ഞായറാഴ്ച ഗോവിന്ദമുട്ടം പുതുപ്പള്ളി ചൂളൂർ യു. പി. സ്ക്കൂളിൽ വച്ച് വാത്സല്യാതിരേകത്താൽ അരുളിച്ചെയ്ത തിരുവായ്മൊഴികൾ.

ഹംസയോഗത്തേയും, പ്രകാശാനുസന്ധാനത്തെയും കുണ്ഡലിനിയോഗത്തെയും, ദൃശ്യ സമാധികളെയും, തത്വജ്ഞാനോദയത്തെയും മററും സംബന്ധിച്ചുള്ള

അതിപ്രധാനങ്ങളായ ഏതാനും സംഗതികളാണു് നിങ്ങളോടു പറയാൻ തുടങ്ങുന്നതു്.

ഹംസയോഗത്തിൽ ധ്വനികിട്ടാൻ യോഗ്യതവന്നിട്ടുള്ള ആളുകൾക്കു് ആ ശബ്ദംകിട്ടിക്കഴിഞ്ഞാൽ ചിണി ചിണിയെന്നുള്ള ശബ്ദം കേൾക്കും. അതു് ചിണിയെന്നും ചിഞ്ചിണിയെന്നും രണ്ടുതരത്തിൽ കേൾക്കും. ആദ്യത്തേതു കഴിഞ്ഞു് ചിഞ്ചിണിയെന്നുള്ള ശബ്ദം, നാമമണിയുടെ അല്ലെങ്കിൽ കുട്ടികളുടെ കാലിലെ ചിലങ്കയുടെ ശബ്ദം പോലെയാണു് കേൾക്കുന്നതു്. അപ്പോൾ ഈ മൂന്നു നാദങ്ങളും അന്യോന്യം ബന്ധപ്പെട്ടിരിക്കും. അതിൽ നമ്മൾ ശ്രദ്ധപതിപ്പിച്ചു് അതിന്മേലങ്ങനെ വിലയം കൊണ്ടിരിക്കുകയാണെങ്കിൽ പിന്നീടു് മണിനാദം തന്നെ കിട്ടും. അതു പൂജയ്ക്കു കിലുക്കുന്ന മണിയുടെ നാദം പോലെയായിരിക്കും. എന്നാൽ പ്രണവം ധ്വനിയ്ക്കത്തക്കവണ്ണം 'ങിണിം-ങിണിം' എന്നിങ്ങനെ അടിച്ചുകൊണ്ടിരിക്കുന്ന ആ നാദം തുടർന്നുകിട്ടും. അവിടം മുതൽ പ്രയോജനം കൂടുതലുള്ളതാണു്. അതിനെ അനുസന്ധാനം ചെയ്താൽ അതുതന്നെമതി നമുക്കു് ലയത്തിനു്. വേറെ ഒരു വഴിക്കും നമ്മുടെ ഏകാഗ്രത പോകുന്നില്ല. അതിൽ തന്നെ താല്പര്യപ്പെട്ടിരിക്കും. അത്ര സുഖാത്മകമാണതു്.

ആദ്യം കിട്ടുന്ന ശബ്ദം അതിനുമുമ്പനുഭവമില്ലാത്തതു കൊണ്ടു് അത്ഭുതമായി തോന്നും. എന്നാൽ ഇതങ്ങനെയല്ല. ഇതു് അതിനകത്തു് നാദരസമുണ്ടാകും. ആ നാദരസം സ്ഫുടമായി കഴിഞ്ഞിട്ടാണു് മൃദംഗവും വീണാനാദവും കേൾക്കുന്നതു്. അവരണ്ടും വളരെയധികം രസാത്മകമാണു്. അതു് ശാസ്ത്രീയമായ രീതിയിൽ തന്നെ കേൾക്കും. കാരണമെന്തെന്നു വച്ചാൽ ഇതെല്ലാം ഓരോ ടിഷ്യൂസിന്റെ പ്രവർത്തനങ്ങളാണു്. ആ നാഡികളിൽ പ്രാണൻ ചെയ്യുന്ന വിക്രിയകളാണു കേൾക്കുന്നതു്. അതി

ന്നു അനുസന്ധാനം ചെയ്തുകൊണ്ടിരുന്നാൽ അതിൽ നിന്നും ഘണ്ടാനാദം, പെരുമ്പറയുടെ നാദം, അല്ലെങ്കിൽ ഭേരീനാദം, മേഘനാദം (ഇടി മുഴങ്ങുന്നതുപോലെ —ഒററപ്പെട്ട ഇടിപോലെയല്ല നിരന്തരം മുഴങ്ങിക്കൊണ്ടിരിക്കുന്നതുപോലെ) സമുദ്രാന്തർഗ്ഗതശബ്ദം(ജലത്തിൽമുങ്ങിയിരുന്നാൽ—അതിലും പ്രത്യേകിച്ച് സമുദ്രത്തിൽ മുങ്ങിയിരുന്നാലുള്ള ശബ്ദം) ഇവ കേൾക്കും. ഈ മൂന്നു ശബ്ദങ്ങളും അന്യോന്യം ബന്ധപ്പെട്ടതാണു്. അതിങ്ങനെ ഓരോ വിഭാഗത്തിൽ—അതായതു് ആദ്യത്തേതു് പ്രാരംഭ വിഭാഗത്തിലും, വീണ, മൃദംഗം, മണിനാദം ഇവ മൂന്നും അതിനടുത്ത വിഭാഗത്തിലും, മേഘനാദാദികൾ മൂന്നാം വിഭാഗത്തിലും പെട്ടതാണ്. ഇതു് സ്പഷ്ടമായിത്തന്നെ കേൾക്കും. ഇതു് ഒഴിയുകയില്ലയെന്നു മാത്രമല്ല ഇതൊന്നു നിന്നിട്ട് ഒന്നു വർത്തമാനം പറയാൻപോലും കഴിയുന്നില്ലല്ലോ? ബലാൽ നിറുത്താനും പാടില്ലല്ലോയെന്നുപോലും തോന്നും. അങ്ങനെയാണ് ഈ നാദത്തിൻെറ പ്രത്യേകതകൾ പക്ഷേ ഇതിൽ നിങ്ങൾ ഒരു ചെറിയകാര്യം അറിയുവാനുള്ളതു് ഈ നാദം നമ്മളല്ല, നമ്മുടെ ശക്തിയാൽ ഉണ്ടായിരിക്കുന്ന ഒരു വിക്രിയയാണു് എന്നുള്ളതാണ്. അപ്പോൾ അതു് മിഥ്യയാണു്. നാദം നമ്മളാവുകയെന്നുള്ളതുണ്ടാകാത്ത സ്ഥിതിക്കു് പിന്നെ നാദാന്തവടിവു വരണം. അതായതു് ശബ്ദങ്ങളെല്ലാം അങ്ങനെ കേട്ട് സുന്ദരമായിട്ടനുഭവിച്ചാനന്ദിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു് അതു് അങ്ങു നില്ക്കും. നിന്നിട്ട് ഒരു എറേറണൽ സൈലൻസ് അനുഭവപ്പെടും. അതു് നമ്മളാണു്. അതായതു് ആത്മാവ്—ആത്മ പുരുഷൻ. അതിനെയാണു് പ്രാപിക്കേണ്ടതു്. അല്ലാതെ നാദത്തെയല്ല.

പക്ഷേ നാദം വളരെനാളത്തേക്കു് തുടർന്നുകൊണ്ടിരുന്നേക്കും. അഥവാ അനുധാവനം ചെയ്തേക്കും. അതുകൊണ്ടുദോഷമൊന്നുമില്ല. കാരണം അതുനമ്മേ മററങ്ങും വിട്ടു

കയില്ല. ഇതിനിടയിൽ ഇതിൻ പേരിൽ ബലകമായി നമുക്ക് തൃപ്തിതോന്നുന്ന വിധത്തിൽ ഉള്ളതായ പല ദർശനങ്ങളും ഉണ്ടാകാം. ആരീതിയിലൊക്കെയാണ് നാദാനുസന്ധാനപരമായ പോക്ക്. അതിൻ്റെയും നിഷേധത്തിലാണ് നമ്മൾ നിലകൊള്ളേണ്ടതു്. അപ്പോൾനാദം ലഭ്യമാകുന്നുവെന്നുള്ളതുകൊണ്ട് അഹങ്കരിക്കുവാൻ പാടില്ല. കാരണം സാന്ദ്ര മധുരമായ ശബ്ദം നിനക്കൊന്നും നേടിത്തരുകയില്ലയെന്നു പറഞ്ഞിട്ടുള്ള യോഗികളുമുണ്ട്.

ചോ:-സ്വാമിപറഞ്ഞിട്ടുണ്ടല്ലോ-മണിയോശൈ .........

1 ഉ:-അല്ല-നാദാന്തവടിവുനടുനിലയായ് ................ അതു ധാരാളം പ്രാവശ്യം പറഞ്ഞിട്ടുള്ളതല്ലേ? നാദത്തിൻ്റ അവസാനം—സർവ്വ ശബ്ദത്തിൻ്റെയും അവസാനം കാണണമെന്നുള്ളതാണ്. അതിനു നടുനിലയായ് —നാദാന്തവടിവായ് അതായതു് കേന്ദ്രം അങ്ങനെ നിലകൊള്ളുന്നതാണ് യഥാർത്ഥത്തിലെ ആത്മാവ്.

ഇനിയും വിഷൻസിനെ സംബന്ധിച്ചാണെങ്കിൽ, ആ വിഷൻ മാത്രം കിട്ടുന്നവർ അതൃപ്തരാണെന്നു പറയാൻ പാടില്ല. വിഷൻസിനുള്ള ഒരു പ്രത്യേകത പ്രകാശം ഭ്രൂമദ്ധ്യത്തിൽ കിട്ടുകയെന്നുള്ളതാണ്. അതു് വളരെയധികം ചൈതന്യവത്താണ്. കാരണം അവിടെ കിട്ടുന്ന പ്രകാശം ആദ്യമൊക്കെ ഒരുവിളക്കിൻ്റെ പോലെയോ അല്ലെങ്കിൽ ചന്ദ്രബിംബംപോലെയോ ഒക്കെയാണ്. അങ്ങനെയതാവിഷ്കരിച്ചാൽ അതിൽ കേന്ദ്രീകരണം കൊടുക്കണം. കൊടുത്താൽ അതങ്ങു ഡവലപ്പുചെയ്തിട്ട് നമ്മളെ മറക്കുക—നമ്മുടെ ഇൻഡുവിഡുവാലിററി മറക്കുകയെന്നുള്ള നിലയിലേക്കു വരണം. അങ്ങനെ വരുമ്പോൾ പ്രകാശം ഏറേനേരൽ ആകും. ആ

പ്രകാശം തന്നെയാണു്. നമ്മളെന്ന ധൈര്യമായി വിശ്വസിക്കണം മനസിലായോ? മറെറടത്തു് നാദം നമ്മളാണെന്ന വിചാരിയ്ക്കുവാൻ പാടില്ല. ഇവിടെയതല്ല. പ്രകാശം നാം തന്നെയാണു്.

"ജ്യോതി സാംജ്യോതി രസ്മൃഹം അതുപിന്നെ, നാദത്തിൽ ശകലം കൂടി വ്യത്യാസമുണ്ടു്. ഇതങ്ങനെയല്ല നമ്മളുതന്നെയാണു് ആ പ്രകാശം."

ഇങ്ങനെ പ്രകാശത്തെ അനുസന്ധാനം ചെയ്യുമ്പോൾ രശ്മി കൊണ്ടുള്ളതായ പ്രാവിൻെറ കൂട്ട് അനവധി പ്രകാശ ജീവികൾ പറക്കുന്നതായും മററും കാണാം. അങ്ങനെ കണ്ടാൽ ആ കാണുന്ന ആൾ പ്രകാശ സ്വരൂപം അവൻെറ അണുരീതിയിൽ എത്തികഴിഞ്ഞുവെന്ന വിചാരിച്ചു കൊള്ളണം. കാരണം അവൻെറ പ്രാണൻ പ്രകാശ സ്വരൂപമായി മാറിയെന്നുള്ളതാണു്. ഇതിനും പുറമേ കൊല്യാൻ മിന്നുന്നതു പോലെയും മററും എന്നൊക്കെ പറഞ്ഞിട്ടുണ്ടു്. കൊല്യാൻ മിന്നുന്നതു് പെട്ടെന്നുള്ള ഒരു വലിയ മിന്നലായിട്ടല്ല. ചില മഴക്കാലത്തു് ആകാശത്തു് കൊല്യാൻ മിന്നിമിന്നി നിൽക്കുന്നതുപോലെയാണു്. അതുപോലെതൻെറ ഉള്ളിൽ നിന്നും ഭ്രൂമദ്ധ്യത്തിലൂം പിന്നെ ശിരസിലും മുഖത്താകമാനവും പ്രകാശം അങ്ങനെ വെട്ടി വെട്ടി വെട്ടിത്തിളങ്ങും. അപ്പോൾ മുന്നോട്ടുനോക്കിയാൽ ഒന്നും കാണാൻ സാധിക്കത്തില്ല. കൊച്ചുകുട്ടികളുടെ അടുത്തു് പ്രകാശരശ്മി കണ്ണാടിയിൽ കൂടി പ്രതിഫലിപ്പിച്ചു കാണിച്ചാൽഅവരു് പരിഭ്രമിക്കുന്നതുപോലെ ഈ പ്രപഞ്ചത്തെകാണിക്കാതെ ഈ മിന്നൽ പ്രകാശം കൊണ്ടുമൂടും. ആ നിലയിൽ പ്രകാശത്തെ കൊണ്ടുവരണം. അതു് തനിയെ വന്നുകൊള്ളുന്നതാണു്. നമ്മൾ ചെയ്യേണ്ടതു് നമ്മുടെ മുമ്പിൽ കിട്ടിയിരിയ്ക്കുന്ന

തായപ്രകാശത്തിൽമുഴുകുക എന്നുള്ളതുമാത്രമാണ്. അങ്ങനെ മുഴുകുമ്പോൾ ചിലർക്ക് അതിന്റെ നടുക്ക് നീലവർണ്ണം വന്നിട്ട് അതിൽ ചിലപ്പോൾ രൂപം നിഴലിക്കുകയോ മറ്റോ ചെയ്താലും അതു അക്ഷന്തവ്യമൊന്നുമല്ല. അതൊക്കെയങ്ങു മാറിക്കൊള്ളും. പിന്നീട് അതിനകത്തും പരിസരത്തുമെന്നല്ല നാനാഭാഗത്തും കാണുന്ന മറ്റുനിറങ്ങളുള്ളതെല്ലാം മാഞ്ഞുപോകും. പോകുന്നതു് എങ്ങോട്ടും പോകുന്നതല്ല. നമ്മൾ അതിന്റെ മദ്ധ്യത്തിൽ കണ്ടതായ ആ നീലജ്യോതിസ്സായി നമ്മൾ മാറുകയാണ്. അങ്ങനെ മാറുമ്പോൾ നമ്മൾ ആ ജ്യോതിസ്വരൂപിയായി മാറി എന്നുള്ളതു വിചാരിച്ചു കൊള്ളണം. ആ നിലയിൽ വന്നാൽ ഒരുകാലത്തും പശ്ചാത്തപിക്കേണ്ടിവരികയില്ലയെന്നുള്ളതു ധരിച്ചുകൊള്ളണം. ജ്ഞാനി നിയതിന്റെ ശാസ്ത്രീയ ഭാഗം കൂടി ഒന്നു ചൊല്ലിത്തരാം.

" നവചക്രോദിതങ്ങൾ ധ്യാനരൂപങ്ങൾ-
കൂടാത്തയാ—
യാകാരങ്ങൾ കണ്ടിടുന്നുണ്ടു യോഗീന്ദ്രന്മാർ
നാനാമാതിരിയായിട്ടവയെ ചൊല്ലാമിനി
മാറുതേ വടബീജം പോലെയും ചാമയെന്നു
പേരെഴും ധ്യാനത്തിനു തുല്യമായിടും ചാമ-
ത്തന്നരിക്കൊത്തും വാലാഗ്ര ഭാഗസ്ഥമാം
രോമത്തിൻശതഭാഗത്തിങ്കലൊന്നിനോടൊത്തും
സുമതേ ചിലനേരം സൂര്യജ്യോതിസ്സോടൊത്തും
സൂക്ഷ്മമെന്നപോലെയുംപിന്നെപ്രദേശാകൃതി
യാണ്ടുമിന്നാമിനുങ്ങിനൊത്തു സ്ഫടിക
വടിവാർന്നു. "

ഈ നിലയിലൊക്കെ ജ്യോതിസ്സുകളെ നാം കണ്ടുമുട്ടും. "നവചക്രോദിതങ്ങൾ ധ്യാനരൂപങ്ങൾ കൂടാത്തവയായ്"

അതായത്ത് കണ്ഡലിനിയെ സംബന്ധിച്ച് ഷഡാധാരങ്ങളെന്നു പറഞ്ഞ് ആധാരങ്ങൾ ഉണ്ട്. ആ ആധാരത്തിൽ ചെല്ലുമ്പോൾ പ്രകാശം ഉണ്ടാകും. എന്നാൽ ആ പ്രകാശത്തെ കാത്തിരിക്കണ്ടായെന്നുള്ളതാണ് ഇവിടത്തെ വിവക്ഷ. അങ്ങനെയുള്ളതായ ആ "നവചക്രാദിതങ്ങൾ ധ്യാനരൂപങ്ങൾ കൂടാത്തവയായ്" അപ്പോൾ ആ രീതിയിലുള്ള പ്രകാശമല്ലാതെ സചേതനമായിട്ടു അകാരങ്ങൾ ധ്യാനകാലത്തിൽ കണ്ടീടുന്നുണ്ട് യോഗീന്ദ്രന്മാർ. വടബീജം ആലിൻെറവിത്ത് "വാലഗ്രഭാഗസ്ഥമാം രോമത്തിൻ ശതഭാഗത്തിങ്കലൊന്നിനോടൊത്തും" അതായത് ഏററവും അണുപ്രായമായിട്ട് ഏതെങ്കിലുമൊരുസൂക്ഷ്മ സാധനത്തിൻെറ അററത്ത് പ്രകാശപരമായിട്ട് മിന്നൽപോലെ കാണുന്നതായിട്ടുള്ള കാഴ്ചകാണുക അങ്ങനെ ജ്യോതിസ്സുകളെ കണ്ടുമുട്ടുന്ന ആളുകൾ

"എങ്ങുമീജ്യോതിസ്സല്ലബ്രഹ്മമെന്നുള്ള ബുദ്ധി
വന്നുചേർന്നു വന്നുള്ളീന്ദ്രിയ ഗ്രാമമെന്നതാൻ
വശപ്പെടാ ദൃഢം വികൃതിക്കുതിരതാൻ
വശപ്പെട്ടീടാ തൻെറ സാരഥിക്കതുപോലെ"

ആ രീതിയിലായിരിക്കും.

"എങ്ങുമീജ്യോതിസ്സല്ല ബ്രഹ്മമെന്നുള്ള
ബുദ്ധി"

എന്നുവച്ചാൽ ഈ ജ്യോതിസ്സു തന്നെയാണ് ബ്രഹ്മമെന്ന് തീർച്ചയായിട്ടും നിശ്ചയം ചെയ്യണം. അങ്ങനെ ചെയ്യാതെ അതിനെ തിരസ്കരിച്ചിട്ട് വേറെഅന്വേഷിക്കുകയാണെങ്കിൽ അവനു വേറെയൊന്നു കിട്ടുന്നതുവരെയും ആ ഭ്രമത്തിൽ പലമാതിരി മറയത്തരങ്ങളും ചെയ്യും.

അതുകൊണ്ട് അങ്ങനെയുള്ള വിസ്മൃതങ്ങൾ ഉണ്ടാകരുതു്. ഇതിനെ നിഷേധിച്ച് അതായതു് ഇതൊന്നുമല്ല ബ്രഹ്മം. ഇനിയും വേറെഎന്താണോ അതെന്നു വിചാരിച്ച് വേണ്ടാത്തതു് ചെയ്യരുതു്. ആ ജ്യോതിസ്സിൽ സംതൃപ്തനായിട്ട് അതുതന്നെയായിക്കഴിയുമ്പോൾ നമ്മുടെ വ്യക്തിത്വം അങ്ങോട്ടാക്കുക. അങ്ങനെയാകുന്നതിനു് പരിശ്രമിച്ചാൽ മതി. അല്ലാതെ അങ്ങനെ കിട്ടുന്ന ആളുകൾ അതത്രവലിയ കര്യമൊന്നുമല്ലെന്നു വിചാരിച്ച് മണ്ടത്തരത്തിലോട്ടെങ്ങും പോകരുതു് എന്നുള്ളതു് പറഞ്ഞു കഴിഞ്ഞു.

" ജ്യോതിതാനല്ലോ പരമായിട്ടും ബ്രഹ്മം
ജ്യോതിതാൻ തന്നെയല്ലോപരമായിട്ടുംസുഖം
ജ്യോതിതാൻ തന്നെയല്ലോ പരമായിട്ടുംശാന്തി
ജ്യോതിതാൻ തന്നെയല്ലോപരമായിട്ടുംലക്ഷ്യം
പരമായിട്ടും ഗതി പരമായിട്ടും രൂപം
ജ്യോതിയെ സന്തതം നീ സൂക്ഷിച്ചു വീക്ഷിച്ചാലും
വേദാന്ത നിശ്ചിതാർത്ഥന്മാരാകുംയതി-കൾക്കും
യാതൊരു പരമായിട്ടുന്ന ഗതിയെ ചൊല്ലീടുന്നു
അതുതാൻ വിദ്വാനായിട്ടുമീ യോഗിയ്ക്കും
ചൊല്ലീടുന്നു അതു നിശ്ചയം തന്നെ "

(ഈ ഭാഗം എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം)

(യാതൊരു പരമായിട്ടുന്ന ഗതിയെ ചൊല്ലീടുന്നു.—എത്രമാത്രം ശ്രേഷ്ഠമായ ഒരു ഗതിയാണോ അവർക്കുണ്ടാകുന്നതു്.)

വേദാന്താഭ്യാസം കൊണ്ടായാലും ശരി—ഹംസയോഗം കൊണ്ടായാലും ശരി ഒരോന്നും ഇന്നയിന്ന രീതിയിലെന്നുള്ള സൂചനകൾ തന്നിട്ടുണ്ടല്ലോ? ആ രീതിയിൽ സാധിച്ചെട്ടത്താൽ പിന്നെ അയാൾക്കു കിട്ടിയതു് നമുക്കു് കിട്ടിയില്ലയെന്നൊന്നും വിചാരിക്കേണ്ട കാര്യമില്ല.

ചോദ്യം:— ഇലനം ചെയ്യേണ്ട കാര്യമില്ലയെന്നല്ലേ?

ഉ: അല്ല. ധ്യാനത്തിൽ മററുള്ള പോലെ ഉറച്ചു നില്ക്കത്തില്ല—തത്വജ്ഞാനത്തിൽ ഉറച്ചു ചെയ്യുന്നതു പോലെ കിട്ടുകയില്ലയെന്നൊരു വിചാരം പല ആളുകളിലുമുണ്ടു്. കാരണമെന്തെന്നുവച്ചാൽ "ജ്യോതി സാംജ്യോതി രസ്മ്യഹം" എന്നൊരു പ്രയോഗമുണ്ടു്. അതായതു് ജ്യോതിസുകൾക്കെല്ലാം ജ്യോതിസ്സായ ആളാണു് ഞാൻ. അപ്പോൾ ജ്യോതിസിനെധ്യാനിപ്പൻ ചെയ്യുണ്ടായെന്നുതോന്നുകയല്ലോ? പക്ഷേ അയാൾക്കതാവാം. ജ്യോതിസിനെക്കണ്ടിട്ട അതിന്റെയുംജ്യോതിസായിനില്ക്കത്തക്കവണ്ണംനിലകൊള്ളുക കാരണം അതിനെ കാണുന്ന ആൾ ആരാണു്? ആ ജ്യോതിസിനെകാണുന്ന ആൾ ജ്യോതിസിനും ജ്യോതിസാണു്. സൂര്യനെ കാണുന്ന ഒരാളുടെ ബോധത്തിനു സൂര്യനെക്കാൾ ശ്രേഷ്ഠതയുണ്ടു്. അതായതു് ബോധമില്ലയെങ്കിൽ സൂര്യനെയും കാണുകയില്ലല്ലോ. സുഷുപ്തനായവനു് സൂര്യനെ കാണൻകഴിയുമോ? അപ്പോൾ മററു പദാർത്ഥങ്ങളെയെല്ലാം കാണിക്കുന്ന സൂര്യനെയും. കാണുന്നതിനു് മറെറാന്നും വേണ്ടയെങ്കിലും ഇവന്റെ ബോധം വേണം. അപ്പോൾ അവിടെയാണു് ഇയാൾ ചെന്നു നില്ക്കുന്നതു്. പക്ഷേ പരമമായ ഗതിയെ സംബന്ധിച്ചിടത്തോളം ആ ആളും ഇതിൽത്തന്നെ നിമഗ്നനായിരിക്കുന്ന ആളും ചെന്നു ചേരുന്നതൊരിടത്തുതന്നെയാണു് എന്നുള്ള തുറപ്പാണു്.

ഇനിയും കുണ്ഡലിനിയുടെ ഒരു പ്രത്യേകതയുണ്ട്. കുണ്ഡലിനിയെസംബന്ധിച്ച് സാധാരണപലവിധത്തിൽ ധാരാളം വിവരിക്കുന്നുണ്ടെങ്കിലും കുണ്ഡലിനിയെഅനുഭവിക്കേണ്ടതു് ആ നിലയിലല്ല. അതായതു് യോഗാഭ്യാസപരമായിട്ടോ ഹംസയോഗപരമായിട്ടോ കണ്ടാൽപോരാ. അതുസ്വയമേവ താനായിട്ടല്ലാതെ വരുത്തില്ല. കുണ്ഡലിനിചലിക്കുന്നുവെങ്കിൽ ആത്മാവായിട്ടോ അല്ലെങ്കിൽ ജീവനെന്നുള്ള നിലയിലോ മാത്രമേ അതിനെ കൺസിഡർ ചെയ്യാൻ സാധിക്കുകയുള്ളൂ. അപ്പോൾ അതു ചെയ്യുന്നതായപരിവർത്തനങ്ങളെല്ലാം തന്റേതായ പ്രകടനം മാത്രമാണു്. അങ്ങനെയുള്ള ആത്യന്തം വിശിഷ്ടമായ ഒരവസ്ഥ കുണ്ഡലിനിചൈതന്യത്തിൽ നിലകൊള്ളുന്നുണ്ട്. അതു് ഷഡാധാരങ്ങളൊക്കെക്കടന്നു പോകുമ്പോൾ നമ്മൾ ഒരു കാര്യം ശ്രദ്ധിക്കണം. ഉദാഹരണത്തിനു് സ്വാഷ്ഠാനത്തിൽ കുണ്ഡലിനിദർശിച്ചാൽ അതു് താനല്ലയെന്നു ദർശിക്കരുതു്. വേറെ ഒരു ശക്തി അവിടെ കാണുന്നുവെന്ന തോന്നൽഉണ്ടാകരുതു്. കുണ്ഡലിനിയ്ക്കു് ആ ഒരു വൈശിഷ്ട്യമുണ്ട്. അതു് താനുണർന്നുവെന്നുള്ളതാണു്. അതായതു് തന്റെയുള്ളിൽ നിന്നും ഒരു വിജൃംഭണമാണുണ്ടാകുന്നതു്. അങ്ങനെയാണ് കുണ്ഡലിനിയുടെ പ്രത്യേകത. അതാണ് യഥാർത്ഥത്തിലെ പ്രകാശമെന്നു് പ്രകാശം കണ്ടെത്തിയ ആളുകൾ നിരാശപ്പെടാതിരിക്കുന്നതിനാണു് ധ്യാനത്തിൽ പ്രത്യേകതകൾ ഉണ്ടെന്നു് പറഞ്ഞിരിയ്ക്കുന്നതു്.

ഭാഗവതത്തിൽ പരീക്ഷിത്തിനു് ആദ്യം ഹംസയോഗം പറഞ്ഞുകൊടുത്തിട്ട് പിടികിട്ടിയില്ല. അതായതു് സൌണ്ട്കിട്ടുമോ ഇല്ലയോയെന്ന സംശയത്തിൽ കിടക്കുകയാണ്. മറേറതല്ല. എപ്പോഴും പ്രകാശവുമായി നമ്മൾ ബന്ധപ്പെട്ടിരിക്കുകയാണ്. ആ അവസര

ത്തിൽ ധ്യാനത്തിൽ പ്രകാശം കിട്ടും. അങ്ങനെ കിട്ടുന്നതായ പ്രകാശത്തെ നമ്മളായിട്ട കരുതിക്കൊള്ളണം. സാധാരണക്കാരന്—ആധ്യാത്മികമായി വളരെയധികം, നേടാത്ത ആളുകൾക്ക് ഇങ്ങനെയുള്ള ഒരു നീക്കമാണ് നല്ലത്.

കുണ്ഡലിനിയെ സംബന്ധിച്ച ക്രമം എങ്ങനെയാണെന്ന് ഒരു ശ്ലോകം കൊണ്ടു പറയാം.

"അരുണകമലവാസം പൂമ്പൊടിയ്യൊത്ത
വർണ്ണം
മുഖമിനൻ അനലൻ വാർതിങ്കളും; കൊങ്കരണ്ടും
ഹരനിയമിത ചിഹ്നം പത്മനാള സ്വരൂപം
മതിയിതിലൊരിക്കൽ പാർക്കിലും മുക്തി
യുണ്ടാം."

ഇത് യഥാർത്ഥത്തിൽ അനുഭവിച്ചു കഴിഞ്ഞാൽ—ആ കുണ്ഡലിനിയെ താനായിട്ട കണ്ടുകഴിഞ്ഞാൽ

"ആധാരം ലിംഗവും നാഭിയും അഥ ഹൃദയം
കണ്ഠവും
നെററിയെന്നീ ദിക്കിൽ നാല്, ആറ്, പത്ത്
ആറ് ഇരുദളം അഥരണ്ട് എട്ടിതൾ രണ്ടുമായും
വാദ്യം സാന്ത്യം ബലാന്തം ഡഭകട സഹിതം
കണ്ഠവർത്തി സ്വരൂപം ദൃശ്യം തത്വാർത്ഥ
യുക്തം
സകല ദളഗതം വർണ്ണരൂപം ധരിയ്ക്കൂ"

ഇങ്ങനെ വർണ്ണരൂപങ്ങളെല്ലാം. അതായത് കുണ്ഡലിനിയെ അറിഞ്ഞ് ഉപാസന ചെയ്യുന്ന പക്ഷം ഷഡാധാരങ്ങളിലും ഇന്നുകാണപ്പെടുന്ന ലിപികളെല്ലാം ഒരോരോ ദളത്തിൽ സൂക്ഷ്മമായി കാണപ്പെടും. ഒരു ദളത്തിൽ കാണുന്നതല്ല മറെറാരു ദളത്തിൽ കാണുന്നത്. അങ്ങ

നെയാണ് 51 അക്ഷരവും ഇതിൽ സ്ഥിതി ചെയ്തിരി ക്കുന്നതു്. ഇതു് അനുഭവത്തിൽ കാണാവുന്നതാണ്. അങ്ങനെ കൂടെ ഇതിനു മാഹാത്മ്യമുണ്ട്. ഈ രീതിയി ലുള്ളതാണ് കുണ്ഡലിനി. അതിനു സാധാരണ ഹംസ യോഗത്തിലേതുമായി ബന്ധമുണ്ടെങ്കിലും ഹംസയോ ഗവും കുണ്ഡലിനി യോഗവും ഒന്നാണെന്നു വിചാരി യ്ക്കേണ്ട. ഹംസ യോഗത്തിൽ താൻ തന്നെയാണെന്നു വരുത്തണം. കുണ്ഡലിനി യോഗത്തിൽ അതുവേണ്ട. അതു് സെൽഫ് എവിഡൻറ് ആണു്. അതായതു് ഞങ്ങളാരും പറഞ്ഞിട്ടോ അല്ലങ്കിൽ ആഗ്രഹിച്ചിട്ടോ പോലുമല്ല ഞങ്ങൾക്കു് കുണ്ഡലിനിയുടെ സാക്ഷാല് ക്കാരങ്ങൾ ഉണ്ടായിട്ടുള്ളതു്. നമ്മുടെ ശരീരത്തിൽ ഒരോ സ്ഥലത്തു് ഈ കുണ്ഡലിനി പ്രവേശിച്ചാൽ അ വിടത്തെ ദേവതകൾ ഉണ്ടല്ലോ അതു പ്രത്യക്ഷപ്പെടുമെ ന്നു് മാത്രമല്ല അത്രയും മനോഹരമായ ഒരു ദൃശ്യം ഈ ലോകത്തു കണ്ടുകിട്ടാൻ സാദ്ധ്യമല്ല. അതുപോലെ ഈ കുണ്ഡലിനി തന്നെ സാക്ഷാല്ക്കരിച്ചാൽ ശരീരമില്ലെന്നു തോന്നും. ശരീരം വെന്തുഭസ്മമായിട്ടു് പൊടിപോലുമി ല്ലാതായിട്ടു്, ആനന്ദാനുഭൂതി മാത്രമായിട്ടു് നിലനി ല്ക്കും. ഇങ്ങനെയൊക്കെയുള്ള അത്ഭുത ശക്തികളൊ ക്കെയാണതു്. മററുള്ളതു് നേടിയെടുത്താലും ഗ്രഹപ്പി ഴയില്ലെന്നു മനസ്സിലായല്ലോ? അതുകൊണ്ട് അതുമൊ ക്കെ കിട്ടാൻ വയ്യാഴികയില്ല. ശ്രമിച്ചാൽ കിട്ടും.

ചോ: ഹംസയോഗത്തിൽ സൌണ്ടുണ്ടല്ലോ? അതുപോ ലെ തന്നെയാണോ കുണ്ഡലിനി യോഗത്തിലും ?

ഉ: കുണ്ഡലിനിയിൽ സൌണ്ടുമായിട്ടു് ബന്ധം വര ണമെന്നില്ല. അതിനു് മണിനാദമൊന്നും അന്വേഷി ക്കണമെന്നുമില്ല. അവനൊരൊററപോക്കാണ്. സൌണ്ടു് എങ്കിൽ സൌണ്ടു്. അതായതു് അതിഗംഭീരനായ ഒരു ചക്രവർത്തിയോ സാമ്രാട്ടോ എഴുന്നള്ളുമ്പോൾ മററുപരി

വാരങ്ങളൊക്കെ പുറകിനു ചെല്ലുന്നതുപോലെ കൊണ്ട് കൊള്ളണം. അല്ലാതെ അവിടെ യാതൊരു വി ധ മാ യ ബോധവുമില്ല. അവിടെ മണിതനിയെകിലുങ്ങിക്കൊള്ളും

ചോ: കുണ്ഡലിനിയിൽ വിഷൻസ് ഉണ്ടോ?

ഉ: വിഷൻസ്—പ്രകാശങ്ങളൊക്കെയുണ്ട്. അതു് വിഷൻസ് എന്നുപറയാൻ സാധിക്കത്തില്ല. വിഷൻ എന്നു പറഞ്ഞാൽ വിഷ്വലൈസ് ചെയ്തു് കാഴ്ചയ്ക്കു് വിധേയമായതു് എന്നുള്ളതാണ്. ഇതു് അതല്ല. ഇതു് തന്റെ പ്രകാശമാണ്. അതു് ആരുകാണാനാണ്. അതു് അന്യമാണെന്ന തോന്നൽ പോലുമില്ല. അതുപോലെയാണ് കാണുന്നതു്. അത്ഭുതകരങ്ങളായ സാക്ഷാത്കാരങ്ങളും ഉണ്ടാകുന്നതു് കുണ്ഡലിനി ഉ ണ രു മ്പോ ഴാ ണ്. മറ്റേതിനെല്ലാം വേഗ്നെസ്സ് (പോരായ്മ) ഉണ്ട്, എന്നാണെന്റെ അഭിപ്രായം. വേദത്തിലെ അഗ്നിയെ സംബന്ധിച്ച് ഞാനൊരു ലഘുലേഖ എഴുതിയെല്ലോ. അതു് എഴുതിയ കാലത്തു് അതിനു് ആധികാരികത്വം ഇല്ല. പക്ഷേ നമ്മുടെ നമ്പൂതിരിമാരു് അ തി നെ നിഷേധിച്ചില്ല. അവർ നിഷേധിച്ചില്ലെങ്കിലും ഞാൻ എഴുതുകയും അച്ചടിക്കുകയുംചെയ്തതല്ലേ. അതിനെന്താ ആധികാരികത്വം എന്നുള്ള ഒരു ചോദ്യം എന്നിൽ നിർധാരണം ചെയ്യാതെ കിടക്കുകയായിരുന്നു. അതിനുള്ള പോംവഴിയെപ്പററിയുള്ള ചിന്ത എന്നെ ഒരു സാക്ഷാത്കാരത്തിലെത്തിച്ചു. കുണ്ഡലിനിയുടെ ആവിഷ്ക്കരണം പെട്ടെന്നുണ്ടാവുകയാണ്. അതു് മററു ഭാഗങ്ങളിലെങ്ങും തങ്ങിനില്ക്കാതെ യാതൊന്നും ശ്രദ്ധിക്കാതെ വളരെ ബൃഹത്തായ നിലയിൽ ശിരസിനെയങ്ങു പ്രാപിച്ചു. അഗ്നിയേപ്പററിയാണ് ഞാൻ മററതിൽ പ്രതിപാദിച്ചിരിക്കുന്നതു്. അതു കുണ്ഡലിനി ശക്തിയാണെന്നു മാണ് അതിന്റെ സാക്ഷാത്കാരമാണ്. ഏർപ്പെട്ടി

രിക്കുന്നതു്. ശിരസിനെ പ്രാപിച്ചിട്ടു് ഘോരഘോരമായ അഗ്നി കപാലഫലകങ്ങൾ വരെ—എന്നല്ല തലമുഴുവൻ ബാധിച്ചിട്ടു് അങ്ങു് എരിഞ്ഞു പുകപോലുമില്ല. അപ്പോൾ മുകളിലോട്ടുള്ളതായ ഒരു സമ്മർദ്ദം ഉണ്ടു്. അതു് പ്രപഞ്ചം മുഴുവൻ ബാധിച്ചു. ആ സമ്മർദ്ദത്തിൽ ആ അവസരത്തിൽ നട്ടെല്ലിന്റെ എല്ലാ അംശങ്ങളും സാക്ഷാത്കരിക്കപ്പെട്ടിരിക്കുകയാണു്. അതിന്റെ മുഖത്തിൽ അതിന്റെ മദ്ധ്യത്തിലെ സുഷിരമെന്നു പറയുന്നതുണ്ടല്ലോ.

ചോദ്യം അതുകാണാമോ?

ഉ: വ്യക്തമായിട്ടുകാണാം. അതിൽക്കൂടിയാണു് ഈ അഗ്നിയുടെ ശോഭ നിയമമായിരിക്കുന്നതും ഘോരമായിട്ടുള്ളതുമായ പ്രകടനം ശ്രദ്ധിക്കുക. അതായതു് ഇതു കത്തിക്കഴിഞ്ഞതല്ലോയെന്ന തോന്നലാണു്.....................
പിന്നീടു് നിവർത്തിക്കുകയെന്നുള്ള ഘട്ടമുണ്ടു്. അതു തനിയെ നിവർത്തിച്ചപ്പോൾ മാത്രമേ..............................
അങ്ങനെയുള്ള ഒരു ശക്തിയാണു് കുണ്ഡലിനിയുടേതു്. അങ്ങനെയൊരവതാരിററി നമുക്കു കിട്ടിക്കഴിഞ്ഞാൽ പിന്നെ ആരുടെയും അടുക്കൽ ചോദിക്കേണ്ട. അതുകൊണ്ടാണു് ബോധസ്വരൂപികളായിരിക്കുന്ന ആളുകൾക്കു് വേദം ബോധസ്വരൂപമായിട്ടിരിക്കുന്നതു് എന്നാണെന്റെ വിശ്വാസം. കാരണമെന്തെന്നു വച്ചാൽ ഞാനതെടുത്തു വായിക്കുമ്പോൾ എനിക്കു് തോന്നുന്നതു് സാധാരണ അർത്ഥമൊന്നുമല്ല. അതിനകത്തു് അനന്തമായ ആദ്ധ്യാത്മിക സത്ത അടങ്ങിട്ടുണ്ടു്. അതെല്ലാം പറഞ്ഞുതരാനുള്ള കഴിവു് ആർക്കെങ്കിലുമുണ്ടെങ്കിൽ അതു് കുണ്ഡലിനി ശക്തിക്കാണു്. സരസ്വതിയോ ദേവിയോ, ദുർഗ്ഗയോ, ഗായത്രിയോ ഏതു തന്നെയായാലും ശരി അതല്ലാതെ വേറൊന്നുമില്ല. അതിനെ

ർണ്ടെന്നു പറയുന്ന ഒരു ശക്തിയില്ല. ആ നിലയിലാ ണു് കണ്ഡലിനി ശക്തി. അതു കൊണ്ടു് നേരേ ത്ത പറഞ്ഞതുപോലെ ഒരു തവണയെങ്കിലും കാണാൻ പററിയെങ്കിൽ—എന്നുവിചാരിച്ചു് ഖേദിക്കണ്ടാ. അ തിനു മുൻപു് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ പ്രകാശംമാത്രം സാക്ഷാത്കരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പോലും നിരാശയ്ക്കിടമില്ലെന്നു്. ആ പ്രകാശത്തിൽ വിശ്വസി ച്ചു് അതു് തന്റെ ജ്യോതിസ്സുതന്നെയാണു് വെളിക്കുനി ന്നും നമ്മൾ വരുത്തിയ പ്രകാശമൊന്നുമല്ല, തന്റെ ഉ ള്ളിൽനിന്നും കിട്ടിയിരിക്കുന്നതായ വെളിച്ചമാണു്. ആ വെളിച്ചം തന്റെതന്നെ പ്രകാശമാണു് എന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടി വീണ്ടും ധ്യാനത്തിൽ നിമഗ്നനാ വുകയും ചെയ്താൽ തീർച്ചയായിട്ടും അധഃപ്പതനമൊ ന്നും ഉണ്ടാകത്തില്ല. എന്നു മാത്രമല്ല മററുള്ളവർക്കുള്ള അതേഗതിതന്നെ ഈ ജ്യോതിസു കണ്ടെത്തിയിട്ടുള്ള ആർക്കും ഉണ്ടാകും. അതുകൊണ്ടു് സൌണ്ടു കിട്ടിയില്ല യെന്നു വിചാരിച്ചൊന്നും ആരും നിരാശപ്പെടേണ്ട. അതുപോലെ സൌണ്ടു് കിട്ടിയവർ മററുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്നു വിചാരിക്കേണ്ട.

കാരണം സൌണ്ടിനെ തൃണവൽഗണിച്ചിട്ടുള്ള യോഗികളുമുണ്ടു്. അതു കൂടാതെ സാന്ദ്രമധുരമായ ശബ്ദമൊന്നും നിന്നെ രക്ഷിക്കത്തില്ലയെന്നു പറയുന്ന ഭാഗങ്ങളുമുണ്ടു്. അതുപോലെ ജ്യോതിസ്സിനെ പററിയാ ണെങ്കിൽ "പ്രഭയല്ലനന്തരം—ഇരുട്ടല്ല" എന്നൊക്കെപ്പറ യുന്ന ഭാഗങ്ങളുമുണ്ടു്. അതുകൊണ്ടു് അവിടെച്ചെല്ലുന്ന തിനു മുമ്പുള്ള സമാധിയവസ്ഥകളുണ്ടല്ലോ ആ അവ സ്ഥയിൽ ചെന്നിട്ടു് മറേറതും അനുഭവിച്ചുകൊള്ളൂ. അതിനാരും തടസം ചെയ്യുന്നില്ല. പക്ഷേ ആ നിലയി ലെത്തിച്ചേരണം.

ചോ:— ഒരു നാദത്തിൽ കേന്ദ്രീകരിച്ചാൽ ആ നാദത്തിന്റെ കേന്ദ്രത്തിൽ നിന്നാണല്ലോ അടുത്ത നാദം ആരംഭിക്കുന്നതു്. പ്രകാശത്തിലും അതുപോലെയാണോ?

ഉ: അല്ല. പ്രകാശത്തിൽ അങ്ങനെ വേണമെന്നില്ല. പ്രകാശത്തിൽ വരുന്ന ഗുണമെന്തെന്നു വ്യക്തമാക്കാം. ഇപ്പോൾ നാദത്തിലാണെങ്കിൽ മണിനാദവും കേട്ടുകൊണ്ടിരിയ്ക്കുമ്പോൾ അതിനേക്കാൾ സൂക്ഷ്മമായിട്ട് അതിനകത്തുനിന്നു് ഒരുനാദം ജനിക്കുന്നെന്നുതോന്നും. അപ്പോൾ നമ്മൾ അതിൽ ശ്രദ്ധിയ്ക്കണം. ശ്രദ്ധിച്ചാൽ ഇതൊരു ബാഹ്യനാദമായിട്ടും മറേറതു് ആന്തരികനാദമായിട്ടും നില്ക്കും. നമ്മൾ നാദത്തിന്റെ ഉള്ളോട്ട് ഉള്ളോട്ട് കയറിപ്പോയി ആ ഇല്ലായ്മയിൽ നാദാന്തപടിവിൽ പോയി നില്ക്കണം. അങ്ങനെയുള്ള ഒരു രീതിയാണ്. അല്ലാതെ മറെറന്തെങ്കിലുമല്ല. പ്രകാശം കണ്ടുകഴിഞ്ഞാൽ ആ പ്രകാശം എവിടെ നിന്നുവന്നുവെന്നു് നമുക്കൊന്നാലോചിക്കാം. ആ പ്രകാശം ഇരുട്ടത്തു നമ്മൾ ഇരിയ്ക്കുമ്പോൾ ഉണ്ടായതാണ്. അതു് തന്നെ പ്രകാശമാണ്. അല്ലാതെ സൂര്യൻ അവിടെ ഉദിച്ചില്ല. ചന്ദ്രനും പുരയ്ക്കകത്തെങ്ങും ഉദിച്ചില്ല. അപ്പോൾ തന്റെ ഉള്ളിൽ ചന്ദ്രവടിവിൽ ജ്യോതിസുണ്ട് എന്നുള്ളതു വന്നു. അങ്ങനെ അതാണ് നമ്മൾ എന്നു നമ്മളങ്ങു സമ്മതിച്ചാൽ മതി. വേറെ വിചാരിക്കേണ്ടതൊന്നുമില്ല. കാരണം നമ്മുടെ ജ്യോതിസിനെ നമ്മൾ വെളിയ്ക്കു കണ്ടു.

ചോ: ചിലപ്പോൾ ഏതെങ്കിലും ദിശയിലേക്ക് സൂക്ഷിച്ചുനോക്കിയിരിക്കുമ്പോൾ നോക്കുമ്പോൾ നീല നിറവും മററും കാണുന്നു. അതെന്താണ്?

ഉ:— അതു വരും. അതു് ലക്ഷ്യത്തിൽപെട്ടതാണ്. ശരത് വപു എന്നാണതിനെ പറയുന്നതു്. അതെല്ലാം തന്റെ

ഉള്ളിൽ നിന്നുവരുന്ന പ്രകാശമാണു്. അല്ലാതെ വെളി ക്കനിന്നല്ല. അതു ടോർച്ചടിക്കുന്നതുപോലെ കറന്റം. അതിന്റെ നടുക്കു് നല്ല റെയിൻബോ കളർ കിട്ടും. അതുമല്ല ഭിത്തിയിലോട്ടും മററു ചിലപ്പോൾ യാദൃശ്. ചികമായി നോക്കുമ്പോൾ, ഭിത്തിയിൽ ഒരു ചുവപ്പ്, നീല മുതലായ നിറങ്ങളിലുള്ള സ്ക്രീൻ ഇട്ടിരിക്കുന്നതു പോലെ കാണാം. ആ കളറിൽ തമ്മിൽ പ്രത്യേകിച്ചു ചെയ്യാനുള്ളതു് നമ്മൾ ആ കളർ അന്വേഷിച്ചു നടക്ക ണ്ടായെന്നുള്ളതാണു്. പക്ഷേ, എന്റെ ജ്യോതിസാണു് അതു് എന്നുള്ളതറിയണം. അല്ലാതെ മററാരും ടോർച്ചു് ലൈററു് അടിച്ചില്ലല്ലോ? അതു് എന്റെ ജ്യോതി സ്സാണു്—എന്റെ ആത്മാവു് അല്ലെങ്കിൽ എന്റെ പ്രാ ണന്റെ ചൈതന്യമാണു് ആ കാണുന്നതു് എന്നു ബോ ധ്യപ്പെട്ടാൽ മതി. അങ്ങനെ ബോധ്യപ്പെട്ടു് വീണ്ടും ധ്യാനത്തിൽ നിമഗ്നനാകുന്നവൻ അതുതന്നെയാകും. ആയിക്കഴിഞ്ഞാൽ പിന്നെയവനു് ഇൻഡ്യുവിഡ്വാലി ററിയിൽ ശ്രദ്ധകാണത്തില്ല. അപ്പോൾ അവൻ പ്രകാ ശ സ്വരൂപിയായി ശുദ്ധമായിട്ടു മാറിക്കഴിയും. അങ്ങനെ യങ്ങോട്ടു പോകണം.

ചോ:- സാധാരണ ഒരു ഇമോഷണൽ ഭക്തിയിലാണി രിക്കാറുള്ളതു്. എന്നാൽ ചില ലക്ഷണങ്ങൾ വരു മ്പോൾ—നാമെല്ലാം ഈശ്വര സ്വരൂപത്തിൽ നിറവുററു നില്ക്കുമ്പോൾ പ്രത്യേകിച്ചൊരു ഭക്തിയുടെ കാര്യം ഇല്ലെന്നൊരു തോന്നൽ ഉണ്ടാകുന്നു. സാധാരണ ശ്രീകൃഷ്ണനെപ്പററിയോ ശ്രീരാമചന്ദ്രനെപ്പററിയോ ചി ന്തിക്കുമ്പോൾ അല്ലെങ്കിൽ വായനകേൾക്കുമ്പോഴോ ഉള്ള ഭക്തി ഈ സന്ദർഭത്തിൽ ഉണ്ടാകുന്നില്ല. ഇതു ശരി യാണോ?

ഉ:- അതെ പിന്നെ അവിടെ തനിഭക്തനാണു് ആളെ

ങ്കിൽ അയാൾ ചെയ്യേണ്ടതെന്താണെന്നു വച്ചാൽ ഈ ശ്രീരാമനെന്നു പറയുന്നതും ശ്രീകൃഷ്ണനെന്നുപറയുന്നതും താൻ തന്നെയാണു്. അല്ലെങ്കിൽ തന്റെ ജീവനെന്നു പറയുന്നതു് കൃഷ്ണൻ തന്നെയാണു്. ബ്രഹ്മാവ് എന്നു പറയുന്നതു് അല്ലെങ്കിൽ ശിവനെന്നു പറയുന്നതു് എന്റെ ജീവൻതന്നെയാണ്—എന്റെ ആത്മാവു തന്നെയാണ്എന്നുള്ള പൂർണ്ണ ബോദ്ധ്യം ഉണ്ടായിരിക്കണം. ഉണ്ടാകുമ്പോൾ ആ ഭക്തി തന്നിലേക്കുതന്നെ ഗമിയ്ക്കും. അങ്ങനെ ഗമിച്ചെങ്കിൽ മാത്രമേ ഉത്തമ സാക്ഷാത്കാരം ഉണ്ടാകുകയുള്ളൂ. ബാക്കിയുള്ള സാക്ഷാല്ക്കാരമൊക്കെ വെറും നിഴൽ പോലെയോ അല്ലെങ്കിൽ അവ്യക്തമായിട്ടോ കാണുകയുള്ളൂ. ഇതങ്ങനെയല്ല. ജീവൻ ശക്തിയാണ്—തന്റെ ജീവൻ തന്നെയാണ്.

ചോ:- ഇപ്പോൾ അമ്പലത്തിൽ പോയി തൊഴുതില്ലെന്നോ മറ്റോ ഒരു ഭയം ഉണ്ടാകാറില്ല.

ഉ:- അതായതു് അതിന്റെ ഒരു ഉദാഹരണം ഞാൻ പറയാം. പരമശിവൻ നമ്മുടെ മുമ്പിൽ പ്രത്യക്ഷമായിട്ട് വരികയാണ്. നമുക്കു എന്തുചെയ്യണമെന്നു വാസ്തവത്തിൽ അറിയാനും പാടില്ല. കാരണമെന്താണെന്നു വച്ചാൽ സർവ്വശക്തനായ ഭഗവാൻ നമ്മുടെ മുമ്പിലേക്കു് വന്നിരിയ്ക്കുയല്ലേ? എന്തുചെയ്യും? അർച്ചനയറിയാമോ—പ്രാർത്ഥിക്കാനറിയാമോ? അറിയാൻപാടില്ല. വല്ലതെറ്റോ മണ്ടത്തരമോ മറ്റോപറയാനൊക്കുമോ? ഇങ്ങനെ ആകമാനമുള്ള ഒരു........................................................

..........................................................................................

ചോ:- ഇപ്പോൾ ധ്യാനസമയത്തു് പെട്ടെന്നു് ഒരു സൌ

ണ്ടു് വന്നിട്ടു് ഒരു സെക്കൻററ് - ഒരുമൂവ്മെൻറ് അപ്പോഴേക്കു് അതുമാറുന്നു. അതെന്താണ്? നമ്മൾ പതിവായിട്ടു് ഒരു പ്രത്യേക സമയത്തു് അതു ചെയ്താൽ അതു ഡവലപ്പുചെയ്യാം. സൌണ്ടു കിട്ടുന്നയാൾക്കു് കുറച്ചുസമയമോ ഒരു മോവ്മെൻറാകെയോ ആണ് ആദ്യംകിട്ടുന്നതു്. പക്ഷേ ഡവലപ്പ്ഡ് പൊസിഷനിൽ വന്നാൽ അതു പറിച്ചെറിഞ്ഞാൽ പോകുകയില്ല. എപ്പോഴും ആ ശബ്ദം കേട്ടുകൊണ്ടിരിയ്ക്കും. എപ്പോഴാണ് ആ ശബ്ദമില്ലാതിരിയ്ക്കുന്നതു് അപ്പോൾ അവനു് ഇരിക്കാനൊക്കാത്തവിധം അവൻ സമാധിസ്ഥൻ ആയിരിയ്ക്കും. അതായതു് എപ്പോഴാണ് സർവ്വസമയവും സൌണ്ടുള്ള ഒരാൾക്കു് സൌണ്ടില്ലാതെ വരുന്നതു് അതു് അതിൻെറ ഫൈനൽ സ്റേറജിൽ മാത്രമായിരിക്കും. സമാധിയെന്നുള്ള അർത്ഥത്തിലല്ല. അയാൾക്കു ബാഹ്യ ബോധമില്ലാത്ത നിലയിൽ വരും. അപ്പോൾ വരെ ആ ശബ്ദം നില്ക്കും. ആ നിലയിലുള്ള ഒരു നില്പിലേക്കാണ് വരേണ്ടതു്. അതിനു മുൻപു് അനവധി ലക്ഷണങ്ങൾ കാണും. അതൊക്കെക്കാണുമ്പോൾ നമുക്കു മനസിലാകും നമ്മൾ അങ്ങോട്ടുപോവുകയാണെന്നു്.

ഇനിയും വേദാന്തത്തെ സംബന്ധിച്ചു പറയാം അതിലോട്ടു നിങ്ങളെ ഞാൻ വിളിച്ചുകൊണ്ടു വരുന്നില്ല! അതായതു് "ജ്യോതിസാം ജ്യോതി രസ്മ്യഹം" എന്നൊരു പ്രയോഗമുണ്ടു്. ജ്യോതിസുകൾക്കെല്ലാം ജ്യോതിസ് എന്നുള്ളതുവന്നെല്ലോ? അതിനെ നമ്മൾക്കു കാണിച്ചു തരുന്ന ഒരു ജ്യോതിസുണ്ടായിട്ടല്ല ജ്യോതിസാം ജ്യോതിസ് എന്നുപറയുന്നതു്. അതു് ബോധസ്വരൂപമാണു്. അബോധ സ്വരൂപത്തിൻെറ പ്രത്യേകതയെന്താണെന്നുവച്ചാൽ നമ്മളിപ്പോൾ എന്തെങ്കിലുമൊരു കാര്യം ഉദ്ദേശിച്ചാൽ മതി അതു് തൻെറ ബോധത്തിൽ തെളിയണം. അങ്ങനെയുള്ള ബോധ സ്വരൂപമാണു്

ആത്മാവ് എന്നാൽ അതിനുപോലും ഭ്രഷ്ട് ഉണ്ടെന്നു പറയും. കാരണമെന്താണെന്നു വച്ചാൽ അതു് മിഥ്യയെ ആവിഷ്കരിക്കുന്നുണ്ടല്ലോ? അല്ലെങ്കിൽ..................

..........................................................................................

..........................................................................................

മററെ ബോധമെന്നു പറഞ്ഞാൽ എന്തെന്നു പറയാൻ നിവർത്തിയില്ലാത്തതുകൊണ്ടു് പറയാൻ സാധിക്കുന്നില്ല. അങ്ങനെ അതുവരെ പ്രാപഞ്ചികമാണ്. അങ്ങനെ തത്വജ്ഞാനപരമായിട്ടായാലും ശരി അതിലും....................

................................ഇല്ല. പിന്നെ ഒരു കാര്യമുള്ളതു് ഇവരെയൊക്കെക്കാൾ ധീരനായിട്ടുള്ളതു് തത്വജ്ഞാനിയാണ്. കാരണം അവനറിയാം ഈ കളിമുഴുവൻ അവൻ തന്നെയാണ് കളിക്കുന്നതെന്നു്. മററവർക്കതു ബോദ്ധ്യപ്പെട്ട് ഇതുപോലെയാരെങ്കിലും ഉറപ്പുകൊടുത്തെങ്കിലേ അവർക്കതു ധരിക്കാൻ ഒക്കുകയുള്ളൂ.

ചോ:— ജ്ഞാനത്തിലോ മറെറതെങ്കിലും മാർഗ്ഗത്തിലോ മുമ്പോട്ടു വന്നിട്ടല്ലേ തത്വജ്ഞാനിയാകാൻ സാധിക്കുകയുള്ളൂ ?

ഉ:— അതായതു് തത്വജ്ഞാനവും മനോനാശവും വാസനാക്ഷയവും അന്യോന്യം യോജിച്ചു നില്ക്കുന്നതാണ്. വാസനക്ഷയം ഉണ്ടാകണമെങ്കിൽ മനോനാശം വേണം. മനോനാശമുണ്ടാകണമെങ്കിൽ വാസനാക്ഷയം ഉണ്ടാകണം. വാസനാക്ഷയവും മനോനാശവും വരണമെങ്കിൽ തത്വജ്ഞാനോദയംഎന്നൊരവസ്ഥയുണ്ടു്. അതുണ്ടാകണം. അതു തത്വജ്ഞാനം സാമാന്യേന പഠിക്കുമ്പോഴല്ല. ഇതു രണ്ടും ശരിപ്പെട്ടുമ്പോൾ സ്വയം തത്വജ്ഞാനം ഉദിയ്ക്കും. അത് അന്നേരമന്നേരം ഉദിച്ചുകൊള്ളും. അല്ലാതെ അതിനു പുസ്തകത്തിൽ മറുപടി

കണ്ടെത്തുകയും ഒന്നും വേണ്ട ഉടനടൻ ഉദിയ്ക്കും. അതാണ് തത്വജ്ഞാനോദയം എന്നു പറയുന്നതു്. ഇതു രണ്ടും മനോനാശവും വാസനാക്ഷയവുമുണ്ടാകുമ്പോഠം തത്വജ്ഞാനോദയം ഉ ണ്ടാ കു ം. അതു് ഓട്ടോമാററിക്കാണ്. അല്ലാതെ അന്യോന്യം വിഘടിച്ചു നില്ക്കുന്നതല്ല. ഇങ്ങനെയുള്ള ഒരു ബൃഹത്തായ നിലയാണതു്.

അതുകൊണ്ടു് ഇതിൽ ഏതാണ് എളുപ്പമായിട്ടു് അവരവർക്കു് കിട്ടിയിരിക്കുന്നതു്—അല്ലെങ്കിൽ പിടികിട്ടുവാൻപോകുന്നതു്. അതനുസരിച്ചിട്ടു മുന്നോട്ടുപോകണം എന്നും ലോകത്തിൽ ഒരുത്തർ പറയാനും ബാക്കിയുള്ളവർ ചുമ്മാതെ ഇങ്ങനെ കേഠംക്കാനുമിരുന്നാൽ പ്രയോജനമില്ല. കുറെയൊക്കെ പ്രവർത്തിയ്ക്കണം. സാധാരണരീതിയിലാണെങ്കിൽ നിത്യാനിത്യ വിവേകത്തിൻെറ ഏററവും പ്രധാനപ്പെട്ട സംഗതികഠം വരെ വിവരിച്ചിട്ടുണ്ടു്. അത്രയും ബൃഹത്തായിട്ടു് ആരും തന്നെ കേട്ടുകാണുകയില്ല. അതുപോലെ നമ്മഠം വ്യക്തമാക്കിട്ടുണ്ടു്. ഇനിയുമതു് പ്രായോഗിക പദ്ധതിയിൽകൊണ്ടുവരുന്നതിനു ഇതല്ലാതെ മററുമാർഗ്ഗമില്ല. അതുകൊണ്ടു് സൈലൻറായിട്ടുള്ള സമയത്തു്—ഏതെങ്കിലും സമയം ശകലമെങ്കിലും എല്ലാവർക്കും കാണും. ആ സമയത്തു് സ്വ സ്ഥ മായിട്ടൊക്കെയിരുന്നാൽ എല്ലാം സ ാ ദ്ധ്യ മ ാ കു ം. ഇതു ഞാൻ ഇതിനു മുമ്പ് ഒ ാ ച്ചി റ വച്ചു് രാജയോഗത്തെ സംബന്ധിച്ചു വിവരിക്കുകയും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്. അ ത ി ൽ പറഞ്ഞിട്ടുണ്ടു ഇന്നയിന്നതെല്ലാം ആയിക്കഴിഞ്ഞിട്ടു് ചിന്തകളെല്ലാം വിട്ടാൽ എല്ലാം സാദ്ധ്യമാകുമെന്നു്. അതല്ലചിന്ത പെർവെയ്ഡ്ചെയ്യുന്നു. എങ്കിൽ ഇതിൽ തടസമുണ്ടാകും. അതുകൊണ്ടു് പ്രത്യേകിച്ചു ചെയ്യാനുള്ളതു് കുറച്ചു സമയം എത്രയോ സമയം നമ്മഠംക്കു് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതിൽ ഒരു ദിവസം ഒരു മ ണി ക്കൂ ർ നഷ്ടപ്പെടാമെങ്കിൽ വളരെ

എളുപ്പം എല്ലാവരും വിജയിയ്ക്കും. ഇല്ലെങ്കിൽ അര മണിക്കൂറെങ്കിലും $\frac{1}{48}$ മതിയെല്ലോ ചെയ്യാമെങ്കിൽ വളരെ പ്രയോജനം ഉണ്ട്. നിങ്ങളൊക്കെ ഇനി അദ്ദേഹത്തെ ഓർത്തെങ്കിലും കുറച്ചു പരിശ്രമിയ്ക്കണം. ഒരാൾക്ക് കുറച്ചു മുന്നോട്ട നീങ്ങാമെങ്കിൽ പത്തുപേർക്ക് നീങ്ങാം. കാരണം ആ മാർഗ്ഗം തന്നെയാണിതു്. ഇവരൊക്കെ കുറച്ചു പ്രയത്നിക്കുന്നുണ്ടിപ്പോൾ. അതുകൊണ്ടു് അതൊന്നു തെളിഞ്ഞു വന്നുകൊള്ളട്ടെ എന്നു വിചാരിച്ചതാണു്. പിന്നെ പ്രഭാകരൻ ഇത്രയും നേരം വന്നുകൂടാൻഇടയായതു് ഒരു കാര്യമായി. കാരണം എന്താണെന്നു വച്ചാൽ എനിയ്ക്കിവിടെ വന്നു് എന്തെങ്കിലും പറയാൻ പറ്റുന്നില്ല. അങ്ങനെയുള്ള ഒരു നിലയുണ്ട്. ഇതു് അതിന്റെ സത്യാവസ്ഥയാണു്. ശാസ്ത്രം അതിനു് അനുകൂലമായിട്ടുണ്ടു്. ഇതിൽ കൂടുതൽ ആദ്ധ്യാത്മികമായിട്ടു കാര്യം പറഞ്ഞു വ്യക്തമാക്കാൻ ഒന്നും ചെയ്യാനില്ല. പിന്നെ വേദാന്തപരമായിട്ടു്—തത്വജ്ഞാനപരമായിട്ടു് അതാണെങ്കിൽ 'തത്വമസി' ഇങ്ങനെയുള്ളതൊക്കെയുണ്ടു്. അതു പലപ്പോഴും വ്യക്തമായി വ്യാഖ്യാനിച്ചു് നിങ്ങൾ കേൾക്കുകയും ചെയ്തിട്ടുള്ളതാണു്. ഞാനതിനു വേണ്ടി ഇനിയും പ്രത്യേകിച്ചു് മിനക്കെടണമെന്നും വിചാരിയ്ക്കുന്നില്ല.

'വിചാരസാഗരം' ഇവിടെ ക്ലാസു നടത്തിയതു് ഏതാണ്ടു് 100 പേജിനടുത്തായി. ഉത്തരഗീത ഞങ്ങളിപ്പോൾ പ്രിൻറു ചെയ്യുന്നുണ്ടു്. അതിനകത്തും ഈ ധ്യാനത്തിന്റെ പ്രത്യേക മാർഗ്ഗങ്ങളുണ്ടു്. അതു് ആകാശവടിവിൽ തന്നെ നിറുത്തിയിട്ടു് സാക്ഷാത്കാരം സാധിക്കുന്നതിനുള്ള ഒരു പ്രത്യേകരീതിയാണു്. അതിന്റെ ഒരു ഗുണം എന്താണെന്നു വച്ചാൽ ആകാശത്തെ ജ്യോതിസാം ജ്യോതിസ് എന്നുള്ള നിലയിൽ അതാ

യതു് ആകാശവടിവിൽ മനുഷ്യനെത്തിച്ചേരും. അതായതു് അയാൾ ധ്യാനത്തിൽ ഇരുന്നു കഴിഞ്ഞാൽ കംപ്ലീററ് ശൂന്യാകാശത്തിൻെറ വടിവുവരും. അതിൽ അയാൾ നിലകൊള്ളുന്നതാണ്. അങ്ങനെയുള്ളതായ ആ നിലകൊള്ളലിൽ എത്തിക്കഴിഞ്ഞാൽ അയാൾ മരിക്കുമ്പോഴും ശൂന്യവും അതിവിശാലവുമായ ഒരാകാശമല്ലെ അയാക്ക് ഭാവന ചെയ്യാൻ സാധിക്കുകയുള്ളൂ. പുനർജന്മം ഉണ്ടാകാൻ ഒക്കുകയില്ല. ആ നിലയിൽ അവനെ കൊണ്ടുവന്നിരിക്കുകയാണ്. അതു് അച്ചടിതീർന്നു. ഇനി ഒരു മൂന്നു നാലു പേജു കൂടി തിരുത്തി കൊടുക്കണം. കാശു ചിലവായെങ്കിലും ആർക്കും ഞങ്ങൾ കാശിനു കൊടുക്കുന്നമെന്നു് വിചാരിക്കുന്നില്ല. ആരെങ്കിലും നന്നാകുന്നുവെങ്കിൽ നന്നാകുന്ന ഒരാൾ കാശില്ലാഞ്ഞിട്ടു വാങ്ങിയില്ലയെന്നു വേണ്ട. സംസ്കൃതമാണ്—സംസ്കൃതം മലയാളമച്ചടിച്ചതു്കൊണ്ടു് ഇവയെല്ലാം കൂടി പറയുന്നതനുസരിച്ചു് ആരോഗ്യം അനുവദിക്കുന്നെങ്കിൽ നമുക്കിനി നല്ല രീതിയിൽ ഒരു വ്യാഖ്യാനവും കൂടി കൊടുക്കാം—മുഴുവൻ ഒരു സംക്ഷിപ്തരൂപം. കാരണം ഇപ്പോൾ ചില ആചാര്യന്മാർ വ്യാഖ്യാനമെഴുതിയതുണ്ടു്. വേറെ ഒരാളുടെ വ്യാഖ്യാനം കാണാനിടയായി. അതു് അവരുടേതായ സ്ററാൻറ് പോയിൻറിൽ നിന്നുകൊണ്ടാണു്. അവരുടെ എന്നുപറഞ്ഞാൽ ഭക്തിപരമായ നിലയിലാണ്. ഇതിൽ ഉപാസനാ മാർഗ്ഗമാണ് എന്നു് എനിക്കു് പറയുവാൻ സാധ്യമല്ല. അതായതു് യാതൊന്നു് ഉപാസിക്കപ്പെടുന്നുവോ അതു ബ്രഹ്മമല്ല എന്നുള്ളതാണ് ഞാൻ പഠിച്ചിട്ടുള്ളതിലെ പ്രധാന വൈററം. അപ്പോൾ അതിനനുസരിച്ച രീതിയിൽ ഈ ഉത്തരഗീത കൊണ്ടുപോകുവാൻ ഒരു പ്രയാസവുമില്ല. അവിടെ ഉപാസന കാര്യമായിട്ടു് പറയുന്നതേയില്ല. നേരേ മറിച്ചു് ഭഗവദ്ഗീതയിലാണെങ്കിൽ ഉപാസന വളരെ പ്രധാന

മാണ്. അതായത് ജ്ഞാനയോഗം പറഞ്ഞുകൊടുക്കു മ്പോഴും നീ എന്നെ പ്രാപിച്ചോ എന്നേ പറയുന്നുള്ളു. നീ നിന്റെ ആത്മാവിനെ പ്രാപിയ്ക്കു, എന്നു പറയുന്നില്ല. ഇതു് അതല്ല. അതുകൊണ്ടു് നമ്മൾ ആ നിലയിൽ പോകണം. കുറച്ചു ധൈര്യം വേണം. വളരെയധികം ഗ്രഹ പ്പിഴകൾ വന്നാൽ ആത്മാവിനോടു തന്നെ പറയുക. നീ സർവ്വശക്തനാണെന്നൊക്കെയാണെല്ലോ ഞാൻ പ ഠിച്ചിട്ടുള്ളതു്. എന്നിട്ടിപ്പോൾ എന്താണിങ്ങനെ ബലഹീനനാകുന്നതു്. ആ ബലഹീനതയൊന്നും എന്റെ യല്ലയെന്നു തീരുമാനിച്ചിരിക്കുകയാണു്. ഞാൻ അങ്ങ നെയാണു് ചെയ്യുന്നതു്. ചിലപ്പോൾ പലതരത്തി ലുള്ള ബലഹീനതയും തോന്നീട്ടുണ്ടു്. അങ്ങനെ തോന്നു മ്പോഴൊക്കെ പറഞ്ഞിട്ടുള്ളതു് ഇതാണു്. കാരണം ഇതൊന്നും എന്നെ സംബന്ധിച്ചിടത്തോളം ബാധകമല്ല. ആത്മാവു് ഇന്നതരത്തിലുള്ളതാണെന്നു് ശാസ്ത്രം പറ ഞ്ഞിട്ടുള്ളതു് ഞാൻ വിശ്വസിച്ചിരിക്കുകയാണു്. അതിൽ നിന്നു് എള്ളിട മാറണമെന്നു് ഉദ്ദേശിക്കുന്നില്ല. അതിനെ സംബന്ധിച്ചു് ആ നിലയിൽ തീർച്ചചെയ്തിരിക്കുകയാണു്.

ഇനിയും പ്രാരാബ്ധത്തെ സംബന്ധിച്ചാണെങ്കിൽ ഈ ജോലിയിൽ ഐശ്വര്യംവരുന്നതും മററും പ്രാരാബ്ധ ത്തിന്റെ തിരിച്ചടിയാണെന്നു് മനസ്സിലാക്കണം. പ്രാരാ ബ്ധം ഉത്തമപ്രാരാബ്ധമെന്നും നീചപ്രാരാബ്ധമെന്നും. രണ്ടുതരത്തിൽഉണ്ടു്. സാധാരണ ആളുകൾ വിചാരി ക്കും. കാൻസറും മററു സുഖക്കേടുകളും പിടിപ്പെട്ടു് നര കിച്ചാക്കെയിരിക്കുന്നതു് നീചപ്രാരാബ്ധമാണെന്നു് പക്ഷേ അങ്ങനെയല്ല. ഐശ്വര്യം എപ്പോൾ ഉണ്ടാ കുന്നുവോ അപ്പോൾ (ഇതു വേദാന്തികളെ സംബന്ധിച്ച ഒരു പ്രസ്താവനയാണു്. എല്ലാവർക്കും ഇതംഗീകാരമാ യിട്ടു വരണമെന്നില്ല) വിചാരിച്ചു കൊള്ളണം. നമ്മൾ

നീചപ്രാരാബ്ധത്തിൽ നില്ക്കുകയാണെന്നു്. ഈ പ്രപഞ്ചം അങ്ങനെയങ്ങുവിട്ടുകളയേണ്ട ആവശ്യമില്ല. വളരെയധികം ഗുണങ്ങളും ആനന്ദാനുഭവങ്ങളുമൊക്കെ നമുക്കു കിട്ടുന്നുണ്ടു്. അതൊക്കെ ഉണ്ടാകാവുന്നതാണു്. നമ്മൾ അലക്ഷ്യമായിട്ടു നിന്നാൽ അതു് ഉണ്ടാകത്തില്ല. അതുകൊണ്ടു് അതിനൊക്കെ കുറച്ചു് പ്രവർത്തിക്കുന്നതു കൊണ്ടു് തെററില്ല എന്നു പറയുന്നതാണു് യഥാർത്ഥത്തിലെ നീചപ്രാരാബ്ധം. അതായതു് നമ്മളെ ഈ ലോകത്തിൽ നിന്നുമുള്ള കയറു പൊട്ടിച്ചു് വെളിയിൽ പോകുവാനനുവദിക്കാതെ നമ്മളെ ഇണക്കി കൂട്ടി നമുക്കുവേണ്ടുന്നതായ പ്രോത്സാഹനങ്ങളെല്ലാം ലൗകീക ലോകത്തിനു വേണ്ടിതന്നു് അങ്ങനെ ചെയ്യുമ്പോൾ വിചാരിച്ചു കൊള്ളണം. നാം നീചപ്രാരാബ്ധത്തിലാണെന്നു്. ഉത്തമപ്രാരാബ്ധമതല്ല. എനിക്കിതിന്റെ ആവശ്യമില്ല. ഇതു എനിയ്ക്കു വേണ്ടാത്തതായ കാര്യമാണു്. പിന്നെ ഇത്രയുംനാളു് ഇതൊക്കെചെയ്തു. അതുകൊണ്ടതിന്മേലെന്തെങ്കിലും അറിയേണ്ടതായിട്ടുണ്ടെങ്കിൽ അതു് അറിഞ്ഞിട്ടു പിരിയുക എന്നു തോന്നുന്ന പ്രാരാബ്ധമുണ്ടെങ്കിൽ അതു് ഉത്തമ പ്രാരാബ്ധമാണു്. ഇതു വേണ്ടവണ്ണം ഫോളോ ചെയ്യണം. അതുകൊണ്ടു് ഞാൻ പലയിടത്തും—ആ ഫോട്ടോ സ്ററുഡിയോ അച്യുതൻ പിള്ളയുടെ അവിടെത്തന്നെ ആദ്യമായിട്ടു ചെന്നപ്പോൾ തന്നെ പറഞ്ഞു ഞാനിങ്ങനെ ഇവിടെ വരികയും ഞാൻ പറയുന്നതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്താൽ ഇപ്പോൾ കാണുന്ന പ്രാരാബ്ധം നീചപ്രാരാബ്ധമായിട്ടു തോന്നിയേക്കാം. അതുകൊണ്ടു് ധനസമൃദ്ധിയ്ക്കു വേണ്ടി മഹത്സേവ ചെയ്യുന്ന ഒരു പ്രസ്ഥാനമുണ്ടു്. അതുകിട്ടും. അതു് ഒരു ഗുണമൊന്നുമല്ല. അനവധി ഇരട്ടിഗുണത്തെ അതുചെയ്യും. കാരണമെന്താണെന്നു വച്ചാൽ ഇതങ്ങനെ നിറവുററു നില്ക്കുകയല്ലേ. അതിനകത്തു് ഒരനക്കം

വച്ചാൽ അതിന് എല്ലായിടവും അനക്കാനുള്ള ശക്തി കാണും. അങ്ങനെ വിചാരിച്ചിട്ട് എന്നെ ആ നിലയിൽ കാണരുതെന്ന അഭിപ്രായക്കാരനാണു ഞാൻ. സർവ്വപ്രപഞ്ചത്തിന്റെയും ഐശ്വര്യത്തെ വേണ്ടായെന്നു വയ്ക്കുന്നവൻമാത്രമേ മറേറതിന്റെ മേന്മ ഉണ്ടാകയുള്ളു എന്നുള്ള അഭിപ്രായമാണു്. എന്നു വിചാരിച്ച് ഇപ്പോഴം ഈശ്വരൻ തന്നിരിക്കുന്നതിനെയെല്ലാം കളയണമെന്നല്ല. പക്ഷേ അതിൽ ശ്രദ്ധകുറച്ചു—കുറച്ചെങ്കിലും ഇങ്ങോട്ടു—അതായതു് 24 മണിക്കൂറിൽ $\frac{1}{2}$ മണിക്കൂറെങ്കിലും ഇതിനു വേണ്ടി കൂടി ചിലവാക്കാൻസാധിക്കുന്നില്ലെങ്കിൽ അതുഭയങ്കര പ്രാരാബ്ധമാണു്—നീചപ്രാരാബ്ധമാണു്. അതുകൊണ്ട് അങ്ങനെയൊക്കെ കൂടിചെയ്യണം.

പിന്നെയൊരുകാര്യം കൂടി ഇവരുടെ അടുക്കൽ ഞാൻ പറയണമെന്നുദ്ദേശിച്ചിരുന്നതു് എന്റെ സാക്ഷാത്കാരത്തിന്റെ പ്രത്യേക അവസ്ഥയെപ്പററിയുള്ള സ്വല്പവിവരങ്ങളാണു്. ഞാനിപ്പോഴം സമാധിയിലിരുന്നാൽ എന്റെ ശരീരാംശങ്ങളെല്ലാം ഇല്ലാത്തതായി അനുഭവപ്പെടുന്നു. അതായതു് അങ്ങനെ ഒരു സ്ഫുരണമില്ല. അങ്ങനെ ഇല്ലതായിട്ടു് റിയലൈസ് ചെയ്തു. കാല്, കയ്യ്, തല, നെഞ്ച് ഇതൊക്കെ ഇല്ലാതാകുന്നതു് സ്ഫുരണത്തിന്റെ ശക്തി വിശേഷം കൊണ്ടാണു്. ഒരു പ്രത്യേക തരം സ്ഫുരണമുണ്ടാകുമ്പോഴം ഏതെങ്കിലുമൊരു രീതിയിൽ വച്ചിരിക്കുന്ന കൈയ്യ് അങ്ങനെ വച്ചിരിക്കുമോ ഇല്ലയോയെന്നു തോന്നുന്നില്ല. ആ കൈയ്യ് അവിടെയുണ്ടോയെന്നു തന്നെ അറിയാൻ കഴിയുന്നില്ല. അങ്ങനെയെല്ലാം സിംപ്ററസും വന്നു. അതുകൊണ്ടു് സുഷുപ്ത പുരുഷന്റെ കയ്യിലിരിക്കുന്ന പുസ്തകം അയാളുടെ കയ്യിൽ നിന്നും പോയോ ഇല്ലയോയെന്നു് അയാഠം അറിയുകയില്ലല്ലോ. അതുപോലെ എന്റെ ശരീരം എന്റെ കൈയ്യിൽ നിന്നും പോയോ ഇല്ലയോയെന്നു്

ഞാൻ അറിയാതിരിക്കുന്നതിനുള്ള ലാസ്ററ് പരിപാടി യാണ് ഞാനിപ്പോഠം ആവിഷ്കരിക്കുവാൻ ഉദ്ദേ ശിക്കുന്നതു്. അതിന്റെ ആരംഭത്തിനുള്ള സൂചനക ളെല്ലാം ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഠം ഞാൻ കുളിക്കാൻ തന്നെ പോയാൽ അതിനു പാത്രമെടുത്തു് അവിടെ കൊണ്ടുവച്ചാൽ വെള്ളമൊഴിക്ക ണമെന്നുള്ളതു് പിന്നീട് ഉദിച്ചു വരണം. അല്ലാതെ സ്വയമെ വരികയില്ല. അപ്പോഠം ആ നിലയിൽ മാറി ക്കൊണ്ടിരിക്കുമ്പോഠം ഞാൻ ചെയ്യേണ്ട ധർമ്മം എന്നി ക്കെവിടം വരെ ചെയ്യാമോ അവിടം വരെ ഞാൻ ചെയ്യു കയെന്നുള്ളതാണ്. അതുകൊണ്ട് ചിലപ്പോഠം ഒരു നല്ല വിശ്രമ കാലഘട്ടം പോലെ—ആ നിലയിൽ ഒരു ചെറി യ വിശ്രമം കൂടി കിട്ടത്തക്ക വിധത്തിൽ ബാക്കിജീവിതം ശരിപ്പെടുത്തുന്നതിനുള്ള ഒരു ചെറിയ അറേഞ്ചുമെൻറും കൂടിയാണ് ഇപ്പോഠം ചെയ്തിരിക്കുന്നതു്. മററങ്ങും പോവുകയെന്നുള്ള താല്പര്യമൊന്നുമില്ല. മററുള്ള ആളു കളെ സംബന്ധിച്ചാണെങ്കിൽ ഇതുവരെ പറഞ്ഞുകൊടു ത്തിട്ടു നന്നാകാത്തവരാണെങ്കിൽ ഇനിയും പറഞ്ഞുകൊടു ത്തിട്ടുവേണോ നന്നാകാൻ. പക്ഷേ നന്നാകാതിരുന്നിട്ടില്ല. കാരണമെന്താണെന്നു വച്ചാൽ അവർക്കിന്നിതു കേഠക്കാ തിരിക്കുവാനുള്ള ശക്തിയില്ല. അതു് ഒരു സത്യമാണ്. അങ്ങനെയൊക്കെയിരിക്കുന്നു. അതുകൊണ്ടു് ഇനിയും നമുക്കോരോരുത്തർക്കും ഓരോ ആളുകളെന്നനിലയിൽ മു ന്നോട്ടു നീങ്ങി വേണ്ടതു ചെയ്യണം.

ഞാനിത്രയും പറയുന്നതു് വേറെയൊന്നും കൊണ്ട ല്ല. ഒരു സാററിസ്ഫാക്ഷൻ എക്കൊ നമ്മുടെ പരമ്പ രയിൽ ഉണ്ടായിയെന്നു തോന്നണം എന്നുള്ളതിനു വേണ്ടിയാണ്.

ഞാൻ സ്വാമിജിയുടെ അടുത്തുചെല്ലുമ്പോൾ ഏററവും ബൃഹത്തായ ആദ്ധ്യാത്മിക കാര്യങ്ങളാണു് സംസാരിക്കുന്നതു്. ചിലപ്പോൾ ഒരു മണിക്കൂർ, ചിലപ്പോൾ ഒന്നര മണിക്കൂർ, ചിലപ്പോൾ രണ്ടുമണിക്കൂർ വരെയും സംസാരിക്കാനെടുത്തിട്ടുള്ള ഘട്ടങ്ങളുണ്ടു്. പക്ഷെ പിരിയുന്ന സന്ദർഭത്തിൽ ഇത്രയും നില്ക്കട്ടെ ഇതു ഞാൻ സാധിച്ചിട്ടു വന്നുകൊള്ളാം എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. അങ്ങനെയേ ഞാൻ ചെന്നിട്ടുമുള്ളു. സാധിക്കാൻതാമസിച്ചിട്ടുണ്ടെങ്കിൽ അത്രയും താമസിച്ചേ ഞാൻ പോയിട്ടുള്ളു എന്നു പറഞ്ഞതുപോലെ ഇതു് പിന്നീട് ആരെയും കാണിച്ചില്ലെങ്കിലും ഇതു സാധിച്ചു എന്നുള്ളതു് കേൾപ്പിക്കേണ്ടതു് ഒരാവശ്യമാണ്. പ്രായം കൂടിക്കൊണ്ടിരിക്കുകയാണ്. അധികം അങ്ങോട്ടു ചെന്നാൽ ഇത്രയും പിടിയൊന്നും കിട്ടുകയില്ല. ഭയംകൂട്ടും കോൺസൻട്രേഷൻ കുറയും. എന്നെ സംബന്ധിച്ചാണെങ്കിൽ ഞാൻ ഒരു കണ്ണാടി വച്ചാൽ ഒരു ചില്ലേയുള്ളു. അല്ലാതെ രണ്ടു കണ്ണാടിയിൽ കൂടി ഞാൻ കാണാറില്ല. അങ്ങനെയാണ് കോൺസൻട്രേഷന്റെ പ്രത്യേകത. ഇതൊക്കെ സാധാരണ സംഗതികളാണ്. കോൺസൻട്രേഷൻ അതു തനിയെവരണം. അതു വരുന്നതിനു മുമ്പായി ഭ്രൂമദ്ധ്യത്തിൽ ഒരു സ്പന്ദനം ഉണ്ടാകും. ഒരു പ്രത്യേകതരം. ആ സ്പന്ദനമങ്ങോട്ടു വരുമ്പോൾ…………………

……………………അതായതു് യോഗികൾ ആനന്ദം എന്നു പറയുന്നതു് ഭഗവതി പറഞ്ഞിട്ടുള്ളതു് ഭോഗാസക്തന്മാരായ നല്ല ആരോഗ്യമുള്ള ആളുകൾ അതിൽ ആനന്ദിച്ചാൽ ഇതിൽ ഒരെണ്ണത്തിന്റെ ഒരംശം പോലുമാകത്തില്ലയെന്നാണു്. അത്രസുന്ദരമാണു്. അപ്പോൾ പിന്നെ അതിലോട്ടൊക്കെ കേറിയാൽ ചിലപ്പോൾ മററാദായമൊക്കെ തല്ക്കാലം വേണ്ടയെന്നു തോന്നാം. അതിനു ശരീരത്തിന്റെ ആരോഗ്യമൊന്നും ഒരു പ്രശ്നമല്ല. അതുകൊ

ണ്ടാണ് ഇങ്ങനെ ഉറക്കം തൂങ്ങിയൊക്കെയിരിക്കുന്നതു് എന്നുള്ളതു് ധരിക്കണം. പിന്നെ ആരോഗ്യം കുറെയൊക്കെ നോക്കണം. അല്ലെങ്കിൽ ഈ പറഞ്ഞതു പോലെ ശ്വാസം മുട്ടലുമൊക്കെ അനുഭവപ്പെട്ടാൽ കുറേയൊക്കെ ഇറിട്ടേഷൻ തോന്നും. എന്നാൽ അതു പോലും..........

..................................................................................

കാരണം തന്നെ മറക്കുകയെന്നുള്ള അവസ്ഥയാണു്. അതു സാധിക്കാത്തതല്ല.

ഓം

തത് സത്